കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃശ്ശൂർ കോർപ്പറേഷൻ ജനറൽ വിഭാഗം

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:corptsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.സി4-808/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

കോർപ്പറേഷൻ ഓഡിറ്റ് ഓഫീസ്,

തൃശ്ശൂർ ,680001.

തീയതി:30.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ബഹുമാനപ്പെട്ട മേയർ (സെക്രട്ടറി മുഖാന്തിരം),

തൃശ്ശൂർ കോർപ്പറേഷൻ.

സർ,

വിഷയം:കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-തൃശ്ശൂർ കോർപ്പറേഷൻ 2016-17-ജനറൽ വിഭാഗം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ ജനറൽ വിഭാഗത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2ലെ 2-10എന്ന ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-3, 3-21, 3-24, 3-25, 3-33എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതു മാണ്.(കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി--പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

**പകർപ്പ്**: 1. സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം).
3. നഗരകാര്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4. റീജിയണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യ വകുപ്പ്,കൊച്ചി (ഉപരിപത്രം സഹിതം).
5. ഓഫീസ് കോപ്പി

ഉള്ളടക്കം


| ക്രമനമ്പർ | ഖണ്ഡിക | ഭാഗം | പേജ് നം. |
|---|---|---|---|
| 1 | 1.1 | ബജറ്റ് | 11 |
| 2 | 1.2 | വാർഷിക ധനകാര്യ പത്രിക | 11 |
| 3 | 1.3 | വാർഷിക കണക്കിലെ അപാകതകൾ | 11 |
| 4 | 1.4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 15 |
| 5 | 1.5 | സാമ്പത്തിക വിശകലനം | 15 |
| 6 | 1.6 | ഫണ്ട് വിനിയോഗം | 15 |
| 7 | 1.7 | പദ്ധതി അവലോകനം | 16 |
| 8 | 1.8 | തനത് വരുമാനം | 16 |
| 9 | 1.9 | ക്ഷേമ പദ്ധതികൾ | 16 |
| 10 | 1.10 | ആഭ്യന്തര നിയന്ത്രണം | 16 |
| 11 | 1.11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 17 |
| 12 | 2.1 | തൊഴിൽ നികുതി പൊതു അപാകതകൾ | 17 |
| 13 | 2.2 | തൊഴിൽ നികുതി പിരിവ് നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച- വരവ് നഷ്ടം | 18 |
| 14 | 2.3 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല -വരവിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം | 24 |
| 15 | 2.4 | തൃശ്ശൂർ നഗരസഭയിലെ കരാറുകാർ തൊഴിൽ നികുതി അടയ്ക്കുന്നില്ല | 25 |
| 16 | 2.5 | ഇ-ടെണ്ടർ ഫീ-തനത് ഫണ്ടിൽ വരവ് വരുന്നില്ല | 29 |
| 17 | 2.6 | മതിയായ കാർ പാർക്കിംഗ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കി | 30 |
| 18 | 2.7 | ഫ്ലോർ ഏരിയ റേഷ്യോ- അധിക ഫീസ് ഈടാക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു | 32 |

| | | | |
|---|---|---|---|
| 19 | 2.8 | ഡി & ഒ ലൈസൻസ് -പൊതു അപാകതകൾ | 32 |
| 20 | 2.9 | വസ്തു നികുതി പിരിവ് -പൊതുവായ നിരീക്ഷണങ്ങളും അപാകതകളും | 32 |
| 21 | 2.10 | നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം നടത്തിയില്ല- നികുതി ഇനത്തിൽ വരുമാന നഷ്ടം | 33 |
| 22 | 3.1 | ഉദ്ഘാടനത്തിന് അധികമായി നല്കിയ തുക നിരാകരിക്കുന്നു | 34 |
| 23 | 3.2 | ജിയോ ഇൻ ഫോ കോം വൈ ഫൈ-ഉദ്ഘാടനം അനൗദ്യോഗിക പ്രചാരമായി | 35 |
| 24 | 3.3 | റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് കരാർ -നഗരസഭയ്ക്ക് ഭീമമായ നഷ്ടം | 35 |
| 25 | 3.4 | നഗരസഭയുടെ കുടിവെള്ള ടാങ്കറുകൾ ശരിയാംവിധം ഉപയോഗപ്പെടുത്തുന്നില്ല | 38 |
| 26 | 3.5 | കുടിവെള്ള ടാങ്കറുകളുടെ അറ്റകുറ്റപ്പണിക്ക് കരാർ നല്കൽ -നടപടി ക്രമങ്ങൾ പാലിച്ചില്ല | 39 |
| 27 | 3.6 | കുടിവെള്ള ടാങ്കറിന്റെ അറ്റകുറ്റപ്പണി-യഥാർത്ഥ ബിൽ ഇല്ലാതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു. | 40 |
| 28 | 3.7 | ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല | 40 |
| 29 | 3.8 | വാഹനങ്ങളുടെ റിപ്പയർ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 40 |
| 30 | 3.9 | നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ | 40 |
| 31 | 3.10 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ-പൊതുവായ അപാകതകൾ | 41 |
| 32 | 3.11 | പെൻഷൻ കോൺട്രിബ്യൂഷൻ-കണ്ടിജന്റ് ജീവനക്കാർ | 42 |
| 33 | 3.12 | കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല | 42 |
| 34 | 3.13 | | |

| | | | |
|---|---|---|---|
| | | സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുന്ന ഫിക്സഡ് ഡെപ്പോസിറ്റ് രശീതികൾ സുരക്ഷിതമായി സൂക്ഷിക്കുന്നില്ല | 43 |
| 35 | 3.14 | അനുപൂരക പോഷകാഹാര പരിപാടി- ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 43 |
| 36 | 3.15 | ഐ.സി.ഡി.എസ്.സ്റ്റോക്ക് രജിസ്റ്റർ അപാകതകളില്ലാതെ പരിപാലിക്കേണ്ടതാണ് | 44 |
| 37 | 3.16 | നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽപ്രൊജക്ട് ഓഫീസർ നിർവഹിച്ച പദ്ധതികളിൽ താഴെപ്പറയുന്നവയിൽ സവിശേഷ ശ്രദ്ധ പതിയേണ്ടതാണ് | 45 |
| 38 | 3.17 | അങ്കണവാടികൾക്ക് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 45 |
| 39 | 3.18 | ആയുർവേദ മരുന്നുകൾ കൃത്യമായി ലഭിക്കുന്നില്ല | 46 |
| 40 | 3.19 | പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി തുക ചെലവഴിച്ചു | 47 |
| 41 | 3.20 | ഓഫീസ് കമ്പ്യൂട്ടറൈസേഷൻ പ്രൊജക്റ്റ് -ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങൾ സപ്ലൈ ചെയ്തിട്ടില്ല | 49 |
| 42 | 3.21 | വികസനഫണ്ടും ധനകാര്യ കമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് വെള്ളക്കരം അടവാക്കിയത് ക്രമപ്രകാരമല്ല | 50 |
| 43 | 3.22 | പെയിൻ പാലിയേറ്റീവ് പ്രൊജക്റ്റ്- മുൻകൂർ തുക നല്കി മരുന്നുകൾ ലഭ്യമായിട്ടില്ല | 51 |
| 44 | 3.23 | രാജീവ് ആവാസ് യോജന പദ്ധതി ഭവന നവീകരണത്തിന്റെഡി.പി.ആർ -ലെ അപാകത- ഗുണഭോക്താക്കൾക്ക് മുഴുവൻ വിഹിതവും നല്കിയിട്ടില്ല | 51 |
| 45 | 3.24 | അമൃത് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 52 |
| 46 | 3.25 | ഐ.എച്ച്.എസ്.ഡി.പി.പദ്ധതി | 53 |

| | | | |
|---|---|---|---|
| | | കാലാവധി കഴിഞ്ഞെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | |
| 47 | 3.26 | ഇ.എം.എസ്.ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 56 |
| 48 | 3.27 | പട്ടാളക്കുന്ന് കമ്മ്യൂണിറ്റി ഹാൾ ഉപയോഗയോഗ്യമല്ല | 57 |
| 49 | 3.28 | പറവട്ടാനി സ്റ്റോർ നിർമ്മാണം -അപാകതകൾ | 59 |
| 50 | 3.29 | പൂത്തോൾ റെയിൽവെ മേല്പ്പാലം നിർമ്മാണം- നിശ്ചലം | 61 |
| 51 | 3.30 | മണിനാടൻ കോൾപ്പടവ് പമ്പ് സെറ്റ് സ്ഥാപിക്കൽ- പദ്ധതി നടപ്പാക്കിയില്ല | 62 |
| 52 | 3.31 | കരാർ പ്രവൃത്തികളുടെ ഫോട്ടോ ഹാജരാക്കിയില്ല | 63 |
| 53 | 3.32 | ടാർ വാങ്ങിയതിനാൽ നഗരസഭയ്ക്ക് അധിക ബാദ്ധ്യത | 63 |
| 54 | 3.33 | ടാറിന് കുറവ് വില ഈടാക്കി | 64 |
| 55 | 3.34 | ടാർ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല | 65 |
| 56 | 3.35 | കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത് അടയ്ക്കുന്ന പ്രീമിയം, ലോൺ -അപാകതകൾ | 66 |
| 57 | 3.36 | റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത് അടയ്ക്കുന്ന പ്രീമിയം, ലോൺ -അപാകതകൾ | 67 |
| 58 | 3.37 | പ്രൊവിഡന്റ് വിഹിതം അടവ്- അപാകതകൾ | 68 |
| 59 | 3.38 | റോഡ് ബോണ്ട് മിക്സ് വാങ്ങൽ സംബന്ധിച്ച് | 69 |
| 60 | 3.39 | പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്കുള്ള അടവ് -അപാകതകൾ | 70 |
| 61 | 3.40 | ലൈബ്രറി സെസ്സ് അടവ് -അപാകതകൾ | 71 |
| 62 | 3.41 | തൊഴിൽരഹിതവേതന വിതരണം- അക്വിറ്റൻസ് അപാകതകൾ | 71 |
| 63 | 3.42 | സിനിമ തിയ്യേറ്ററുകളിൽ നിന്നും | 71 |

| | | | |
|---|---|---|---|
| | | പിരിച്ചെടുക്കുന്ന സെസ്സ് അടവാക്കുന്നതിലെ അപാകതകൾ | |
| 64 | 3.43 | അഡ്വാൻസ് ക്രമീകരിക്കാത്തത് സംബന്ധിച്ച് | 72 |
| 65 | 4.1 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 73 |
| 66 | 4.2 | മൊബിലൈസേഷൻ അഡ്വാൻ സ് നല്കിയത് | 75 |
| 67 | 4.3 | സ്ഥിരനിക്ഷേപങ്ങൾ | 75 |
| 68 | 4.4 | ഓഡിറ്റ് റിക്കവറി | 75 |
| 69 | 4.5 | ഓഡിറ്റ് പ്രത്യവലോകനം | 75 |
| 70 | 4.6 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 77 |
| 71 | 4.7 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 79 |

**<u>തൃശ്ശൂർ കോർപ്പറേഷൻ ജനറൽ വിഭാഗത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

1. **(1994**ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് **295(4)-**ാം വകുപ്പ് **, 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ്**13,1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2016. മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.നഗരസഭയ്ക്ക് 59 അന്വേഷണക്കുറിപ്പുകൾ നല്കിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് റിക്വസിഷൻ 17എണ്ണം നല്കിയിട്ടുണ്ട്. ഓഡിറ്റ്പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗ ത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ്റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നല്കിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ്നടത്തിയതിന്റെവിവരം</u>**

| | |
|---|---|
| ഓഡിറ്റ്നടത്തുന്നതിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.കെ.ഷാജി സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

**<u>(ബി)ഓഡിറ്റ് നടത്തിയ ജീവനക്കാർ</u>**

*<u>ഹയർഗ്രേഡ് ഓഡിറ്റ് ഓഫീസർമാർ</u>*

ശ്രീമതി.മേരിഹണിജോസഫ്

ശ്രീ.ഇ.ശശിഭൂഷൺ

*<u>ഓഡിറ്റ്ഓഫീസർ</u>*

ശ്രീമതി.മീരനായർ

*<u>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ</u>*

ശ്രീമതി.പ്രവിദ.പി.എ

ശ്രീമതി.സുധ.ഇ.എൻ

*<u>സീനിയർ ഗ്രേഡ് ഓഡിറ്റർമാർ</u>*

ശ്രീമതി.ദിവ്യ.എസ്.

ശ്രീ.അൻവർരാജ്.എം.

*<u>ഓഡിറ്റർമാർ</u>*

ശ്രീ.ജീജോജോബ്

ശ്രീമതി.വിദ്യ.ഒ.കെ.

ശ്രീമതി.ആതിര.എച്ച്

ഓഡിറ്റിന് വിനിയോഗിച്ച സമയം:-01/06/2017മുതൽ 30/09/2017വരെ

**(സി)നിർവഹണാധികാരികൾ**

| | | |
|---|---|---|
| മേയർ | ശ്രീമതി.അജിത ജയരാജൻ | 01/04/2016മുതൽ 31/03/2017വരെ |
| സെക്രട്ടറി | ശ്രീ.കെ.എം.ബഷീർ | 01/04/2016മുതൽ 10/04/2016വരെ |
| | ശ്രീ.പി.സുധാകരൻ | 11/04/2016മുതൽ 05/05/2016വരെ |
| | ശ്രീ.കെ.എം.ബഷീർ | 06/05/2016മുതൽ 03/09/2016വരെ |
| | ശ്രീ.വി.അച്യുതൻ(I/C) | 04/09/2016മുതൽ 14/10/2016വരെ |
| | ശ്രീ.ആർ.ലാലു | 15/10/2016മുതൽ 20/11/2016വരെ |
| | ശ്രീമതി.സി.ശോഭ(I/C) | 21/11/2016മുതൽ 31/01/2017വരെ |
| | ശ്രീ.എം.നിസാറുദ്ദീൻ | 01/02/2017മുതൽ 31/03/2017വരെ |

**നിർവഹണഉദ്യോഗസ്ഥർ**

| മേഖല | പേരും ഉദ്യോഗപ്പേരും | കാലയളവ് |
|---|---|---|
| കൃഷി | ശ്രീമതി.സുധ.കെ. (ഡെപ്യൂട്ടിഡയറക്ടർ ഓഫ് അഗ്രികൾച്ചർ,തൃശ്ശൂർ) | (01.04.2016മുതൽ 31.03.2017വരെ) |
| മൃഗസംരക്ഷണം | ഡോ.സുധീഷ് കുമാർ (സീനിയർ വെറ്ററിനറിസർജൻ) | (01.04.2016മുതൽ 31.03.2017വരെ) |
| മത്സ്യബന്ധനം | ശ്രീ.സുജദേവൻ വി. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | (01.04.2016മുതൽ 31.03.2017വരെ) |

| | | |
|---|---|---|
| ചെറുകിടവ്യവസായം | ശ്രീ.അജിത്കുമാർ, വ്യവസായ വികസന ഓഫീസർ | (01.04.2016മുതൽ 31.03.2017വരെ) |
| ദാരിദ്യലഘൂകരണം | ശ്രീമതി.ലളിത സി എൻ, പ്രോജക്റ്റ് ഓഫീസർ (നഗരകാര്യ ദാരിദ്യ ലഘൂകരണസെൽ,തൃശ്ശൂർ കോർപ്പറേഷൻ) | (01.04.2016മുതൽ 31.03.2017വരെ) |
| സാമൂഹ്യക്ഷേമം | ശ്രീമതി.ജയശ്രീ,സി.ഡി.പി.ഒ.I | (01.04.2016മുതൽ 31.03.2017വരെ) |
| വനിതാക്ഷേമം,ശിശുക്ഷേമം | ശ്രീമതി.മഞ്ജു,സി.ഡി.പി.ഒ.II | (01.04.2016മുതൽ 31.03.2017വരെ) |
| ആരോഗ്യം-അലോപ്പതി | ഡോ.മനോജ്, മെഡിക്കൽ ഓഫീസർ,ഒല്ലൂർ | (01.04.2016മുതൽ 31.03.2017വരെ) |
| ആരോഗ്യം-ആയുർവേദം | ഡോ.മിനിഎബ്രഹാം,മെഡിക്കൽ ഓഫീസർ,(ആയുർവേദ ഹോസ്പിറ്റൽ,ഒല്ലൂക്കര) | (01.04.2016മുതൽ 31.03.2017വരെ) |
| ആരോഗ്യം-ഹോമിയോപ്പതി | ഡോ.അനിതസോമൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി,തൃശ്ശൂർ. | (01.04.2016മുതൽ 04.07.2016വരെ) |
| | ഡോ.ബിജുമോഹൻ(ഇൻചാർജ്) മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി,തൃശ്ശൂർ. | (05.07.2016മുതൽ 23.01.2017വരെ) |
| | ഡോ.ബിന്ദു.കെ.കെ. മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി,തൃശ്ശൂർ. | (24.01.2017മുതൽ 31.03.2017വരെ) |
| വിദ്യാഭ്യാസം,കല,സംസ്കാരം,കായികം | ശ്രീമതി.ഷെർളി.കെ.സി. പ്രിൻസിപ്പാൾ,ഗവണ്മെന്റ് ഹയർസെക്കന്ററിസ്കൂൾ,അഞ്ചേരി | (01.04.2016മുതൽ 31.03.2017വരെ) |
| | ശ്രീ.വി.എ.ലാസർ, പട്ടികജാതി വികസന ഓഫീസർ,തൃശ്ശൂർ | (01.04.2016മുതൽ 05.08.2016വരെ) |
| | ശ്രീ.സുജിത് പട്ടികജാതി വികസന ഓഫീസർ,തൃശ്ശൂർ | (06.08.2016മുതൽ 21.11.2016വരെ) |
| | ശ്രീ.സുധീർ, പട്ടികജാതി വികസന ഓഫീസർ,തൃശ്ശൂർ | (22.11.2016മുതൽ 31.03.2017വരെ) |
| | ശ്രീ.എൻ.എം.നഹാസ്, കോർപ്പറേഷൻ എഞ്ചിനീയർ | (01.04.2016മുതൽ 31.10.2016വരെ) |
| | | |

| | | |
|---|---|---|
| പൊതുമരാമത്ത്,കുടിവെള്ളം,<br>ഊർജ്ജം | ശ്രീ.കെ.ടി.രാജൻ(ഇൻ-ചാർജ്),<br>കോർപ്പറേഷൻ എഞ്ചിനീയർ | (01.11.2016മുതൽ<br>30.11.2016വരെ) |
| | ശ്രീ.അജയഘോഷ്,<br>കോർപ്പറേഷൻ എഞ്ചിനീയർ | (01.12.2016മുതൽ<br>31.03.2017വരെ) |
| ശുചിത്വം,<br>മാലിന്യസംസ്കരണം | ശ്രീ.ടി.കെ.ഉപേന്ദ്രൻ<br>ഹെൽത്ത് സൂപ്പർവൈസർ,<br>തൃശ്ശൂർ കോർപ്പറേഷൻ. | (01.04.2016മുതൽ<br>30.11.2016വരെ) |
| | ശ്രീ.രാജൻ.എൻ | (01.12.2016മുതൽ<br>31.03.2017വരെ) |

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

21.03.2016 ലെ 1-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം 2016-'17 വർഷത്തെ താല്ക്കാലിക ബജറ്റ് അംഗീകരിച്ചു (തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ ഉള്ളതിനാൽ). സമഗ്രമായ ബജറ്റ് 26-08-2016 ലെ 1-ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 30-03-2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള ആകെ വരവ് പ്രാരംഭബാക്കിയുൾപ്പെടെ ₹2,30,86,77,457 ഉം, ആകെ ചെലവ് ₹1,79,65,61,597 ഉം ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 14-08-2017 |

05.08.2017ലെ 45-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരമാണ് വാർഷിക

ധനകാര്യ പത്രിക കൌൺസിൽ അംഗീകരിച്ചിട്ടുള്ളത്. നഗരസഭയുടെ 36 ബാങ്ക് അക്കൌണ്ടുകൾ റീകൺസിലിയേഷൻ നടത്തുന്നതിന് വന്ന കാലതാമസം മൂലമാണ് 31.07.2017ന് മുമ്പായി കൌൺസിൽ അംഗീകാരം സഹിതം ധനകാര്യ പത്രിക പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് സാധിക്കാതെ വന്നത് എന്ന് 10.08.2017ലെ എ5-17555/16 നമ്പർ കത്തുപ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-3 വാർഷികകണക്കിലെ അപാകതകൾ

1. 2016-17 ലെ വാർഷിക കണക്കുകൾക്കൊപ്പം നോട്ട്സ് ടു അക്കൗണ്ട്സ്(Notes to Accounts) ഹാജരാക്കിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(2)(e)പ്രകാരം നഗരസഭയുടെ വാർഷിക കണക്കുകളുടെ ഭാഗമായ നോട്ട്സ് ടു അക്കൗണ്ട്സ് വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിനാൽ മുൻവർഷത്തെ അക്കൗണ്ടിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2. 27.03.2016ലെ 3-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ 2015-16ലെ വാർഷിക കണക്കിലെ നീക്കിയിരിപ്പ് ₹ 28,33,63,665.67 ആണ്. എന്നാൽ 2016-17 വാർഷിക കണക്കിലെ മുന്നിരിപ്പ് ₹ 28,21,45,210.67 ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

3.ഷെഡ്യൂൾ ബി-4 ൽ വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് എന്നിവയിൽ ബാധ്യതയായി തുക കാണിച്ചിട്ടുണ്ട്. എന്നാൽ മേൽ ഇനങ്ങളിൽ സഞ്ചിതനിധിയിൽ നിന്നും യഥാർത്ഥത്തിൽ ചെലവായ തുക മാത്രമേ വരവായി കാണിക്കുന്നുള്ളൂ എന്നതിനാൽ അക്കൌണ്ടുകളിൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പില്ല.

4.ഷെഡ്യൂൾ ബി-5ൽ ലോൺ ഫ്രം അദർ ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന ഹെഡ്ഡിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള ₹88,73,936 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

5. ഷെഡ്യൂൾ ബി-7 ലെ ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ പരിശോധിക്കുവാൻ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6. ഷെഡ്യൂൾ ബി-9 ൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്, നഗരസഭ സെക്രട്ടറി തുടങ്ങി ട്രഷറിയിൽ നിന്നും ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവിഹിതം അടവാക്കാനുള്ളത് ബാധ്യതയായി കാണിച്ചിട്ടില്ല.

7. ഷെഡ്യൂൾ ബി-9 ൽ Advance Collection of Revenues ആയി കാണിച്ചിട്ടുള്ള തുകകൾ റസീറ്റ് & പേയ്മെന്റ് RP-29 ഷെഡ്യൂളിലെ തുകകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | ഷെഡ്യൂൾ ബി 9 പ്രകാരം (രൂപ) | ഷെഡ്യൂൾ RP 29 പ്രകാരം (രൂപ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | വസ്തുനികുതി | 8,89,716 | 8,87,851 |
| 2 | തൊഴിൽ നികുതി | 1,47,970 | 96,519 |
| 3 | ലൈസൻസ് ഫീസ് | 89,71,875 | 14,90,838 |
| 4 | റെന്റ് ഫ്രം സിവിക് അമിനിറ്റീസ് | 16,83,908 | 1,26,310 |

8.ഗുണഭോക്തൃവിഹിതം ₹1,54,23,445 ബാധ്യതയായി അവശേഷിക്കുന്നുണ്ട്. റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ 24 പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ₹1,51,01,312 ആണ്. സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

9. ഷെഡ്യൂൾ ബി-14 ൽ 2016-17 വർഷത്തെ Closing Stock – Stores ആയി കാണിച്ചിട്ടുള്ള 5,83,96,167.13 രൂപ തന്നെയാണ്, 2015-16 ലും ക്ലോസിംഗ് സ്റ്റോക്ക് ആയി കാണിച്ചിട്ടുള്ളത്. ഇത് പരിശോധിക്കാനാവശ്യമായ സ്റ്റോക്ക് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

10.ഷെഡ്യൂൾ ബി-15 ലെ റിസീവബിൾസ് പരിശോധിക്കുവാൻ ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി.തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. State Govt.Cesses / Levies in Property taxes control Account ൽ (-)1,00,00,000 രൂപ കാണിച്ചിട്ടുള്ളതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. Property taxes receivable ന് ആനുപാതികമായ തുകയായി ഇത് രേഖപ്പെടുത്തിക്കാണുന്നില്ല.

11.റസീറ്റ് & പേയ്മെന്റ് ഷെഡ്യൂളുകളിൽ നെഗറ്റീവ് തുകകൾ വരുന്നത് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

12. ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി. സംക്ഷിപ്തം ഇല്ലാത്തതിനാൽ വരവിനത്തിൽ രേഖപ്പെടുത്തിയ തുകകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

13.യഥാർത്ഥ വരവ് തന്നെ വരുമാനമായി കണക്കാക്കുന്ന ഇനങ്ങളുടെ ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് , റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുക ഒന്നായിരിക്കേണ്ടതാണ്. എന്നാൽ Profession Tax – Employees എന്ന ഹെഡ്ഡിലെ തുകകൾ രണ്ട് സ്റ്റേറ്റ്മെന്റുകളിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം(രൂപ) | ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം(രൂപ) |
|---|---|---|---|
| 1. | പ്രൊഫഷൻ ടാക്സ് എംപ്ലോയീസ് | 8,22,13,505 | 8,31,15,785 |

14. സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ വരവുചെലവുകൾ ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല.

15.കാലാവധി തീർന്ന കേന്ദ്രാവിഷ്കൃത പ്രൊജക്ടുകളായ SJSRY( അക്കൌണ്ട് നം. 38293 കനറാ ബാങ്ക്), VAMBAY
( അക്കൌണ്ട് നം. 55852), NSDP ( അക്കൌണ്ട് നം. 57991 കനറാ ബാങ്ക്) എന്നീ പ്രൊജക്ടുകളുടെ അക്കൌണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

16. Treasury Own fund 1337/2 എന്ന അക്കൌണ്ടിൽ 2016-17 സാമ്പത്തികവർഷാവസാനം ₹2,15,48,828 നീക്കിയിരിപ്പുണ്ട്. 2015-16 സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുണ്ടായ അതേ തുക തന്നെയാണ് ഇത്. തനത് ഫണ്ടിന് മറ്റൊരു ട്രഷറി അക്കൌണ്ടുള്ളപ്പോൾ ഈ അക്കൌണ്ട് നിലനിർത്തുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

17. <u>ലൈബ്രറി സെസ് അടവാക്കാനുള്ള തുകയിലെ വ്യത്യാസം സംബന്ധിച്ച്</u>

(എ) 2015-16 ലെ ബാലൻസ് ഷീറ്റ് പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ
ബാധ്യതയായി ഉണ്ടായിരുന്ന തുക :₹2,06,54,376.84

റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ 29 പ്രകാരം 2016-17 വർഷത്തിൽപിരിച്ചെടുത്ത തുക : ₹1,00,47,958

ആകെ ബാധ്യത : ₹3,07,02,334.84

2016-17 വർഷത്തിൽ ലൈബ്രറി കൗൺസിലിൽ അടവാക്കിയ തുക :₹1,57,24,468

ബാക്കി ബാധ്യതയായി അവശേഷിക്കുന്ന തുക :
₹1,49,77,866.84

(RP-29 പ്രകാരം Refund of Property tax ₹3,30,033 മാത്രമാണ്)

എന്നാൽ 2016-17 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം ₹1,62,52,166.84 ലൈബ്രറിസെസ് ഇനത്തിൽ ബാധ്യതയായി കാണുന്നു. (വ്യത്യാസം ₹12,74,300). ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ബി) ലൈബ്രറി സെസ് ഫയൽ (ഫയൽ നം.ആർ1/22374/11) പ്രകാരം 2016-17 വർഷത്തിൽ 2017 ഫെബ്രുവരി വരെ പിരിച്ചെടുത്ത ലൈബ്രറിസെസ് ലൈബ്രറി കൗൺസിലിൽ അടച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽ പിരിച്ചെടുത്ത തുക മാത്രമേ അടയ്ക്കാൻ അവശേഷിക്കുന്നുള്ളൂ. റസീറ്റ് & പേയ്മെന്റ് ആർ.പി.-37 പ്രകാരം 2016-17 വർഷത്തിൽ പിരിച്ചെടുത്ത ആകെ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ ₹20,45,33,995(153077396+51456599) മാത്രമാണ്. ആയതിനാൽ ലൈബ്രറി സെസ് ഇനത്തിൽ ഇത്രയും തുക ബാധ്യതയായി വന്നത് വിശദീകരിക്കേണ്ടതാണ്.

18. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-19 പ്രകാരം Deposit Work – Expenditure എന്ന ഹെഡ്ഡിൽ ₹36,17,546 ആസ്തിയായി കാണിച്ചിട്ടുണ്ട്. മേൽ തുക ഏതൊക്കെ പ്രവൃത്തികൾക്കായി ഏതെല്ലാം വകുപ്പുകളിൽ നിക്ഷേപിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കേണ്ടതാണ്.

മേൽ അക്കൗണ്ടിന്റെ ലഡ്ജറിൽ വൗ.നം.21501181 തീയതി 09/06/15 പ്രകാരം 25ലക്ഷം രൂപ ആസ്തിയിനത്തിൽ കാണിച്ചിട്ടുണ്ട്. ഇത് Refunding to Electricity Section against deposit done by them

towards Poothole Ov. എന്നാണ് വിശദീകരണത്തിൽ കാണുന്നത്. മേൽ തുക യഥാർത്ഥത്തിൽ ആസ്തിയിനത്തിൽ ഉൾപ്പെടുത്തേണ്ടതാണോ എന്ന് പരിശോധിക്കേണ്ടതാണ്.

19. പ്രൊജക്റ്റ് നം.SO615/17(ഫയൽ DW2-29698/16) പ്രകാരം 2016-17 വർഷത്തിൽ നഗരസഭയിൽ കുടിവെള്ള ടാങ്കറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ 410500105Tankers എന്ന ഹെഡ്ഡിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

20. 2015-16 വർഷത്തെ ബാലൻസ് ഷീറ്റിൽ Advance Collection of Revenue – Property Tax ഇനത്തിൽ ലഭിച്ച ₹1,850/- രൂപ 2016-17 Property Tax Receivables(Current) എന്ന ലെഡ്ജറിൽ ക്രെഡിറ്റ് ചെയ്തതായി കാണുന്നില്ല.

21. ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിലെ 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വസ്തുനികുതി പിരിവ്, Receivable for Property Tax(Current) എന്ന അക്കൗണ്ടിൽ ഉൾപ്പെടുത്തി കാണുന്നില്ല.

22. ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-1 പ്രകാരം 2016-17 വർഷത്തിൽ വസ്തുനികുതി പിരിച്ചെടുക്കാനുള്ളത് 20 കോടി രൂപയാണ്. റസീറ്റ് & പേയ്മെന്റ് പ്രകാരം പിരിച്ചെടുത്ത വസ്തുനികുതി ₹15,30,77,396 ആണ്. അതായത് ബാക്കി പിരിച്ചെടുക്കാനുള്ള വസ്തുനികുതി ₹4,69,22,604 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-15 പ്രകാരം പിരിച്ചെടുക്കാനുള്ള വസ്തുനികുതി ലൈബ്രറി സെസ് അടക്കം 1,30,84,839 രൂപ മാത്രമാണ്.

അതുപോലെ ഇൻകം & എക്സ്പൻഡിച്ചർ പ്രകാരം Receivables for Property Tax – Institution/Professionals/Traders(Current) എന്ന ഹെഡ്ഡിൽ തൊഴിൽ നികുതി പിരിച്ചെടുക്കാനുണ്ടായിരുന്നത് 2കോടിയാണ്. റസീറ്റ് & പേയ്മെന്റ് ആർ.പി.-37പ്രകാരം പിരിച്ചെടുത്ത തുക 1,78,02,969 രൂപയാണ്. ബാക്കി പിരിച്ചെടുക്കാനുള്ള തൊഴിൽനികുതി ₹21,97,031 മാത്രമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-15 പ്രകാരം പിരിച്ചെടുക്കാനുള്ള തൊഴിൽ നികുതി ₹1,02,33,686 ആണ്.

23. ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-8(171100100) Interest from Bank Account എന്ന ഹെഡ്ഡിൽ വരുമാനമായി ₹90,40,980 കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ PMAY, SBM, RAY, AYYANKALI മുതലായ ബാധ്യത അക്കൗണ്ടുകളിൽ നിന്നുള്ള പലിശയും വരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നു.

24. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം കണക്കാക്കുന്ന പല നികുതി ഇനങ്ങളുടെയും വരവ്, ആസ്തി ഹെഡിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ആർ.പി.1 പ്രകാരം ഇൻകം ഹെഡ്ഡിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

ഉദാ:- 1. Property Tax-General (110010100)

2. Profession Tax – Institution/Professional/Traders (110100100)

3. Advertisement Tax (110110100)

25. ബാലൻസ് ഷീറ്റ് B-7 Deposit Received എന്ന ഷെഡ്യൂളിൽ ബാധ്യതയായി ബാക്കി നിൽക്കുന്ന തുക, കഴിഞ്ഞ വർഷത്തെ ബാലൻസ് തുക + തൻവർഷത്തെ രസീറ്റ് - തൻവർഷത്തെ പേയ്മെന്റ് എന്നതായിരിക്കണം. എന്നാൽ താഴെ ചേർക്കുന്ന ഇനങ്ങളുടെ ബാലൻസ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | 2015-16 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക (രൂപ) | 2016-17 ൽ ലഭിച്ചത്(രൂപ) | 2016-17ൽ തിരികെ നൽകിയത്(രൂപ) | 2016-17 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബാധ്യത(രൂപ) | വ്യത്യാസം(രൂപ) |
|---|---|---|---|---|---|
| 340100201 | 2,24,44,352 | 85,750 | 19,150 | 2,25,05,602 | 5,350 |
| 340100301 | 1,50,64,156 | - | 12,23,584 | 1,31,99,227 | 6,41,345 |
| 340100302 | 12,34,980 | - | - | 12,02,299 | 32,681 |
| 340200100 | 2,21,76,110 | 45,16,668 | 59,238 | 2,59,84,588 | 6,48,952 |
| 340800100 | 11,09,46,933.74 | 18,20,748 | 1,03,752 | 9,63,48,444.74 | 1,63,15,484 |

# 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വിശേഷണങ്ങളോട് കൂടിയ സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ ഖണ്ഡിക 4-7 ആയി ചേർത്തിട്ടുണ്ട്.

# 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28,21,45,210.67 രൂപ |
| വരവ് | 1,40,16,17,347 രൂപ |
| ആകെ | 168,37,62,557.67 രൂപ |
| ചെലവ് | 120,25,94,360 രൂപ |
| നീക്കിയിരിപ്പ് | 48,11,68,197.67 രൂപ |

# 1-6 ഫണ്ട് വിനിയോഗം

| ക്രമനം. | ഫണ്ട് ഇനം | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | വിനിയോഗ ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് – പൊതുവിഭാഗം | 25,09,50,632 | 13,93,01,185 | 55.5 |
| 2 | വികസന ഫണ്ട് – എസ്.സി.പി. | 8,66,70,610 | 560,52,215 | 64.67 |
| 3 | 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 28,92,69,139 | 14,87,33,421 | 51.42 |
| 4 | സംരക്ഷണ ഗ്രാന്റ് | 16,56,61,014 | 10,10,46,449 | 60.99 |
| 5. | കേന്ദ്രാവിഷ്കൃത ഫണ്ട് | 8,42,14,212 | 3,28,13,288 | 38.96 |

| | | | | |
|---|---|---|---|---|
| 6. | തനത് ഫണ്ട് + ജനറൽ പർപ്പസ് ഫണ്ട് | 88,23,43,220 | 74,40,00,234 | 84.32 |
| | | | | |

# 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത്(എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 625 | 235 | 364 | 26 | 37.6 |

# 1-8 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (രൂപ) | തൻവർഷം (രൂപ) | വ്യത്യാസം(രൂപ) | ശതമാനം(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 31,04,88,589 | 35,02,51,295 | 3,97,62,706 | +13 |
| നികുതിയേതരവരവുകൾ | 13,56,64,274 | 21,29,17,291 | 7,72,53,017 | +57 |
| മറ്റ് വരവുകൾ | 17,40,69,861 | 13,39,16,765 | 4,01,53,096 | -24 |
| ആകെ | 62,02,22,724 | 69,70,85,351 | 7,68,62,627 | +12 |

# 1-9 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽ രഹിതവേതനം | 530 | 9,71,880 |
| കർഷകതൊഴിലാളിപെൻഷൻ | 1717 | ലഭ്യമല്ല |
| വിധവാപെൻഷൻ | 8428 | ലഭ്യമല്ല |
| വാർദ്ധക്യകാലപെൻഷൻ | 16150 | ലഭ്യമല്ല |
| വികലാംഗപെൻഷൻ | 2048 | ലഭ്യമല്ല |
| അമ്പത് വയസു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1378 | ലഭ്യമല്ല |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 43 | 12,90,000 |

# 1-10 ആഭ്യന്തര നിയന്ത്രണം

തൊഴിൽനികുതി,വസ്തുനികുതി,ഡി& ഒലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് ആഭ്യന്തരനിയന്ത്രണത്തിലെ കാര്യക്ഷമതയില്ലാത്തതിന്റെ തെളിവാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ,തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2016മുതൽ 22.07.2016വരെ | 2015-16 | നം.25/A2/2016/RPAW തി.24.10.2016 |
| അക്കൗണ്ടൻറ് ജനറൽ | 02.05.2017 മുതൽ 13.06.2017 വരെ | 2016-17 | LBA(HQ)III/8A-2648/17-18/79 |

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി-പൊതുഅപാകതകൾ

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 247പ്രകാരം നഗരസഭാ പ്രദേശത്ത് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ,കമ്പനികൾ, മറ്റ് സ്ഥാപനങ്ങൾ,അവിടത്തെ ജീവനക്കാർ എന്നിവർ തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. സെക്ഷൻ 253പ്രകാരം,സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസുമൂലം ഓരോ ഓഫീസ് മേധാവിയോടും സെക്ഷൻ 252പ്രകാരം തൊഴിൽനികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും,തന്റെ നിയന്ത്രണത്തിൽ കീഴെയുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും,മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും (3)ഉപവകുപ്പ് പ്രകാരം നൽകിയ വിവരങ്ങൾ കൈപ്പറ്റിയാലുടൻ സെക്രട്ടറി,ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.ഇപ്രകാരം ഓരോ സ്ഥാപനത്തിനും സെക്ഷൻ 257പ്രകാരം, പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ അടവ്തുക വരവ് വെയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽനികുതിയുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 252(3) പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ വരുമാന പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2.തൊഴിൽ നികുതി അടവാക്കേണ്ട നോട്ടീസിനൊപ്പം നൽകുന്ന നിശ്ചിത പ്രൊഫോർമയിലുള്ള തൊഴിൽ നികുതി പട്ടികയിലെ ഇനങ്ങളായ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, ബോണസ്, സറണ്ടർ ലീവ് വേതനം, മറ്റ് അലവൻസുകൾ എന്നിവ രേഖപ്പെടുത്താതെ മിക്ക

സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്ന രീതി കാണുന്നു. ഇപ്രകാരം രേഖപ്പെടുത്തുമ്പോൾ ശരിയായ സ്ലാബിൽ തന്നെയാണോ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതെന്ന് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

3.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് മൂലം പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക എത്രയാണെന്ന് കണക്കാക്കാൻ പറ്റാതെ വരുകയും ഇപ്രകാരമുള്ള കുടിശ്ശിക പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരുകയും പിരിച്ചെടുക്കാത്ത കുടിശ്ശിക മൂന്ന വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യുന്നു. ആയതിനാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവ്-നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച–വരവിൽ നഷ്ടം.

തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ തൃശ്ശൂർ നഗരസഭ വീഴ്ച വരുത്തുന്നുണ്ട്. പല ജീവനക്കാരും ശമ്പളതോത് അനുസരിച്ച് തൊഴിൽ നികുതി അടയ്ക്കേണ്ട തുക പൂർണ്ണമായും അടച്ചിട്ടില്ല. ശമ്പളതോത് അനുസരിച്ച് തൊഴിൽ നികുതി പൂർണ്ണമായും അടവാക്കാത്തവരുടെ എണ്ണത്തിൽ ഈ വർഷത്തിൽ വർദ്ധനവ് സംഭവിച്ചിട്ടുണ്ട്. തൊഴിൽ നികുതി പത്രികകൾ തൃശ്ശൂർ നഗരസഭയിൽ പരിശോധിച്ച് അതിലെ കൃത്യത ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തുന്നു. അതിനാൽ നിയമപരമായി ലഭിക്കേണ്ടുന്ന തൊഴിൽ നികുതി നഗരസഭയ്ക്ക് ലഭിക്കുന്നില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിക്കുന്നില്ല.ആയതിനാൽതന്നെ വാർഷികകണക്കിലെ തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 254(1) പ്രകാരം സെക്രട്ടറി ഓരോ അർദ്ധവർഷവും ഓരോ ഓഫീസ് മേധാവിയോടും സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി അടവാക്കാൻ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ തൃശ്ശൂർ നഗരസഭ പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ 2016-’17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരുമാന പത്രിക പരിശോധിച്ചതിൽ ചുവടെ പറയുന്നവരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട തൊഴിൽ നികുതിക്ക് പകരം കുറവ് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 28/08.08.2017 നൽകി. അതേത്തുടർന്ന് തൊഴിൽ നികുതി അടച്ചതിൽ കുറവ് വന്ന തുക ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചതായി സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി അടച്ചതിൽ കുറവ് വന്ന തുക സംബന്ധിച്ച പട്ടിക

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | തസ്തിക | ആകെ വരുമാനം | അടവാക്കിയ തൊഴിൽ നികുതി (രൂപ) | അടവാക്കേണ്ടിയിരുന്ന തൊഴിൽ നികുതി (രൂപ) | കുറവ് അടവാക്കിയത് (രൂപ) | രസീത് നമ്പർ/ തീയതി/ തുക |
|---|---|---|---|---|---|---|---|---|
| 1 | കെ.എ.ഐ. റേഡിയോ ലിമിറ്റഡ് | ശ്രീ.ജോജോ. എം.ഒ. | നെറ്റ് വർക്ക് എഞ്ചിനീയർ | 1,38,324 | 250 | 1,250 | 1,000 | 116081-00264/ 02.09.2015 1,250/- |
| 2 | കെ.എ.ഐ. റേഡിയോ ലിമിറ്റഡ് | ശ്രീ. ഗോകുൽ.ഐ. | മ്യൂസിക് എഞ്ചിനീയർ | 1,31,076 | 250 | 1,250 | 1,000 | 116081-00264/ 02.09.2015 1,250/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | കെ.എ.ഐ. റേഡിയോ ലിമിറ്റഡ് | ശ്രീ. ലിജീഷ്.കെ.ബി. | അഡ്മിൻ | 1,31,442 | 250 | 1,250 | 1,000 | 116081-00264/ 02.09.2015 1,250/- |
| 4 | കെ.എ.ഐ. റേഡിയോ ലിമിറ്റഡ് | ശ്രീ. സുജിത്ത്. ഇ. | സൗണ്ട് എഞ്ചിനീയർ | 1,33,032 | 250 | 1,250 | 1,000 | 116081-00264/ 02.09.2015 1,250/- |
| 5 | കെ.എ.ഐ. റേഡിയോ ലിമിറ്റഡ് | ശ്രീ. ഷെറിൻ ഷാജി.വി.തോമസ് | പ്രൊഡ്യൂസർ | 1,33,182 | 250 | 1,250 | 1,000 | 116081-00264/ 02.09.2015 1,250/- |
| 6 | ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ | ശ്രീ. അശ്വിൻ തോമസ് | ഡെമോൺസ്റ്റേറ്റർ | 75,200 | 600 | 750 | 150 | 116065-00073/ 01.09.2016 |
| 7 | എച്ച്.ഡി.ബി. ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | ശ്രീ. ജീജോ. സി.ആർ. | സീനിയർ സെയിൽസ് ഓഫീസർ | 1,02,662 | 750 | 1,000 | 250 | 116003-1178, 1179 37,430/- 20.10.2016 |
| 8 | എച്ച്.ഡി.പി. ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | ശ്രീ. അഭിലാഷ്. എ.വി. | സീനിയർ സെയിൽസ് ഓഫീസർ | 1,06,897 | 750 | 1,000 | 250 | 116003-1178, 1179 37,430/- 20.10.2016 |
| 9 | ആപ്റ്റ് ഔട്ട് സോഴ്സിംഗ് സൊല്യൂഷ്യൻസ് പ്രൈ. ലിമിറ്റഡ് | ശ്രീ. നോയൽ ആന്റണി ജോൺ | മാസ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 46,552 | 300 | 450 | 150 | 116003-0948 4,550/- |
| 10 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻ ഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. ആനന്ദ് ലക്ഷ്മി നാരായണൻ | റീജിയണൽ ഹെഡ്ഡ് | 1,44,410 | 1,000 | 1,250 | 250 | 116085/00968 46,990-/ |
| 11 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. ഡാനി യൽ. ഇ.എം. | സീനിയർ ബ്രാഞ്ച് മാനേജർ | 75,345 | 450 | 750 | 300 | 116085/00968 46,990-/ |
| 12 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. നാരായണൻകെ.കെ. | റീജിയണൽ ഹെഡ്ഡ് | 1,28,300 | 1,000 | 1,250 | 250 | 116085/00968 46,990-/ |
| 13 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. പ്രശാന്ത്. കെ.ജെ. | ക്ലസ്റ്റർ ഹെഡ്ഡ് | 1,01,086 | 180 | 1,250 | 1,070 | 116085/00968 46,990-/ |
| 14 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. സജന ദാസ്. വി.എസ്. | ഓഫീസ് അസിസ്റ്റന്റ് | 40,028 | 180 | 300 | 120 | 116085/00968 46,990-/ |
| 15 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. ബിമൽ. കെ.എച്ച്. | ഡയറക്ടർ | 1,50,000 | 1,000 | 1,250 | 250 | 116085/00284 49,080-/ |
| 16 | അഹല്യ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീമതി. ഗീതു. ടി.ജി. | സീനിയർ അക്കൗണ്ടന്റ് | 64,007 | 300 | 600 | 300 | 116085/00284 49,080-/ |
| 17 | ഐ.സി.ഐ.സി.ഐ. ബാങ്ക്, കിഴക്കെ കോട്ട | ശ്രീ.ടോം ജോർജ് | മാനേജർ സെയിൽസ് | 1,60,000 | 600 | 1,250 | 850 | 116055-00326 10/2016 6,560/- 07.10.2016 |
| | | ശ്രീ. ടൈറ്റസ്.വൈ. | ഡ്രൈവർ ഗ്രേഡ് | 64,234 | 450 | 600 | 150 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 18 | ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ, തൃശ്ശൂർ | | -2 | | | | | 21044<br>11,050/- |
| 19 | കേരള ഗ്രാമീൺ ബാങ്ക്. നടുവിലാൽ, തൃശ്ശൂർ | ശ്രീമതി. സേതുലക്ഷ്മി. പി. | ഒ.എ.എസ്.ടി. | 1,26,237 | 1,000 | 1,250 | 250 | 116055-00188/<br>09/2016/<br>8,500/-<br>03.09.2016 |
| 20 | ദ ന്യൂഇന്ത്യ അഷ്വുറൻസ് കോ-ഓപറേറ്റീവ് ലിമിറ്റഡ്, തൃശ്ശൂർ | ശ്രീ. വി.എസ്. പ്രഭാശങ്കർ | ഡി.ഇ.വി. ഓഫീസർ | 79,991 | 725 | 750 | 25 | 116002-1146,116003-0640/<br>22,975/- |
| 21 | മുനിസിപ്പൽ കോർപ്പറേഷൻ. തൃശ്ശൂർ | ശ്രീ. തമ്പി.പി. | ഒ.എ. | 2,71,410 | 1,000 | 1,250 | 250 | 116051-10025,26/<br>08/2016 |
| 22 | എ.ഡി. എന്റർപ്രൈസസ് | ശ്രീമതി. പുഷ്പ.കെ. | ഹെമ്മിംഗ് സ്റ്റാഫ് | 45,000 | 300 | 450 | 150 | 116085/00726<br>02/2016<br>3,350/-<br>24.02.2016 |
| 23 | എ.ഡി. എന്റർപ്രൈസസ് | ശ്രീമതി. ഇ.വി. രുഗ്മിണി | ഹെമ്മിംഗ് സ്റ്റാഫ് | 45,000 | 300 | 450 | 150 | 116085/00726<br>02/2016<br>3,350/-<br>08.02.2016 |
| 24 | ആകിസ്സ് ബാങ്ക്, തൃശ്ശൂർ | ശ്രീ.പ്രണവ്.എം.പി. | ഓഫീസർ -ബി.ഡി.ഇ. | 1,00,000 | 908 | 1,000 | 82 | 116055-00308<br>10/16<br>01.10.2016 |
| 25 | കെ.എസ്. ആർ.ടി.സി. | ശ്രീ. സുജിത്ത് സുന്ദരം | കണ്ടക്ടർ | 1,16,220 | 750 | 1,000 | 250 | 116085-00895<br>10/16<br>5,41,150/-<br>28.02.2017 |
| 26 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ.ജയദേവൻ.കെ. | - | 1,04,355 | 750 | 1,000 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 27 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ.ജിതിൻ വർഗ്ഗീസ്.സി. | - | 61,858 | 450 | 600 | 150 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 28 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ.മനീഷ്.കെ.എം. | - | 1,00,094 | 750 | 1,000 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 29 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ.മനീഷ്.യു.എം. | - | 1,03,041 | 750 | 1,000 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 30 | കൊഡാക് മഹീന്ദ്ര ബാങ്ക്, | ശ്രീ. രഞ്ജിത്ത് | - | 19,592 | 0 | 180 | 150 | 116085-00928 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഡി പി പ്ലാസ | | | | | | | 3/17<br>16,420/-<br>02.03.2017 |
| 31 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീമതി. സന്ധ്യ.വി.ആർ. | - | 1,26,714 | 1,000 | 1,250 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 32 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ. ശാന്താറാം.എസ്. | - | 1,10,832 | 450 | 1,000 | 550 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 33 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ.സുവേക് | - | 86,129 | 600 | 750 | 150 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 34 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ. ഗോപകുമാർ നാഗത്ത് | - | 89,704 | 600 | 750 | 150 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 35 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ. ജോജി ജേക്കബ് | - | 1,83,468 | 1,000 | 1,250 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 36 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ. കൃഷ്ണദാസ്.കെ.കെ. | - | 1,03,554 | 750 | 1,000 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 37 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീ. മനേഷ്.ടി | - | 1,01,772 | 750 | 1,000 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 38 | കൊഡാക് മഹീന്ദ്ര ബാങ്ക്, ഡി പി പ്ലാസ | ശ്രീമതി. ഉണ്ണിമായ. എസ്. | - | 71,417 | 750 | 1,000 | 250 | 116085-00928<br>3/17<br>16,420/-<br>02.03.2017 |
| 39 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീമതി. ശ്രീവിദ്യ.വി. | സീനിയർ എക്സിക്യൂട്ടീവ് | 1,28,080 | 1,000 | 1,250 | 250 | 10/16 രണ്ടാം പകുതി<br>03170<br>13,320 |
| 40 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ. വിപിൻ.പി.എസ്. | എ.പി.എം. | 1,02,243 | 750 | 1,000 | 250 | 10/16 രണ്ടാം പകുതി<br>03170<br>13,320 |
| 41 | ശ്രീറാം ട്രാൻസ്പോർട്ട് | ശ്രീ. ഉണ്ണികൃഷ്ണൻ.കെ. | സീനിയർ | 76,070 | 600 | 750 | 150 | 10/16 രണ്ടാം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | | എക്സിക്യൂട്ടീവ് | | | | | പകുതി 03170 13,320 |
| 42 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ.ഡെൻസൻ ജോർജ്ജ് | സീനിയർ പി.ഇ. | 75,237 | 600 | 750 | 150 | 10/16 രണ്ടാം പകുതി 03170 13,320 |
| 43 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ. മനീഷ്.സി.എം. | സീനിയർ പി.ഇ. | 62,520 | 450 | 600 | 150 | 10/16 രണ്ടാം പകുതി 03170 13,320 |
| 44 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ.മഹേഷ്.എം. | ജെ.പി.ഇ. | 75,070 | 600 | 750 | 150 | 10/16 രണ്ടാം പകുതി 03170 13,320 |
| 45 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ. സച്ചിൻ സ്റ്റാൻലി | ജെ.പി.ഇ. | 48,155 | 300 | 450 | 150 | 10/16 രണ്ടാം പകുതി 03170 13,320 |
| 46 | ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഓഫീസ് | ശ്രീമതി. സുമ.കെ.കെ. | എം.ടി.എസ്. | 1,41,564 | 1,000 | 1,250 | 250 | 116085-00921 3/17 1,23,000/- രണ്ടാം പകുതി) 01.03.2017 |
| 47 | കൊഡാക് സെക്യൂരിറ്റീസ് | ശ്രീ. സുഭാഷ്.എസ്. | അസിസ്റ്റന്റ് മാനേജർ | 1,28,380 | 1,000 | 1,250 | 250 | 116065-00140 11/16 8,661/- 30.11.2016 |
| 48 | വിവേകോദയം ബോയ്സ് ഹൈസ്കൂൾ | ശ്രീമതി. ജലജ.കെ. | എച്ച്.എസ്.എ. കണക്ക് | 1,21,808 | 750 | 1,000 | 250 | 4/16 21,750/- 16.04.2016 |
| 49 | വിവേകോദയം ബോയ്സ് ഹൈസ്കൂൾ | ശ്രീ. അനൂപ്. കെ.പി. | എച്ച്.എസ്.എ. ഇംഗ്ലീഷ് | 1,21,808 | 750 | 1,000 | 250 | 4/16 21,750/- 16.04.2016 |
| 50 | വിവേകോദയം ബോയ്സ് ഹൈസ്കൂൾ | ശ്രീമതി. രമ്യ മോഹൻ.കെ. | യു.പി. സ്കൂൾ അസിസ്റ്റന്റ് | 1,21,808 | 750 | 1,000 | 250 | 4/16 21,750/- 16.04.2016 |
| 51 | വിവേകോദയം ബോയ്സ് ഹൈസ്കൂൾ | ശ്രീമതി. രേവതി.കെ.പി. | ഹൈസ്കൂൾ അസിസ്റ്റന്റ് | 1,21,808 | 750 | 1,000 | 250 | 4/16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ഇംഗ്ലീഷ് | | | | | 21,750/-<br>16.04.2016 |
| 52 | ഐ.ഐ.സി.ഐ., ഈസ്റ്റ് ഫോർട്ട് | ടോം ജോർജ്ജ് | മാനേജർ | 1,60,000 | 600 | 1,250 | 650 | 116055-00326<br>7.10.16<br>6.560/- |
| 53 | പഞ്ചാബ് നാഷണൽ ബാങ്ക്,കുറുപ്പം റോഡ്, തൃശ്ശൂർ | മനേഷ്. പി.എസ്. | ക്യാഷ് പ്യൂൺ | 1,39,674 | 750 | 1,250 | 500 | 116003-0611<br>30.08.16<br>12,750/- |
| 54 | പഞ്ചാബ് നാഷണൽ ബാങ്ക്,കുറുപ്പം റോഡ്, തൃശ്ശൂർ | ദീപ.ഒ.ബി. | സ്വീപ്പർ | 1,19,940 | 750 | 1,000 | 250 | |
| 55 | തിരുവമ്പാടി ദേവസ്വം ഓഫീസ് | കെ.സുരേഷ് | എൽ.ജി. | 1,04,640 | 750 | 1,000 | 250 | 116071-10952<br>09/16<br>08.09.2016 |
| 56 | തിരുവമ്പാടി ദേവസ്വം ഓഫീസ് | ടി.കെ.രാനാഥൻ | എൽ.ജി. | 1,02,240 | 750 | 1,000 | 250 | 116071-10952250<br>09/16<br>08.09.2016 |
| 57 | തിരുവമ്പാടി ദേവസ്വം ഓഫീസ് | പി. പ്രഭാകരൻ | എൽ.ജി. | 1,02,240 | 750 | 1,000 | 250 | 116071-10952<br>09/16<br>08.09.2016 |
| 58 | തിരുവമ്പാടി ദേവസ്വം ഓഫീസ് | എം.ബി.നന്ദകുമാർ | എൽ.ജി. | 1,02,240 | 750 | 1,000 | 250 | 116071-10952<br>09/16<br>08.09.2016 |
| 59 | എ.ഡി.എന്റർപ്രൈസസ്, വി.ജെ.എം. കോംപ്ലക്സ്, പൂത്തോൾ റോഡ് | പുഷ്പ.കെ.കെ. | ഹെമ്മിംഗ് സ്റ്റാഫ് | 45,000 | 300 | 450 | 150 | 116003-1481<br>08.02.17<br>3,350/- |
| 60 | എ.ഡി.എന്റർ പ്രൈസസ്, വി.ജെ.എം. കോംപ്ലക്സ്, പൂത്തോൾ റോഡ് | ഇ.വി. രുഗ്മിണി | ഹെമ്മിംഗ് സ്റ്റാഫ് | 45,000 | 300 | 450 | 150 | 116003-1481<br>3,350/-<br>08.02.2017 |
| 61 | കെ.എസ്. ആർ.ടി.സി. | ശ്രീ. ദനീഷ്.എം.കെ. | ഡ്രൈവർ ഗ്രേഡ് 2 | 1,10,818 | 600 | 1,000 | 400 | 116085250-00318<br>5,08,750/-<br>1-ാം അർദ്ധവർഷം 30.09.2016 |
| 62 | കെ.എസ്. ആർ.ടി.സി. | ശ്രീ. കലീഷ്.എ.എസ്. | ഡ്രൈവർ ഗ്രേഡ് 2 | 1,10,818 | 600 | 1,000 | 400 | 116085-00318<br>5,08,750/-<br>1-ാം അർദ്ധവർഷം 30.09.2016 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 63 | കെ.എസ്.<br>ആർ.ടി.സി. | ശ്രീ.പ്രബിൻ പ്രഭാകരൻ | കണ്ടക്ടർ | 1,19,688 | 600 | 1,000 | 400 | 116085-00318<br>5,08,750/-<br>1-ാം<br>അർദ്ധവർഷം<br>30.09.2016 |
| 64 | കെ.എസ്.<br>ആർ.ടി.സി. | ശ്രീ.ഉണ്ണിക്കൃഷ്ണൻ.പി.കെ. | ഡ്രൈവർ<br>ഗ്രേഡ് 2 | 1,10,818 | 600 | 1,000 | 400 | 116085-00318<br>5,08,750/-<br>1-ാം<br>അർദ്ധവർഷം<br>30.09.2016 |
| 65 | കെ.എസ്.<br>ആർ.ടി.സി. | ശ്രീ.അൻസാൻ.പി.എൽ. | കണ്ടക്ടർ | 1,47,178 | 750 | 1,250 | 500 | 116085-00318<br>5,08,750/-<br>1-ാം<br>അർദ്ധവർഷം<br>30.09.2016 |
| 66 | സുധർമ്മ<br>മെട്രോപൊളീസ്<br>ഹെൽത്ത് സർവ്വീസസ് | ശ്രീ. സെബാസ്റ്റ്യൻ<br>ജോസ് | - | 1,50,024 | 1,000 | 1,250 | 250 | 11606500307<br>02/17<br>54,750/-<br>28.02.2017 |
| 67 | സുധർമ്മ<br>മെട്രോപൊളീസ്<br>ഹെൽത്ത് സർവ്വീസസ് | ശ്രീ. രാജൻ.പി.വി. | - | 82,998 | 600 | 750 | 150 | 11606500307<br>02/17<br>54,750/-<br>28.02.2017 |
| 68 | സുധർമ്മ<br>മെട്രോപൊളീസ്<br>ഹെൽത്ത് സർവ്വീസസ് | ശ്രീമതി.<br>സതീദേവി.എ.പി. | - | 1,43,310 | 750 | 1,250 | 500 | 11606500307<br>02/17<br>54,750/-<br>28.02.2017 |
| 69 | സ്വപ്ന തീയേറ്റർ | ശ്രീ.വി.കെ.<br>മോഹൻദാസ്, | ഓപ്പറേറ്റർ | 79,308 | 600 | 750 | 150 | 116085-<br>00695<br>03/17<br>5,700/-<br>15.03.2017 |
| 70 | ഡെപ്യൂട്ടി ഡയറകടർ<br>ഓഫ് കൊളീജ്യേറ്റ്<br>എഡ്യൂക്കേഷൻ, തൃശ്ശൂർ | ശ്രീ.വിപിൻ.പി.ബി. | ക്ലർക്ക് | 1,26,660 | 1,000 | 1,250 | 250 | 116061-09632<br>09.02.17<br>35,500/- |
| 71 | സെന്റ്.ആൻസ്<br>സി.ജി.എച്ച്.<br>സ്കൂൾ, വെസറ്റ്ഫോർട്ട് | ശ്രീമതി. ഷാനി<br>സൈമൺ | യു.പി.എസ്.എ. | 78,924 | 600 | 750 | 150 | 116003-1723<br>21.02.17<br>51,600/- |
| 72 | വെർടെക്സ്<br>സെക്യൂരിറ്റീസ് ലിമിറ്റഡ് | ശ്രീ. റൈസൺ.ഇ.ഡി. | മാനേജർ | 62,442 | 450 | 600 | 150 | 23351<br>07.03.17 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 900/- |
| 73 | രാമദാസ് മൂവീ ഹൗസ് | ശ്രീ.പി.എസ്. സൂര്യകുമാർ | ചീഫ് ഓപ്പറേറ്റർ | 1,35,724 | 1,000 | 1,250 | 250 | 116003-2422<br>31.03.17<br>12,350/- |
| ആകെ | | | | | | | 23,047 | |

# 2-3 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല - വരവിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം

2016-'17 വർഷത്തിൽ തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ കൃത്യത നഗരസഭ ഉറപ്പുവരുത്തുന്നില്ല. ഒന്നാം അർദ്ധ വർഷത്തിലും രണ്ടാം അർദ്ധ വർഷത്തിലും ഒരേ സ്ഥാപനത്തിലെ തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. അതിനാൽ ഇവിടെ നിന്നും പിരിച്ചെടുക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത ഉറപ്പാക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 45/30.08.2017 നൽകുകയുണ്ടായി.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടക്കുന്ന ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലെയും എണ്ണത്തിലെ വ്യത്യാസം സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി അടക്കുന്ന ജീവനക്കാരുടെ എണ്ണത്തിലെ വ്യത്യാസം സൂചിപ്പിക്കുന്ന പട്ടിക

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധം അടച്ച തുക | രസീത് നം./ തീയതി | ജീവനക്കാരുടെ എണ്ണം | രണ്ടാം അർദ്ധം അടച്ച തുക | രസീത് നം./തീയതി | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | ജോയ്സ് പാലസ് | 11322 | 11608/ 21912/ 07.11.2012 | 28 | 31150 | 116051-27115/ 30.03.2017 | 47 |
| 2 | മാനേജർ, സതേൺ ദക്ഷിണ റെയിൽവേ | 328400 | 11608500/ 18.11.2016 | 262 | 457750 | 11606500331/ 01.03.2017 | 340 |
| 3 | പാട്രിയേറ്റ് ഏവിയേഷൻ കോളേജ് | 43690 | 11603519/ 15.10.2016 | 98 | 7650 | 116081-36659/ 28.03.2017 | 9 |
| 4 | വെറ്ററിനറി ഹോസ്പിറ്റൽ | 1263 | 11608500362/ 19.10.2016 | 1 | 10500 | 116081-35789 | 22 |
| 5 | യു.എ.ഇ. എക്സ്ചേഞ്ച് ഫിനാൻഷ്യൽ സർവ്വീസസ് | 6780 | 1160850020209/ 31.08.2016 | 13 | 14300 | 11606500347,46/ 03.03.2017 | 26 |
| 6 | ടി.വി. സുന്ദരം അയ്യങ്കാർ & സൺസ് | 1860 | 11608117488/ 26.09.2016 | 13 | 1500 | 1/6081-31074/ 17.02.2017 | 6 |
| 7 | എച്ച്. സി.ബി. ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് | 3780 | 1160812074,73/<br>20.10.2016 | 47 | 110410 | 117010500016/ 29.04.2017 | 146 |
| 8 | ഐ വിഷൻ ഐ ഹോസ്പിറ്റൽ | 28160 | 1160815791/ 29.08.2016 | 44 | 30200 | 116081-33288/ 03.03.2017 | 22 |
| 9 | സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്റർ | 67770 | 116055002676869/ 18.11.2016 | 110 | 181150 | 11605500583,85,84,61/16.02.2017 | 181 |
| 10 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഈസ്റ്റ് ഡിവിഷൻ | 204500 | 11608500142/ 22.08.2016 | 164 | 203500 | 11606500247/<br>20.02.2017 | 70 |
| 11 | ഡോമിനോസ് പിസ (ജൂബിലിയന്റ് ഫുഡ് വർക്ക്) | 8410 | 116060097/ 20.09.2016 | 19 | 7790 | 116055-00814/14.05.2017 | 11 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | കാനറാ ബാങ്ക് | 28250 | 11608500285,73/ 01.10.2016 | 23 | 24500 | 116055-00836/18.03.2017 | 7 |
| 13 | സി.എം.എസ്. ഹൈസ്കൂൾ | 38750 | 11608113686/ 12.08.2014 | 47 | 40000 | 11608131619/ 21.7.2017 | 32 |
| 14 | സി.എം.എസ്.യു.പി. സ്കൂൾ | 20000 | 11608113689/ 12.08.2016 | 31 | 20000 | 11608131618/ 21.07.2017 | 16 |
| 15 | ഹോട്ടൽ ലൂസിയ പാലസ് | 19880 | 1160511689/ 26.09.2016 | 47 | 22490 | 116051-25111/15.03.2017 | 68 |
| 16 | കെ.എസ്.ബി.സി. ഷോപ്പ് | 13800 | 1160511224/ 29.09,28/10 | 13 | 6250 | 11608129916/ 09.02.2017. | 7 |
| 17 | ഡാമിയൽ സബ്സിഡയറീസ് / കുറീസ് ലിമിറ്റഡ് | 5150 | 1160815089,88/ 29.08.2016 | 7 | 1950 | 11605121495/ 16.07.2017 | 3 |
| 18 | റിലയൻസ് നിപ്പൺ ലൈഫ് ഇൻഷ്വറൻസ് | 31490 | 1160810086,79/ 01.09.2016 | 36 | 23430 | 116085-01279,80 | 21 |
| 19 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | 630 | 1160815347/ 31.08.2016 | 2 | 11980 | 116085-01286/30.03.2017 | 15 |
| 20 | ബി.എസ്.എൻ.എൽ, തൃശ്ശൂർ | 12500 | 1160650075/ 01.09.2016 | 16 | 32500 | 116085-00246/20.07.2017 | 26 |
| 21 | റെഡ് ലാന്റ് ആഷ് ലിൻ മോട്ടോർ | 33550 | 11606500619/ 30.09.2016 | 62 | 25050 | 116085-01297/30.03.2017 | 48 |
| 22 | സീതാറാം ആയുർവേദ & അലോപ്പതി | 6780 | 11608500276/ 29.09.206 | 15 | 8250 | 116051-26184/24.03.2017 | 30 |
| 23 | എ.ഡി.ഇ.സി.സി.ഒ. ഇന്ത്യാ പ്രൈവറ്റ് ഇൻകോ. | 108760 | 11607500181/ 31.09.2010 | 186 | 137710 | 116055-00820/15.03.2017 | 204 |
| 24 | വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ | 147400 | 116081-17524,525/ 26.09.2016 | 222 | 196980 | 116051-24590,91/ 10.03.2017 | 288 |
| 25 | ടൂറിസം ഓഫീസ്, ഡി.ടി.ഡി.സി. | 7000 | 116071-10134/29.08.2016 | 18 | 0 | | 0 |
| 26 | പുളിമൂട്ടിൽ സിൽക്ക്സ് | 60984 | 116085-00352/15.10.2016 | 135 | 76850 | 116085-01166/23.03.2017. | 163 |
| 27 | കല്യാൺ ജ്വല്ലേഴ്സ് | 172350 | 116075-00150/18.08.2016 | 151 | 157850 | 116085-00858/24.02.2017 | 137 |
| 28 | കെ.എസ്.എഫ്.ഇ. ഹെഡ്ഓഫീസ് | 192450 | 116055-00264/28.09.2016 | 159 | 226850 | 116055-00892/23.03.2017 | 184 |
| 29 | ഹോളി ഫാമിലി സ്കൂൾ എൽ.പി. & യു.പി. | 3500 | 116081-18072/29.09.2016 | 3 | 35000 | 116051-22091/20.02.2017 | 28 |
| 30 | കേരള ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഓഫീസ് | 112250 | 116084-00044/22.08.2016 | 91 | 123000 | 116085-00921/01.03.2017 | 105 |
| 31 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ | 75000 | 11608800132/ 17.08.2016 | 61 | 49000 | 11606500245/ 20.02.2017 | 96 |
| 32 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഗ്രികൾച്ചറൽ സെക്ഷൻ | 31200 | 0801/16/89664/30 | 27 | 12500 | | 11 |

# 2-4 തൃശ്ശൂർ നഗരസഭയിലെ കരാറുകാർ തൊഴിൽ

# നികുതി അടയ്ക്കുന്നില്ല.

തൃശ്ശൂർ നഗരസഭയിൽ നിർമ്മാണപ്രവൃത്തികൾ കരാർ ഏറ്റെടുത്ത് നടത്തുന്ന വ്യക്തികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല. കരാർ രജിസ്റ്റർ പ്രകാരമുള്ള 113 കരാറുകാർ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 36/10.08.2017 നൽകുകയുണ്ടായി. അതിന് മറുപടിയായി പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി മറുപടി നൽകുകയുണ്ടായി. തൊഴിൽ നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>തൊഴിൽ നികുതി അടവാക്കാത്ത കോൺട്രാക്ടർമാരുടെ പേരുകൾ</u>

1.ശ്രീ.ഗോപി

2.ശ്രീ.കെ.ജെ. ഷാജിമോൻ

3.ശ്രീ.ഇ.ജി. സുരേഷ്

4.ശ്രീ.ബിജു. എം.ബി.

5. ശ്രീ.ടി.വി. സുന്ദരൻ

6. ശ്രീ.ടി.എൽ. റപ്പായി

7. ശ്രീ.അജയകുമാർ

8. ശ്രീ.ടി.ജെ. ജോസഫ്

9. ശ്രീ.വേണുഗോപാലൻ

10. ശ്രീ.എൻ.കെ. വിനോദൻ

11. ശ്രീ.എം.ജി. പോൾസൺ

12. ശ്രീ.കെ.ഒ. പോൾ

13. ശ്രീ.സൈമൺ വിൻസന്റ്

14. ശ്രീ.ടി.എൻ.എൻ. കുമാർ

15. ശ്രീമതി.കെ.എസ്. വിമല

16. ശ്രീ.അബ്ദുൾ സലിം

17. ശ്രീ.കെ.വി. ലോനപ്പൻ

18. ശ്രീ.വിജി ഷാജു

19. ശ്രീ.കെ.പി. ജയ്സൺ

20. ശ്രീമതി.ഹസീന. കെ.എം.

21. ശ്രീ.എ.വി. ജോൺസൺ

22. ശ്രീ.ലിജോ മഞ്ഞപ്രക്കാനം

23.ശ്രീ.എൻ. ഉണ്ണികൃഷ്ണൻ

24. ശ്രീ.വി.ആർ. നിതിൻ

25. ശ്രീ.ടി.സി. തിമോത്തി

26. ശ്രീ.കെ.ഒ. റാഫി

27. ശ്രീ.അഫ് സാത്ത്. എം.എം.

28. ശ്രീ.വി.ജി. വേണുഗോപാൽ

29. ശ്രീ.ടി.എൻ. സുരേഷ്

30. ശ്രീ.എം.ഒ. ഡേവിസ്

31. ശ്രീ.എം.ജി. പോൾസൺ

32. ശ്രീ.അബ്രഹാം ഊക്കൻ

33. ശ്രീ.ഇ.സി. ബൈജു

34. ശ്രീ.അനീഷ് കുമാർ. സി.

35. ശ്രീ.എം.എസ്. രാധാകൃഷ്ണൻ

36. ശ്രീ.കെ.കെ. ഹൈദരാലി

37. ശ്രീ.കെ.പി. റാഫേൽ

38. ശ്രീ.കെ.ഒ. ജോസ്

39. ശ്രീ.പി. നാരായണൻ കുട്ടി

40. ശ്രീ.കെ.എ. ഫ്രാൻസിസ്

41. ശ്രീ.അനന്തരാമൻ. ടി.പി.

42. ശ്രീ.പി.കെ. സുരേഷ്

43. ശ്രീ.സി.വി. രാജേഷ്

44. ശ്രീ.പി.പി. വർഗ്ഗീസ്

45. ശ്രീ.കെ.വി. ഷാജു

46. ശ്രീ.പി.പി. പ്രവീൺ

47. ശ്രീ.എൻ.എം. ചാക്കോ

48. ശ്രീ.ഷൈൻ ജോർജ്ജ്

49. ശ്രീ.കെ.എം. ശ്രീകുമാർ

50. ശ്രീ.ടോംസ്. കെ.എം.

51. ശ്രീ.അജയ് പോൾ

52. ശ്രീ.റോയ്.കെ.പി.

53. ശ്രീ.പി.ടി. ജിൽസൺ

54. ശ്രീ.ടി.കെ. ഡേവിസ്

55. ശ്രീ.ടി.എ. ജോഷി

56. ശ്രീ.പി. ചന്ദ്രൻ

57. ശ്രീ.പി.ടി. ഡാനിയേൽ

58. ശ്രീ.ഡബ്ല്യൂ.എ. ഡോൺസൺ

59. ശ്രീ.ബാബു ജോയ്

60. ശ്രീ.രമേഷ്. കെ.ജി.

61. ശ്രീ.കെ.എൽ. റപ്പായി

62. ശ്രീ.ഇ. രമേഷ്

63. ശ്രീ.മുഹമ്മദ് ഹസ്സൻ. പി.സി.

64. ശ്രീ.കെ.ആർ. റിക്സൺ

65. ശ്രീ.സി.വി. സന്തോഷ്

66. ശ്രീ.ജയശങ്കർ

67. ശ്രീ.പി. മോഹനൻ

68. ശ്രീ.സി.വി. സന്തോഷ്

69. ശ്രീ.ബിജു. കെ.എ.

70. ശ്രീ.എൻ.എ. ഡോൺസൺ

71. ശ്രീ.ആനന്ദ്. ടി. താഴത്ത്

72. ശ്രീ.കെ.ഒ. ബെന്നി

73. ശ്രീ.ടിവിൻ ലൂയിസ്

74. ശ്രീ.പി.ഒ. ബൈജു

75. ശ്രീ.ആർ. രഘുനാഥൻ പിള്ള

76. ശ്രീ.സി.ആർ. ജോസ്

77. ശ്രീ.അജിത്ത്. പി.പി.

78. ശ്രീ.ജോൺ.എ. ആലപ്പാട്ട്

79. ശ്രീ.സിനോജ്.ബി. ദേവസ്സി

80. ശ്രീ.വി.വി.ജോർജ്ജ്

81. ശ്രീ.പി.എം.മോഹനൻ

82. ശ്രീ.പി.ഒ.ബിജു

83. ശ്രീ.മുഹമ്മദാലി വി.എ.

84. ശ്രീ.മിജോയ് മാമ്മൻ കോടഞ്ചേരി

85. ശ്രീ.മുഹമ്മദ് ബുക്കാരി

86. ശ്രീ.ഹബീബ് മുഹമ്മദ് കെ.എച്ച്.

87. ശ്രീ.കെ.വി.ദിലീപ് കുമാർ

88. ശ്രീ.എം. രാമചന്ദ്രൻ

89. ശ്രീ.സെനിൽ ഹൈദർ കെ.എച്ച്.

90. ശ്രീ.ഹിരൺ ടി.ആർ

91. ശ്രീ.എം.ഗോജിൻ

92. ശ്രീ.കെ.ഒ.വർഗ്ഗീസ്

93. ശ്രീ.കെ.വി.ശ്രീവൽസൻ

94. ശ്രീ.എം.സുബിൻ

95. ശ്രീ.ഇ.സി. ലൈജു

96. ശ്രീ.പി.വി. രാമചന്ദ്രൻ

97.ശ്രീ.കെ.എ.മുഹമ്മദ്

98.ശ്രീ.സോജൻ ജോർജ്ജ്

99.ശ്രീ.കെ.ജി.രമേഷ്

100.ശ്രീ.എം. വി. അരവിന്ദാക്ഷൻ

101.ശ്രീ.പി.പി.പോൾ

102.ശ്രീ.ജോസ് എ.ഒ.

103.ശ്രീ.ഹെൻറി സെബാസ്റ്റ്യൻ

104.ശ്രീ.പി.എൽ. ആന്റണി

105.ശ്രീ.പി.എൽ.വിൻസെന്റ്

106.ശ്രീ.ടി.ആർ.സുരേഷ് കുമാർ

107.ശ്രീ.ബിജു ടോം

108.ശ്രീ.ജോർജ്ജ് കെ എൽ

109.ശ്രീ.ജിതിൻ ജോസ്

110.ശ്രീ.നടരാജ് പിള്ള

111.ശ്രീമതി.എൻ.എ.ശാന്ത

112.ശ്രീ.ആന്റോ ടി.എൽ.

113.ശ്രീ.കെ.പി.ജോഷി

മേല്പറഞ്ഞ കരാറുകാരിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ നഗരസഭാ പരിധിയിൽ ജോലി /തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവർ തൊഴിൽനികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കാത്തതിനാൽ വരവിനത്തിൽ ലക്ഷങ്ങളുടെ കുറവ് നഗരസഭക്ക് സംഭവിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ-ടെൻഡർ ഫീ തനത് ഫണ്ടിൽ വരവ് വരുന്നില്ല

തൃശ്ശൂർ കോർപ്പറേഷനിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡർ സമർപ്പിക്കുന്നവരിൽ നിന്നും സ്വീകരിക്കുന്ന ഇ.എം.ഡി, എഗ്രിമെന്റ് ഓഫ് കോൺട്രാക്ട് അപ് ലോഡ് ചെയ്യുന്ന സമയത്ത് ഓട്ടോമാറ്റിക്കായി ബിഡ്ഡേഴ്സിന്റെ അക്കൗണ്ടിലേക്ക് തിരികെ പോകുന്ന സംവിധാനമാണ് നിലവിലുള്ളത്. ഇ-ടെൻഡർ ഫീ സ്വീകരിക്കുന്നതിനായി നവംബർ 2014 ൽ അക്കൗണ്ട് നമ്പർ 67296459912 എസ്.ബി.ടി. ആയി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നില്ല. 31-03-2017ൽ ഈ അക്കൗണ്ടിൽ ₹2899356 നീക്കിയിരിപ്പുണ്ട്. ഈ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

## 2-6 മതിയായ കാർപാർക്കിംഗ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി.

a) അബ്ദുൾ റസാക്ക്, മംഗള മുതൽ പേരുടെ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, DW3/BA/112/14-15 Dtd.29/04/2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 34 പ്രകാരം ഗണം എഫ്-ൽപ്പെട്ട വാണിജ്യ/കച്ചവട കെട്ടിടങ്ങൾക്ക്, ആകെ കാർപ്പറ്റ് വിസ്തീർണ്ണം 1000 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടത്തിന് ഓരോ 75 ചതുരശ്ര മീറ്റർ കാർപ്പറ്റ് വിസ്തീർണ്ണത്തിനും ഒരു പാർക്കിംഗ് സ്ഥലം ആവശ്യമാണ്. മേൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കാർപറ്റ് ഏരിയ 725.81 ച.മീ.ആണ്. ആയത് പ്രകാരം മേൽ കെട്ടിടത്തിന് 75 ചതുരശ്ര മീറ്ററിന് ഒന്ന് എന്ന തോതിൽ പത്ത് കാർപാർക്കിംഗ് സ്ഥലങ്ങൾ ആവശ്യമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം ബേസ്മെന്റ് ഫ്ലോറിൽ 6ഉം മെക്കാനിക്കൽ പാർക്കിംഗ് സിസ്റ്റത്തിൽ 4 ഉം ആയി 10 പാർക്കിംഗ് സ്ഥലങ്ങളാണുള്ളത്.

കെട്ടിടം നേരിൽ പരിശോധിച്ചപ്പോൾ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള മെക്കാനിക്കൽ പാർക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടില്ല. കൂടാതെ ബേസ്മെന്റ് ഫ്ലോറിൽ 6 കാറുകൾ പാർക്ക് ചെയ്യുവാൻ പ്രായോഗികമായി ബുദ്ധിമുട്ടാണ് എന്നും കണ്ടു.




കെട്ടിടത്തിൽ മെക്കാനിക്കൽ പാർക്കിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ല.



ബേസ്മെന്റ് കാർപാർക്കിംഗ്

ആയതിനാൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കാർപാർക്കിംഗ് സൗകര്യങ്ങൾ കെട്ടിടത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) ശ്രീ.ബിനോയ് ഫ്രാൻസിസ്, പൂവത്തിങ്കൽ, നേതാജി റോഡ്, കിഴക്കേക്കോട്ട എന്നയാളുടെ

കൊമേഴ്സ്യൽ വിഭാഗത്തിൽപ്പെട്ട കെട്ടിടത്തിന് DW3/BA/257/15-16 Dtd.18/01/2017 പ്രകാരം കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 244.23 ച.മീ.ആണ്. ആയത് പ്രകാരം മേൽ കെട്ടിടത്തിന് 244.23/75 = 4 പാർക്കിംഗ് സ്ഥലം ആവശ്യമാണ്. എന്നാൽ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 3 കാർപാർക്കിംഗ് സ്ഥലം മാത്രമാണുള്ളത്. മേൽ കാർ പാർക്കിംഗ് സ്ഥലങ്ങളിൽ ഒരെണ്ണം കെട്ടിടത്തിനുള്ളിലായാണ് കംപ്ലീഷൻ പ്ലാൻ പ്രകാരം കാണുന്നത്.

കെട്ടിടം നേരിൽ പരിശോധിച്ചപ്പോൾ കെട്ടിടത്തിനുള്ളിലെ കാർപാർക്കിംഗ് സ്ഥലം ഷട്ടർ ഘടിപ്പിച്ച് കടമുറിയായി മാറ്റിയിരിക്കുന്നതായി കണ്ടു.



കടമുറിയായി മാറ്റിയ പാർക്കിംഗ് സ്ഥലം

മേൽ അപാകതൾ സംബന്ധിച്ച് എൻക്വയറി 58 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന് ആവശ്യമായ കാർപാർക്കിംഗ് ഉറപ്പുവരുത്താതെ കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചത് ക്രമവിരുദ്ധമാണ്. കംപ്ലീഷൻ പ്ലാനിന് വിരുദ്ധമായി കെട്ടിടത്തിൽ മാറ്റം വരുത്തിയ നടപടിയും നിയമവിരുദ്ധമാണ്. ആയതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്നതിന് അനുസൃതമായ മാറ്റങ്ങൾ ടി കെട്ടിടത്തിൽ വരുത്തുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഫ്ലോർ ഏരിയ റേഷ്യോ - അധികഫീസ് ഈടാക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു.

DW3/BA/112/14-15

Abdul Razak Mangala & Others എന്നയാളുടെ ഉടമസ്ഥതയിലുള്ള മേൽ കെട്ടിടത്തിന് 20/09/2016 ന് Partial Occupancy യും 29/04/2017 ന് Final Occupancy Certificate ഉം നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഫ്ലോർ ഏരിയ റേഷ്യോ 2.64ആണ്(1171.80/445). ഈ കെട്ടിടം ഗണം F ൽ ഉൾപ്പെട്ടതായതിനാൽ അധിക ഫീസില്ലാതെ അനുവദനീയമായ FAR 2.5ഉം, ₹3,000/- അധിക

ഫീസോട്ടുകൂടി അനുവദനീയമായ FAR 4ഉം ആണ്. ഈ കെട്ടിടത്തിന്റെ അനുവദനീയമായ തറവിസ്തീർണ്ണം 1112.5ച.മീ.ആണ്. അധികമായുള്ള തറവിസ്തീർണ്ണത്തിന് (1171.8 – 1112.5 = 59.3) ₹177900 (59.3 x 3000) ഫീസ് ഈടാക്കേണ്ടതാണ്.

എന്നാൽ ഈയിനത്തിൽ അധികഫീസ് ഈടാക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത് സംബന്ധിച്ച് എൻക്വയറി നമ്പർ 58 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ് -പൊതു അപാകതകൾ

കോർപ്പറേഷന്റെ കീഴിലുള്ള വിവിധ സോണലുകൾ, വാർഡുകൾ എന്നിവയുടെ ഡി & ഒ ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ അപേക്ഷകൾ കൃത്യമായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.ആയതിനാൽ വാർഷിക കണക്കുപ്രകാരമുള്ള തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

അപേക്ഷകൾ കൃത്യമായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതാണ്.

2010 ലാണ് ബൈലോ അവസാനമായി രൂപീകരിച്ചിട്ടുള്ളത്. ആയതിന് കൗൺസിലിന്റെ അംഗീകാരം മാത്രമാണ് ഉള്ളത്. സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 വസ്തുനികുതി പിരിവ് - പൊതുവായ നിരീക്ഷണങ്ങളും അപാകതകളും

01.04.2013 മുതൽ നഗരസഭയിൽ പുതിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നത് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പഴയ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പഴയനിരക്കിലാണ് വസ്തുനികുതി ചുമത്തിയിട്ടുള്ളത്. പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയായിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന് മുൻപ് 2012-13 വരെയുള്ള നികുതി കുടിശ്ശികയുടെ പൂർണ്ണവിവരങ്ങൾ കൃത്യമാക്കി "സഞ്ചയ" ആപ്ലിക്കേഷനിൽ നല്കേണ്ടതുണ്ട്. എന്നാൽ തൃശ്ശൂർ നഗരസഭയിൽ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന നികുതിയും) ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ടതായ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ തൻവർഷത്തെ ശരിയായ വസ്തുനികുതി ഡിമാന്റ് തുകയോ, കുടിശ്ശികയുടെ വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങളോ വ്യക്തിഗത നികുതിദായകരുടെ കുടിശ്ശികയുടെ വിവരങ്ങളോ ലഭ്യമല്ല.

മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ വാർഷിക ധനകാര്യപത്രികകൾ പ്രകാരമുള്ള വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവയുടെ ആധികാരികത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

<u>വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് , കളക്ഷൻ, ബാലൻസ്</u>

| ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം 2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് ( രൂപ) | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം 2016-17 വർഷത്തെ വസ്തു നികുതി പിരിവ്( രൂപ) | 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ള തൻവർഷ വസ്തുനികുതി (ലൈബ്രറി സെസ് ഉൾപ്പെടെ)( രൂപ) |
|---|---|---|
| 20,00,00,000 | 15,30,77,396 | 1,30,34,839 |

യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തൻവർഷ വസ്തുനികുതി എന്നത് 2016-17 ലെ വസ്തുനികുതി ഡിമാന്റിൽ നിന്നും 2016-17 ലെ തൻവർഷ വസ്തുനികുതി പിരിവ് കുറച്ച സംഖ്യയാണ്. അതായത് 20,00,00,000-15,30,77,396= 4,69,22,604. ഈ തുകയും അതിന്റെ ലൈബ്രറി സെസ്സും ചേർന്ന തുകയാണ് പിരിച്ചെടുക്കുവാനുള്ള തൻവർഷ തുകയായി ബാലൻസ് ഷീറ്റിൽ കാണേണ്ടത്. ഈ അപാകത ഓഡിറ്റ് അന്വേഷണം 54/16-17 തീയതി 23-09-2017 പ്രകാരം നഗരസഭയെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല.(എൻക്വയറി നം.54/16-17)

ഇത്തരം അപാകതകൾ കുടിശ്ശിക നികുതിയുടെ കാര്യത്തിലും കാണാവുന്നതാണ്. 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ്ഷീറ്റ് പ്രകാരം പിരിച്ചെടുക്കേണ്ടതായ മുൻവർഷ കുടിശ്ശിക നികുതി (-)1,83,79,042 ആണെന്നു കാണുന്നു. ഈ അപാകത പരിഹരിക്കുവാൻ നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ ആയത് പരിഹരിച്ചതായി അറിയിച്ചിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2015-16 വർഷത്തെ വസ്തുനികുതി ഡിമാന്റ് തുക എന്നത് 14,99,67,288 രൂപയാണ്. 2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് തുക 20 കോടി രൂപയാണ്. ഡിമാന്റിൽ ഏകദേശം 5 കോടി രൂപ വർദ്ധന ഉണ്ടായിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകളുടെ അഭാവത്തിൽ മേൽ ഡിമാന്റ് ശരിയാണോ എന്നത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ ഇത്തരത്തിലുള്ള അപാകതകളും ആവശ്യമായ രജിസ്റ്ററുകളുടെ അഭാവവും മൂലം വസ്തുനികുതി ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച വ്യക്തമായ ഒരു വിലയിരുത്തൽ സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

ആയതിനാൽ മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 2-10 <u>നഗരസഭയിൽ വസ്തുനികുതി പരിഷ്ക്കരണം നടത്തിയില്ല- വസ്തുനികുതിയിനത്തിൽ വരുമാനനഷ്ടം</u>

2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പ്രകാരം എല്ലാ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്ക്കരണം

01.04.2013 പ്രാബല്യത്തിൽ നടപ്പിൽവരുത്തേണ്ടതാണ്. ജി.ഒ.(എം.എസ്) നം.144/15/തസ്വഭവ. തീയതി 27/04/2015 പ്രകാരം തറവിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികമുള്ള വീടുകൾക്ക് നിലവിലുള്ള വസ്തുനികുതിയുടെ പരമാവധി 25% ശതമാനം വരെ വർദ്ധനവ് വരുത്താവുന്നതാണ്. എന്നാൽ ഘടനാപരമായി മാറ്റം വരുത്തിയ വീടുകളെ പുതിയ കെട്ടിടങ്ങൾ എന്ന നിലയിൽ പരിഗണിച്ച് പുതിയ ചട്ടങ്ങളനുസരിച്ച് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഘടനാപരമായി മാറ്റിയില്ലെങ്കിലും ഏറ്റവും ഒടുവിലെ വസ്തുനികുതി പുനർനിർണ്ണയത്തിന് ശേഷം ടി കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത ഭാഗത്തിന് പുതിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. അതുപോലെ, തറവിസ്തീർണ്ണാടിസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ ആയത് പരമാവധി 100% വരെ ആകാവുന്നതാണ്. പുതിയ നിർമ്മാണം ഉണ്ടെങ്കിൽ ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്.

എന്നാൽ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം ഇപ്പോഴും പ്രാരംഭ ദശയിൽത്തന്നെയാണ്. ഭരണസമിതിയുടെ 22-11-2011 ലെ 65-ാം നമ്പർ തീരുമാനപ്രകാരം തൃശ്ശൂർ നഗരസഭയെ അടിസ്ഥാന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. റോഡുകളെ ഒന്നാം തരം, രണ്ടാംതരം, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ചും, വസ്തുനികുതി നിരക്കുകളും R1/8109/11 Dtd.24.05.2013 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഫോം-6 ൽ ശേഖരിച്ചിട്ടുണ്ട് .

എന്നാൽ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നാളിതുവരെ പുന്യനിർണ്ണയിച്ചിട്ടില്ല. പുതിയ കെട്ടിടങ്ങൾക്ക് മാത്രമേ തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വസ്തുനികുതി ചുമത്തുന്നുള്ളൂ. തന്മൂലം നഗരസഭയ്ക്ക് ന്യായമായും ലഭിക്കേണ്ട വസ്തുനികുതി വരുമാനം ലഭിക്കാതെ പോകുന്നു.

ആയതിനാൽ ഫോം6 പ്രകാരമുള്ള പുതുക്കിയ വസ്തു നികുതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട അസസ്മെന്റ് രജിസ്ററുകൾ എഴുതി പൂർത്തിയാക്കേണ്ടതും മേൽ വിവരങ്ങൾ "സഞ്ചയ" യിൽ എത്രയും വേഗം സന്നിവേശിപ്പിച്ച് സഞ്ചയ – സാംഖ്യ സംയോജനം നടത്തേണ്ടതുമാണ്. ഈ വിഷയത്തിൽ അധികാരികളുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഉദ്ഘാടനത്തിന് അധികമായി നൽകിയ തുക നിരാകരിക്കുന്നു.

ജി.ഒ.(ആർ.ടി.) 3866/2015/ത.സ്വ.ഭ.വ. തീയതി, 28.12.2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടന ചടങ്ങുകൾക്ക് 10,000/- രൂപയും തനത് ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകിയതായും പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ തൃശ്ശൂർ നഗരസഭയിൽ 2016-17 സാമ്പത്തികവർഷത്തിൽ താഴെ ചേർത്തിരിക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് പരിധിയിൽ കൂടുതലായി 1,92,710/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ചെലവിന്റെ വിശദ വിവരം | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാവുന്ന തുക (രൂപ) | അധികം ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| <u>ദിവാൻജിമൂല മേൽപാലം നിർമ്മാണ ഉദ്ഘാടനം</u> | | | |
| ഫയൽ നം. - PW.3-21115/16<br>വൗച്ചർ നം. - 21602354/03.10.2016<br>ചെക്ക് നം. - 469648/03.10.2016 | 1,83,610/- | 25,000/- | 1,58,610/- |
| <u>മലയാള മനോരമ ജംഗ്ഷനിൽ പുതിയതായി നിർമ്മിച്ച കൾവർട്ട് ഉദ്ഘാടനം</u> | | | |
| ഫയൽ നം. - PW.3-21178/16<br>വൗച്ചർ നം. - 21602353/03.10.2016<br>ചെക്ക് നം. - 469648/03.10.2016 | 44,100/- | 10,000/- | 34,100/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.23/04.08.2017ആയി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച 1,92,710/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-2 ജിയോ ഇൻഫോകോം വൈ ഫൈ-ഉദ്ഘാടനം അനൌദ്യോഗിക പ്രചാരണമായി

ഫയൽ നം-PW5-9757/15

തൃശ്ശൂർ നഗരസഭാ പ്രദേശത്ത് റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്വകാര്യ കമ്പനി വൈ ഫൈ സ്ഥാപിക്കുവാൻ തൃശ്ശൂർ കോർപ്പറേഷൻെറ അനുമതി നേടിയിരുന്നു. ഇതേ തുടർന്ന്, നഗരസഭയുമായി കരാറിലേർപ്പെട്ടതിന് ശേഷം OFC കേബിൾ വലിക്കുകയും പോളുകൾ സ്ഥാപിക്കുകയും ചെയ്തു.

PW5-9757/15/20.6.16 നമ്പറായുള്ള കോർപ്പറേഷൻ എഞ്ചിനീയറുടെ നടപടിഉത്തരവിൽ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിൻെറ ഔദ്യോഗിക ഉദ്ഘാടനം 25.6.16ന് 3മണിക്ക് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുവാൻ ശ്രീ പി എം ഉമ്മറിനെ (FGO) ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ സ്വകാര്യ സ്ഥാപനത്തിൻെറ വൈ ഫൈ സ്ഥാപിക്കുന്നതിൻെറ ഉദ്ഘാടനം മാത്രമാണ് അന്ന് നടന്നിട്ടുള്ളത്. ഒരു സ്വകാര്യ സ്ഥാപനത്തിൻെറ ഉദ്ഘാടന ചടങ്ങുകൾ ഔദ്യോഗികമാക്കി മാറ്റി കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടും മേൽ പറഞ്ഞ ചടങ്ങുകൾക്ക് കോർപ്പറേഷൻ ഫണ്ടിൽ നിന്നും പണം ചെലവു

ചെയ്തിട്ടുണ്ടെങ്കിൽ ആയതിൻെറ വൌച്ചർ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ, ഫയൽ എന്നിവ ഓഡിറ്റിന് നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായില്ല.

പകരം, കോർപ്പറേഷൻ പരിധിയിൽ ബി എസ് എൻ എൽ റിലയൻസ് എന്നീ കമ്പനികൾ സൌജന്യ വൈഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഔദ്യോഗിക ഉദ്ഘാടനമാണ് നടത്തിയത് എന്നും, ഈ ആവശ്യത്തിന് കോർപ്പറേഷൻ ഫണ്ടിൽ നിന്നും തുക ചെലവാക്കിയിട്ടില്ല എന്നുമാണ് ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 47/14.9.17) മറുപടി നൽകിയത്. എന്നാൽ ഫയൽ പരിശോധനയ്ക്ക് ലഭിച്ചില്ല.

ടി സ്ഥാപനത്തിന് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയത് നഗര പരിധിയിലുള്ളവർക്ക് വൈ-ഫൈ സംവിധാനം സൌജന്യമായി ലഭ്യമാക്കും എന്ന ഉപാധിയോടെയാണ്. വൈ-ഫൈ സംവിധാനത്തിന്റെ ഉപയോഗ ഫലങ്ങൾ നഗരസഭയ്ക്ക് ലഭിക്കുന്നതിനായി ഉദ്ഘാടന ചടങ്ങുകൾ ഏറ്റെടുത്ത് നടത്തിയതും അതിനാൽ തന്നെ, സ്വകാര്യ കമ്പനിയുടെ അനൌദ്യോഗിക പ്രചാരകരായതിലുമുള്ള അനൌചിത്യം ഓഡിറ്റ് ചൂണ്ടി കാണിക്കുന്നു.

# 3-3 റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് - കരാർ -നഗരസഭയ്ക്ക് ഭീമമായ നഷ്ടം

**ഫയൽ- പിഡബ്ലിയു 5-18326/13**

**പിഡബ്ലിയു 5 -14521/14**

**പിഡബ്ലിയു 5 -9757/15**

തൃശ്ശൂർ നഗരസഭാ പരിധിയിൽ വൈ ഫൈ സംവിധാനം ഏർപ്പെടുത്താനായി OFC കേബിൾ വലിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 78/13.11.13 നം. പ്രകാരം നഗരസഭാ കൌൺസിൽ അനുമതി നൽകിയിരുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1.** കൌൺസിലിൻെറ 78/13.11.13 നം. തീരുമാന പ്രകാരം നഗരസഭയിൽ വൈ ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന്, OFCകേബിൾ വലിക്കുന്നതിന് 2,00,00,000/- (2കോടി രൂപ) ഡെപ്പോസിറ്റ് തുകയായി നിശ്ചയിച്ചിട്ടുണ്ട്. പത്തു വർഷത്തേക്കുള്ള ദീർഘകാല അടിസ്ഥാനത്തിലുള്ള കരാറെന്ന നിലയിൽ, ഏതു മാനദണ്ഡ പ്രകാരമാണ് ടി തുക ഡെപ്പോസിറ്റായി നിശ്ചയിച്ചിട്ടുള്ളത് എന്നതിന് വ്യക്തതയില്ല.

പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം രണ്ടു കോടി രൂപയുടെ 65% തുക സ്ഥാപനത്തിന് തിരികെ നൽകുവാനും 35%തുക സൂപ്പർവിഷൻ ചാർജ്ജ് ആയി അടവാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 70,00,000/-രൂപ നഗരസഭയിൽ നിലനിർത്തിയിട്ടുണ്ട്.

എന്നാൽ, ജിഒ(എംഎസ്)16/2013/ITD/14.6.13 നം ഉത്തരവിലെ ഇനം x അനുസരിച്ച്,എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയ അടങ്കൽ തുകയ്ക്ക് ആനുപാതികമായ റീസ്റ്റോറേഷൻ ചാർജ്ജ് കൂടി സ്ഥാപനം മുൻകൂറായി അടവാക്കണമെന്നു വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കിയിട്ടില്ല.

**<u>കരാർ തീയതിയിൽ അപാകത</u>**

"Agreement regarding granting of right of way of permissions for laying telecom cables" എന്ന കരാർ ഒപ്പു വച്ചതായി സീൽ പതിച്ചിരിക്കുന്നത് 31.10.2013നാണ്.എന്നാൽ,കരാർ ചമച്ച മുദ്ര പത്രം വാങ്ങിയിട്ടുള്ളത് അഞ്ചു ദിവസത്തിന് ശേഷം, 5.11.2013നാണ്.

NOC വാങ്ങിയിട്ടില്ല.

ബാങ്ക് ഗാരൻറി തിരിച്ചു നൽകുന്നതിനു മുൻപായി കേബിൾ സ്ഥാപിക്കുന്നതിനായി വെട്ടിപൊളിച്ച റോഡുകൾ പൂർണ്ണമായും പുന:സ്ഥാപിച്ച് ആയതിൻെറ സാക്ഷ്യപത്രം പൊതു മരാമത്തു വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങിക്കേണ്ടതാണെന്നും വൈദ്യുതി വകുപ്പ് ചീഫ് ഇൻസ്പെക്ടറേറ്റിൽ നിന്നും NOC വാങ്ങിയിരിക്കേണ്ടതാണെന്നും മേൽപറഞ്ഞ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരം സാക്ഷ്യപ്പെടുത്തലുകളൊന്നും ഫയലിൽ ലഭ്യമായില്ല.ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭിച്ചില്ല.(നം.46 / 2.9.17)

റീസ്റ്റോറേഷൻ ചാർജ്ജ് PWD നിരക്കല്ല.

**2.** പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ18.3.2013/CE/R&B /GL/6682/06 നം സർക്കുലർ പ്രകാരം 1.10.2012 മുതൽ പ്രാബല്ല്യത്തിലുള്ള പിഡബ്ലിയുഡി നിരക്ക്(roads having black topped surface) 1521/m2 ആണ്. നഗരസഭ 1521/m2ന് പകരം 1398/m2 നിരക്കിലാണ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. 123രൂപ/m2കുറവ്. കരാർ പ്രകാരം, വിവിധ ഡിവിഷനുകളിയായി മൊത്തം 34.585കി.മീ നീളത്തിൽ കേബിൾ വലിക്കുവാനാണ് അനുമതി വാങ്ങിയിട്ടുള്ളത്. ഇതിനാൽ നഗരസഭയ്ക്ക് കനത്ത സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

യൂസേഴ്സ് ഫീ ഈടാക്കിയത് കുറവ്

**3.** കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 368(3)പ്രകാരം നഗരസഭയ്ക്ക് യൂസേഴ്സ് ഫീ ഈടാക്കുവാൻ വ്യവസ്ഥയുണ്ട്. യൂസേഴ്സ് ഫീ പിഡബ്ലിയുഡി നിരക്കിൽ ഈടാക്കുന്നതിന് പകരം ഒരു കിലോമീറ്ററിന് 10000/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. തൃശ്ശൂർ കോർപ്പറേഷൻ പൊതു മരാമത്തു സ്റ്റാന്റിംഗ് കമ്മിറ്റി 28.2.2008ൽ അംഗീകരിച്ച 65ാം തീരുമാനത്തിന്റെ ഇനം19,20എന്നിവ അനുസരിച്ച് 2008ൽ നിശ്ചയിച്ച തറവാടക25000/-രൂപയാണ്.(ഫയൽ-പിഡബ്ലിയു3-3960/08). ആയത് വാർഷികമായി ഈടാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

കൊച്ചി നഗരസഭ 37500/-രൂപയും കൊല്ലം നഗരസഭ 12500/-രൂപയും യൂസേഴ്സ് ഫീ ഈടാക്കിയപ്പോൾ വാഹനങ്ങളുടെ ബാഹുല്ല്യത്തിൽ ഒട്ടും കുറവില്ലാത്ത തൃശ്ശൂർ നഗരസഭ ഏറ്റവും കുറവ് നിരക്കിലാണ് 2013ൽ(10000/-രൂപ)യൂസേഴ്സ് ഫീ നിശ്ചയിച്ചിട്ടുള്ളത്. മാത്രമല്ല,2015,2016വർഷങ്ങളിൽ വാർഷികമായി അടവാക്കേണ്ട ടി തുക നഗരസഭയിലേക്ക് ഒടുക്കിയതിൻെറ വിശദാംശങ്ങളും ലഭിച്ചില്ല.

കരാർ ലംഘനത്തിന് നടപടിയെടുത്തില്ല.

**4.** കരാർ പ്രകാരം ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് ചെയ്യേണ്ടതിന് പകരം ഓപ്പൺ ട്രഞ്ചിംഗ് ചെയ്തത് കരാർ ലംഘനമാണ്. ഇത്തരത്തിൽ കരാർ ലംഘിച്ചതിന് നഗരസഭയുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും എടുത്തതായി കണ്ടില്ല.

**5.** 6.3.14 ന് പ്രവൃത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നെങ്കിലും എല്ലാ ഡിവിഷനുകളിലും അനധികൃതമായി വീണ്ടും പ്രവൃത്തി നടത്തിയതായി കാണുന്നു. ഇവിടെയെല്ലാം റീസ്റ്റോറേഷൻ ചാർജ്ജ് കൂടാതെ പിഴ ആകെ 10000/-(5000+5000) മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

DDno. 737327/12.5.14-**Rs5000/-**

DDno.994359/5.7.14-**Rs5000**/-+585685=5,90,685/-

**<u>സേവന നികുതി ഈടാക്കിയിട്ടില്ല.</u>**

**6.** കച്ചവട താൽപ്പര്യത്തോടു കൂടിയ സേവനമാണ് സ്ഥാപനം നടത്തുന്നത് എന്നുള്ളത് കൊണ്ട്, റോഡ് കട്ടിംഗ് ചാർജ്ജുകൾക്ക് ആനുപാതികമായി 12.36% സേവനനികുതി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതുണ്ട്. എന്നാൽ,സേവന നികുതിയിനത്തിൽ സ്ഥാപനം തുക അടവാക്കിയതിൻെറ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. മൊത്തം എത്ര തുക സേവനനികുതിയിനത്തിൽ അടവാക്കാനുണ്ട്, ആയതിൽ എത്ര തുക അടവാക്കി, എന്നതിൻെറ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും നൽകുകയുണ്ടായില്ല.(കുറിപ്പ് നം.44/30.8.17)

**7.**ഫയൽ പ്രകാരം, അനുമതിയില്ലാതെ, 6.3.14 ന് ശേഷം **അനധികൃതമായി** വെട്ടിപൊളിച്ച റോഡുകളുടെ റീസ്റ്റോറേഷൻ ചാർജ്ജിന് ആനുപാതികമായുള്ള സേവനനികുതി മാത്രമാണ് നഗരസഭ, റിലയൻസ് ജിയോ എന്ന സ്ഥാപനത്തോട് അടവാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ആയത് എങ്ങനെ കണക്കാക്കിയെന്നതും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിൽ, OFC കേബിൾ സ്ഥാപിക്കുന്നതിനായി വെട്ടിപൊളിച്ച റോഡുകളുടെയെല്ലാം റീസ്റ്റോറേഷൻ ചാർജ്ജിന് ആനുപാതികമായി 12.36% സേവന നികുതി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതുണ്ട്.ആയത് ഈടാക്കിയിട്ടില്ല.കരാർ പ്രകാരം, വിവിധ ഡിവിഷനുകളിയായി മൊത്തം 34.585കി.മീ നീളത്തിൽ കേബിൾ വലിക്കുവാനാണ് അനുമതി വാങ്ങിയിട്ടുള്ളത്.എന്നാൽ യഥാർത്ഥത്തിൽ എത്ര കി.മീറ്റർ നീളത്തിൽ കേബിൾ സ്ഥാപിച്ചിട്ടുണ്ട് എന്ന രേഖപ്പെടുത്തൽ ഫയലിൽ ലഭ്യമല്ല.

**<u>ഓവർ ഹെഡ് കേബിൾ- വാർഷിക വാടക അടച്ചിട്ടില്ല.</u>**

ജിയോ, വൈ ഫൈ സംവിധാനം സ്ഥാപിക്കുന്നതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 3 കോടി രൂപ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ 927050 രൂപയും നിശ്ചയിക്കുകയും ആയത് 4.12.14 ന് അടവാക്കുകയും ചെയ്തിട്ടുണ്ട്.നഗരസഭാ തീരുമാനം 56/15.11.14 പ്രകാരം പോൾ ഒന്നിന് 250രൂപ വീതവും കേബിൾ മീറ്ററിന് 20 രൂപയുമാണ് പ്രതിവർഷ വാടക നിശ്ചയിച്ചത്.

250 x 1425 പോൾ =3,56,250

28.54km x 1000x20 =5,70,800(ഓവർ ഹെഡ് കേബിൾ നീളം)

ആകെ =**9,27,050/-**(DDno. 925181/4.12.14)

4.12.14 ൽ തുക അടവാക്കിയെങ്കിലും അതിന് ശേഷം,4.12.15 ,4.12.16 എന്നീ തീയതികളിൽ വാർഷിക വാടക വരവ് വന്നതായി ഫയലിൽ രേഖകളില്ല. 18,54,100രൂപ ഈയിനത്തിൽ നഗരസഭയ്ക്ക് ലഭിയ്ക്കാനുണ്ട്.

**<u>കരാർ, കൌൺസിൽ അംഗീകാരം നേടിയിട്ടില്ല.</u>**

27.5.2016 എന്ന തീയതിയിൽ നഗരസഭാ മേയർ, സെക്രട്ടറി, റിലയൻസ് ജിയോയുടെ പ്രതിനിധി എന്നിവർ ചേർന്ന് വൈഫൈ സ്ഥാപിക്കുന്നതിൻെറ ഭാഗമായി കരാർ ഒപ്പു വച്ചിട്ടുണ്ട്. കൌൺസിലിൻെറ 51/19.2.16 നം തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന് വൈ ഫൈ സംവിധാനം സ്ഥാപിക്കുവാൻ അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, മേൽപറഞ്ഞ കരാർ ഒപ്പു വയ്ക്കുന്നതിന് മുൻപ് കൌൺസിലിൽ ചർച്ച ചെയ്ത് അംഗീകാരം നേടിയതായി ഫയലിൽ രേഖകളില്ല. കരാർ കൌൺസിലിൻെറ അംഗീകാരം നേടാത്തതു സംബന്ധിച്ച് നഗരസഭാ മരാമത്ത് സ്റ്റാൻറ്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ.ശ്രീ.എം.പി.ശ്രീനിവാസൻ പരാതി ഉന്നയിച്ചിട്ടുമുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ളതും വളരെ

പ്രാധാന്യമേറിയതുമായ ഇത്തരം കരാറുകളുടെ വിഷയങ്ങൾ ഒട്ടും ഗൌരവമില്ലാതെ കൈകാര്യം ചെയ്തത് മൂലം നഗരസഭയ്ക്ക് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾ ചെറുതല്ല. ഏതെങ്കിലും തരത്തിലുള്ള കോടതി വ്യവഹാരങ്ങളെ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ ഇക്കാര്യം നഗരസഭയ്ക്ക് നിയമപരമായ നടപടികളെടുക്കുന്നതിന് എതിരാകും.

മാത്രമല്ല, 6.3.14 ന് ഡ്രില്ലിംഗ് നിർത്തി വയ്ക്കുവാൻ നഗരസഭ ആവശ്യപ്പെട്ടെങ്കിലും അനധികൃതമായും അല്ലാതെയും വീണ്ടും ഡ്രില്ലിംഗ് നടത്തുകയുണ്ടായതായി കൌൺസിലർമാർ ആക്ഷേപമുന്നയിച്ചിട്ടുണ്ട്. ജിയോ ഇൻഫോകോം എന്ന സ്ഥാപനം നിലവിൽ എത്ര കിലോമീറ്റർ ദൂരത്തിൽ HD Drilling ചെയ്തിട്ടുണ്ട്,എത്ര നീളത്തിൽ OFC കേബിൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്, എത്ര കുഴികൾ ഈ ആവശ്യത്തിനായി കുഴിച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമാവുന്നില്ല.

മേൽ പറഞ്ഞ കാര്യങ്ങൾക്ക് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (44/30.8.17)മറുപടി ലഭിച്ചില്ല.

പല ഡിവിഷനുകളിലായി 34.585കി.മീ ദൂരം കേബിൾ സ്ഥാപിക്കാനാണ് അനുവാദം നൽകിയിട്ടുള്ളത്(78/13.11.2013നം. തീരുമാനം). PWD നിരക്കിൽ റീസ്റ്റോറേഷൻ ചാർജ്ജ്, യൂസേഴ്സ് ഫീ എന്നിവ ഈടാക്കാത്തതിനാലും, റീസ്റ്റോറേഷൻ ചാർജ്ജിന് ആനുപാതികമായി 12.36% സേവനനികുതി അടവാക്കാത്തതിനാലും,ഓവർ ഹെഡ് കേബിളിൻെറ വാർഷിക വാടക ഈടാക്കാതെയും, ദീർഘകാലാടിസ്ഥാനത്തിലുള്ള മേൽപറഞ്ഞ കരാർ ചമച്ചതിലൂടെ കോടി കണക്കിന് രൂപയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-4 <u>നഗരസഭയുടെ കുടിവെള്ള ടാങ്കറുകൾ ശരിയായ വിധം ഉപയോഗപ്പെടുത്തുന്നില്ല.</u>

നഗരസഭയിലെ KL-08-AN-4739, KL-08-AN-4776 എന്നീ കുടിവെള്ള ടാങ്കറുകളുടെ ലോഗ് ബുക്കുകൾ പ്രകാരം ആദ്യവാഹനം ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അറ്റകുറ്റപ്പണികൾക്കായി 17/02/2016 മുതൽ 28/04/2016 വരെ വർക്ക് ഷോപ്പിൽ ആയിരുന്നു. ഫിറ്റ്നെസ്സ് ടെസ്റ്റ് 28/04/2016 ന് കഴിഞ്ഞു. അതിന് ശേഷം 30/05/2016, 02/06/2016, 03/06/2016 എന്നീ ദിവസങ്ങളിൽ ഓടിയ ശേഷം 15/12/2016 നാണ് ഓടിയത്. ഏകദേശം 6 മാസത്തോളം വാഹനം ഉപയോഗിക്കാതെ കിടന്നു.

രണ്ടാമത്തെ വാഹനം 02/03/2016 മുതൽ 30/03/2016 വരെ വർക്ക്ഷോപ്പിൽ ആയിരുന്നു. 31/03/2016ന് ഫിറ്റ്നെസ്സ് ടെസ്റ്റ് കഴിഞ്ഞു. 03/06/2016 ന് ശേഷം വാഹനം ഉപയോഗിക്കുന്നത് 07/01/2017ലാണ്.

ആദ്യവാഹനം ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 17/02/2016 മുതൽ 28/04/2016 വരെയും (ഏകദേശം 2 മാസത്തിലധികം) രണ്ടാമത്തെ വാഹനം ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റിനായി ഏകദേശം ഒരു മാസത്തോളവും ഉപയോഗിക്കാനാകാത്ത സ്ഥിതിയുണ്ടായി.

കുടിവെള്ളക്ഷാമം വളരെ രൂക്ഷമായ മാസങ്ങളിലാണ് ഇപ്രകാരം നഗരസഭയുടെ കുടിവെള്ള ടാങ്കറുകൾ ഉപയോഗിക്കാനാകാത്ത സ്ഥിതിയുണ്ടാകുന്നത്. അതേ സമയം, കുടിവെള്ള ക്ഷാമമില്ലാത്ത മാസങ്ങളിൽ ഈ വാഹനങ്ങൾക്ക് ഉപയോഗമുണ്ടാവുകയുമില്ല.

അപ്രകാരം ഏകദേശം 6 മാസത്തോളമാണ് ഓരോ വാഹനങ്ങളും ഉപയോഗിക്കാതെ കിടക്കുന്നത്. ആയതിനാൽ കുടിവെള്ള ടാങ്കറുകളുടെ യഥാർത്ഥ പ്രയോജനം ലഭിക്കാതെ വരുന്നു. കുടിവെള്ളക്ഷാമം

ുക്ഷമായ അവസരങ്ങളിൽ നഗരസഭയുടെ വാഹനങ്ങൾ ഉപയോഗിക്കാനാകാതെ വരുകയും സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കേണ്ടി വരുകയും ചെയ്യുന്നതുമൂലം നഗരസഭയുടെ ആസ്തികൾ ശരിയായി ഉപയോഗപ്പെടുത്താനാവുന്നില്ല എന്ന് മാത്രമല്ല വാടകയിനത്തിൽ അധികബാധ്യതയുണ്ടാവുകയും ചെയ്യുന്നു.

ഈ വിഷയം സംബന്ധിച്ച വിശദീകരണം എൻക്വയറി നമ്പർ 20 തീയതി 03.08.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല.

മേൽ വാഹനങ്ങളുടെ ഫയലുകൾ പരിശോധിക്കുമ്പോൾ (DW2-30801/08, DW2-30308/08) വാഹനങ്ങളുടെ ഫിറ്റ്നസ്സ് തീയതി യഥാർത്ഥത്തിൽ 23.1.2010 ആയിരുന്നുവെന്ന് മനസ്സിലാക്കാം (ഡി.ഡബ്യൂ.2-30308/08 നോട്ട്ഫയൽ പേജ്നം. 15, ഡി.ഡബ്യൂ.2-30801/08 എ.ഇയുടെ 21/12/2009 ലെ നോട്ട്).പിന്നീട് വാഹനങ്ങളുടെ ഫിറ്റ്നെസ്സ് കാലാവധി നീട്ടുന്നതിന് പല അവസരങ്ങളിലും ആർ.ടി.ഒയ്ക്ക് കത്ത് നൽകിയതായി കാണുന്നു (ഉദാ:-ലെറ്റർ നം.DW2 -30308/08 തീയതി 09.03.12) അപ്രകാരം മോട്ടോർവാഹനവകുപ്പ് അധികൃതരുമായി ബന്ധപ്പെട്ട് കുടിവെള്ള ടാങ്കറുകളുടെ ഫിറ്റ്നെസ്സ് ടെസ്റ്റും , അറ്റകുറ്റപ്പണികളും വാഹനങ്ങൾക്ക് ഉപയോഗമില്ലാത്ത മാസങ്ങളിലേക്ക് ക്രമീകരിക്കുവാൻ ശ്രമിക്കേണ്ടതാണ്.

# 3-5 <u>കുടിവെള്ളടാങ്കറുകളുടെ അറ്റകുറ്റപ്പണിക്ക് കരാർ നൽകൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.</u> (ഫയൽ <u>നം- DW2-30308/08, DW2-30801/08</u> )

തൃശ്ശൂർ നഗരസഭയിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ച് വരുന്ന KL-08-AN-4739, KL-08-AN-4776 എന്നീ വാഹനങ്ങൾ ഫിറ്റ്നെസ്സ് ടെസ്റ്റിന് ഹാജരാക്കുന്നതിനായി അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. ഇതിൽ ആദ്യവാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനായി "The New Automobile Works" എന്ന സ്ഥാപനത്തിന്റെ ₹95,380/- എസ്റ്റിമേറ്റ് ഓഫീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 11/01/2016 തീയതിയിലെ 53-ാം നമ്പർ പ്രകാരം തീരുമാനിക്കുകയും 17/02/2016 മുതൽ 28/04/2016 വരെയുള്ള അറ്റകുറ്റപ്പണികൾക്ക് ശേഷം ₹ 95,380/- (ചെക്ക്നം.225581, വൗച്ചർ നം.21601035 തീയതി 17/06/2016) പ്രസ്തുത സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു.

രണ്ടാമത്തെ വാഹനം ഫിറ്റ്നെസ്സ് ടെസ്റ്റിന് ഹാജരാക്കുന്നതിനാവശ്യമായ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി "The New AutomobileWorks, Thrissur" എന്ന സ്ഥാപനത്തിന് ₹39,600/- (ചെക്ക് നമ്പർ 225202, വൗച്ചർ നം.21600523 തീയതി 09/05/2016) പ്രകാരം നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 10(7) പ്രകാരം പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. മാത്രമല്ല പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം (സ.ഉ.(സാധാ)2487/16/തസ്വഭവ. തീയതി.20.08.2016) ഒരു ലക്ഷം രൂപയിൽ കവിയാത്ത പ്രവൃത്തികൾക്കുള്ള ക്വട്ടേഷൻ നോട്ടീസ് കുറഞ്ഞത് 5 സ്ഥാപനങ്ങൾക്ക് നൽകേണ്ടതും, മൂന്ന് ക്വട്ടേഷനെങ്കിലും ലഭിക്കേണ്ടതുമാണ്.

എന്നാൽ മേൽ പ്രവൃത്തികൾക്കായി ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടില്ല. The New Automobile Works എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ മാത്രമാണ് ഫയലിൽ ഉള്ളത്. മേൽ ക്വട്ടേഷന്റെ

അടിസ്ഥാനത്തിൽ മാത്രമാണ് പ്രവൃത്തി നൽകിയിട്ടുള്ളത്. ആയതിനാൽ മേൽ പ്രവൃത്തികൾക്ക് കുറഞ്ഞ നിരക്ക് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല പ്രവൃത്തി സംബന്ധിച്ച കരാറിൽ ഏർപ്പെടുകയോ സെക്യൂരിറ്റി തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് വിശദീകരണത്തിനായി എൻക്വയറി നം. 20 തീയതി.03.08.2017 , എൻക്വയറി നം.30 തീയതി.09.08.2017 എന്നിവ നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു വാഹനത്തിന്റെ ഫിറ്റ്നെസ്സ് കാലാവധി ഏതു തീയതി വരെയാണെന്ന് മുൻകൂട്ടി അറിയാമെന്നിരിക്കെ ഇപ്രകാരം അടിയന്തിര പ്രവൃത്തിയായി ചട്ടങ്ങൾ പാലിക്കാതെ കരാർ നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

# 3-6 കുടിവെള്ള ടാങ്കറിന്റെ അറ്റകുറ്റപ്പണി - യഥാർത്ഥ ബിൽ ഇല്ലാതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു.(ഫയൽ നം- DW2-30308/08)

KL-08-AN-4739 എന്ന വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കായി ₹ 9,392/- (ചെക്ക് നം.820424, വൗച്ചർ നം. 21604801 തീയതി.01/03/2017) റോയൽ ബസ് ബോഡി വർക്ക്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ ₹5,912/- രൂപ മെക്കാനിക്കൽ പർച്ചേസ് ഇനത്തിൽ A-Team Automobiles എന്ന സ്ഥാപനത്തിന് നൽകിയതാണ്. എന്നാൽ ₹5,912/- രൂപയുടെ ബിൽ ഫയലിൽ ഇല്ല. മേൽതുകയ്ക്കുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

ഈ വിഷയം സംബന്ധിച്ച് വിശദീകരണത്തിനായി എൻക്വയറിനം.20 തീയതി.03.08.2017 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വാഹന റിപ്പയർ നടത്തുമ്പോൾ ആവശ്യമായി വന്ന സ്പെയർ പാർട്സുകളുടെ വിവരങ്ങൾ യഥാർത്ഥ ബില്ലിന്റെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. യഥാർത്ഥ ബിൽ ഇല്ലാതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് തെറ്റായ നടപടിയാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 3-7 ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടം 8 പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാഹനങ്ങളുടെ ലോഗ്ബുക്കുകളിൽ ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 വാഹനങ്ങളുടെ റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ , ഫ്യൂവൽ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കേണ്ടതായ റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.20 തീയതി 03.08.2017 മുഖേന ആവശ്യപ്പെട്ടിരുന്നു എങ്കിലും മേൽ രജിസ്റ്ററുകൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

## 3-9 നഗരസഭയ്ക് പുതിയ വാഹനം വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകതകൾ

തൃശ്ശൂർ നഗരസഭ ആരോഗ്യവിഭാഗത്തിനായി ഫയൽ നം DW2-19997/16 പ്രകാരം പുതിയ Bolero SLE 2WD 7 Seater BS4 വാഹനം വാങ്ങുന്നതിനായി വാഹനവില ഇനത്തിൽ ₹6,71,445 (ഡി.ഡി.നം.953780 തീയതി 01.03.2017) മഹീന്ദ്ര & മഹീന്ദ്ര കമ്പനിക്ക് നൽകിയിട്ടുണ്ട്. മേൽ വാഹനത്തിന്റെ ഇൻഷുറൻസ്, ആക്സസറീസ് എന്നിവയ്ക്കായി ₹65,000 ശ്രീ.സുരാജ് പി.ഡബ്യൂ.ഒ ക്ക് (ചെക്ക് നമ്പർ 277485, വൗച്ചർ നം.21700392 തീയതി.04/05/2017) മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.

മേൽ വാങ്ങലിലെ അപാകതകൾ താഴെ ചേർക്കുന്നു.

(എ) <u>പുതിയ വാഹനം വാങ്ങിയതിന് ജില്ലാ ആസൂത്രണ സമിതി അനുമതിയില്ല.</u>

സ.ഉ(എം.എസ്)169/03/തസ്വഭവ. തീയതി 27/05/2003 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് പൊതുവായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. സ.ഉ.(എം.എസ്)നമ്പർ 86/06/തസ്വഭവ. തീയതി.31/03/2006 പ്രകാരം ആയത് പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. അത്തരം വാങ്ങലുകൾക്ക് പൊതുവിഹിതം, പൊതു ആവശ്യ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. എന്നാൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടു കൂടി മാത്രമേ വാഹനങ്ങൾ വാങ്ങുവാൻ പാടുള്ളൂ.

എന്നാൽ പുതിയ വാഹനം വാങ്ങുന്നതിനായി പദ്ധതി രൂപീകരിച്ച് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങിയിട്ടില്ല. ഇപ്രകാരം പുതിയ വാഹനം വാങ്ങുന്നതിനായി തുക ചെലവഴിച്ചത് നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമാണ്.

<u>(ബി) ഭരണ സമിതി തീരുമാനത്തിന് വിരുദ്ധമായി വ്യത്യസ്ത ഇനം വാഹനം വാങ്ങി</u>

തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യവിഭാഗത്തിന് വേണ്ടി ഓടുന്ന കെ.എൽ-08എം-3397 ജീപ്പ് ലേലം ചെയ്യുന്നതിനും അതിന് പകരം ഡബിൾ കാബിൻ പിക്ക് അപ്പ്(Imperio) വാഹനം വാങ്ങുന്നതിനുമായി 03/11/2016 ൽ 37-ാം നമ്പരായി കൗൺസിൽ തീരുമാനം എടുത്തിരുന്നു. എന്നാൽ മേൽ തീരുമാനത്തിന് വിരുദ്ധമായി യഥാർത്ഥത്തിൽ വാങ്ങിയത് Bolero SLE 2WD 7 Seater BS4 വാഹനമാണ്.

മേൽ അപാകതകൾക്ക് എൻക്വയറി നം.20 തീയതി 03.08.2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം

നൽകേണ്ടതാണ്.

# 3-10 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ - പൊതുവായ അപാകതകൾ

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ജി.ഒ.(പി)നം.363/13/ഫിൻ. തീയതി.27/07/2013 പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം നടത്തുന്നു. അതിനാൽ നഗരസഭയ്ക്ക് സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ ഇനത്തിൽ അലോട്ട്മെന്റുകൾ ലഭിക്കുന്നില്ല. എങ്കിലും നഗരസഭയിലെ ഗുണഭോക്താക്കൾക്ക് നല്കിയ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വരവ് ചെലവ് കണക്കുകൾ നഗരസഭയുടെ വാർഷിക കണക്കിന്റെ ഭാഗമാക്കേണ്ടതുണ്ട്. എന്നാൽ 2016-17 ലെ വാർഷികകണക്കുകളിൽ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, തൊഴിൽരഹിത വേതനം, സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം എന്നിവയുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലുള്ള നടപടിക്രമങ്ങളിലെ അപാകതകൾ താഴെ ചേർക്കുന്നു.

(1) അപേക്ഷാ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല :- ഓരോ ഇനം പെൻഷനുകൾക്കും അപേക്ഷ ലഭിച്ച തീയതി, അപേക്ഷകന്റെ വിവരങ്ങൾ, അന്വേഷണത്തിന് കൈമാറിയ തീയതി, അന്വേഷണം കഴിഞ്ഞ് ലഭിച്ച തീയതി, അപേക്ഷയിൻമേൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൈക്കൊണ്ട തീരുമാന വിവരങ്ങൾ, പെൻഷൻ അപേക്ഷകൾ എന്നു മുതൽ അനുവദിച്ചു, നിരസിച്ചെങ്കിൽ ആയതിനുള്ള കാരണം മുതലായ വിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് വർഷത്തിൽ ഓരോ പെൻഷൻ ഇനത്തിലും ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽത്തന്നെ പെൻഷൻ അപേക്ഷകളിൻമേൽ സമയബന്ധിതമായി തീരുമാനമെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(2) പല അപേക്ഷകളിലും കൗൺസിൽ തീരുമാനം, സെക്രട്ടറി/സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും ശുപാർശയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പല അപേക്ഷകളിലും വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

ഉദാ:- 1.ശ്രീമതി. അമ്മിണി തോമസ്, കാഞ്ഞിരത്തിങ്കൽ, എൽത്തുരുത്ത്

(വിധവ പെൻഷൻ)

2.ശ്രീമതി. ചന്ദ്രിക.കെ.കെ. കറുംകളത്ത്, കാര്യാട്ടുകര (വിധവ പെൻഷൻ)

3.ശ്രീമതി. വിമല പി.എ,, പുത്തലത്ത്,തൃക്കുമാരകുടം, അയ്യന്തോൾ

(സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള

വിവാഹധനസഹായം)

4.ശ്രീമതി. സിന്ധു.യു.സി, തോട്ടത്തിൽ, വ്യാസ നഗർ, പൂങ്കുന്നം

5.ശ്രീ. ചന്ദ്രശേഖരൻ.സി., ചേലാട്ട് ഹൗസ്, വില്ലടം പി.ഒ, രാമവർമ്മപുരം

(വാർദ്ധക്യ കാല പെൻഷൻ)

6.ശ്രീമതി. രാധ, പണ്ടാരപ്പറമ്പിൽ ,ഒല്ലൂക്കര (കർഷകത്തൊഴിലാളി പെൻഷൻ)

(3) തെരഞ്ഞെടുക്കപ്പെട്ട പെൻഷൻ അപേക്ഷകരുടെ പേര് വിവരങ്ങൾ ഡിവിഷൻ സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഡിവിഷൻ സഭകളുടെ മിനട്സുകൾ പരിശോധിച്ചപ്പോൾ അപ്രകാരം ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 പെൻഷൻ കോൺട്രിബ്യൂഷൻ - കണ്ടിജന്റ് ജീവനക്കാർ

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം കൃത്യമായി ശമ്പളത്തിൽ നിന്നും പിരിച്ചെടുക്കുന്നുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ പെൻഷൻ വിഹിതമായി 76,73,971/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 2015 ഡിസംബർ മുതൽ 2017 ഫെബ്രുവരി ( ജനുവരി 2016 ഒഴികെ) മാസങ്ങളിലെ പെൻഷൻ കോൺട്രിബ്യൂഷൻ ഒന്നിച്ച് 88,71,305/- രൂപയാണ് കോർപ്പറേഷന്റെ പെൻഷൻ അക്കൌണ്ടിലേക്ക് (A/c No.67273546223) 2017ഏപ്രിൽ മാസത്തിൽ നിക്ഷേപിച്ചിരിക്കുന്നത്. 88,84,649/- രൂപയാണ് പെൻഷൻ അക്കൌണ്ടിലേക്ക് നിക്ഷേപിക്കേണ്ടിയിരുന്നത്. 13,344/- രൂപയുടെ കുറവ് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

പെൻഷൻ വിഹിതം അതത് മാസങ്ങളിൽ കൃത്യമായി തനത് ഫണ്ടിൽ നിന്നും പെൻഷൻ അക്കൌണ്ടിലേക്ക് മാറ്റുന്നില്ല.

ടി സാമ്പത്തിക വർഷത്തിൽ കണ്ടിജന്റ് പെൻഷൻകാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി 2,36,64,462/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പെൻഷൻ വിഹിതം അതത് മാസങ്ങളിൽ കൃത്യമായി തനത് ഫണ്ടിൽ നിന്നും പെൻഷൻ അക്കൌണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

# 3-12 കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ , ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ നിന്നും 2009 നവംബർ മാസം മുതൽ റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കുന്നില്ല. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് നഗരസഭയ്ക്ക് ലഭിക്കേണ്ടതായ പെൻഷൻ അലോട്ട്മെന്റ് 2007-08 മുതൽ ലഭിക്കാത്ത സാഹചര്യത്തിൽ പെൻഷൻ വിതരണം മുടങ്ങും എന്ന സ്ഥിതി സംജാതമായപ്പോൾ 2009 നവംബർ മാസം മുതൽ അടക്കേണ്ടതായ പെൻഷൻ കോൺട്രിബ്യൂഷൻ തുക നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടക്കാതെ ഈ സംഖ്യ കൂടി ചേർത്ത് പെൻഷൻ വിതരണം നടത്തുകയാണ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ വിവരം ബഹു.നഗരകാര്യ ഡയറക്ടറെ നിരവധി തവണ രേഖമൂലം അറിയിച്ചിട്ടുള്ളതുമാണ്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കാതെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനാണ് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും

ഉത്തരവുകൾ നൽകി വരുന്നതെന്നുമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണം 4 ന് നൽകിയ മറുപടി.

ഇത് ക്രമപരമല്ല. പെൻഷൻ സംബന്ധിച്ച വിഷയം നിയമം അനുശാസിക്കുന്ന രീതിയിൽ തന്നെ കൈകാര്യം ചെയ്യേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ 7,32,80,490/- രൂപ (പെൻഷന് 5,27,25,024/- പെൻഷൻ ആനുകൂല്യങ്ങൾക്ക് 2,05,55,466/- ) നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പെൻഷൻ നൽകുന്നതിന് 2016-17 വർഷത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

## 3-13 സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുന്ന ഫിക്സഡ് ഡെപ്പോസിറ്റ് രശീതികൾ സുരക്ഷിതമായി സൂക്ഷിക്കുന്നില്ല.

1) പദ്ധതി നം. 160/17 – പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ.

2) പദ്ധതി നം. 161/17 – പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ, തൃശ്ശൂർ കോർപ്പറേഷൻ

പദ്ധതി നം.160/17 പ്രകാരം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ പർച്ചേസ് നടത്തിയിരിക്കുന്നത് മെ. മുരളി സൈക്കിൾ മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നാണ്. ടി സ്ഥാപനത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ള പെർഫോമൻസ് ഗ്യാരണ്ടി (തീയതി, 27.02.2017 ഡ്യൂ ഡേറ്റ് - 26.08.2017. തുക 40,000/-) ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഈ തുക പ്രസ്തുത വർഷത്തെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. പദ്ധതി നം.161/17 പ്രകാരം പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്. ടി പർച്ചേസ് നടത്തിയ M/s. Apple talk Technologies, Mannarkad എന്ന സ്ഥാപനത്തിൽ നിന്നും സ്വീകരിച്ച ഫിക്സഡ് ഡെപ്പോസിറ്റ് രശീതി (നം. 0067166/28.03.2017. തുക – 1,15,600/-) ഫയലിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (ഓഡിറ്റ് എൻക്വയറി നം. 35/10.08.2017) ഫിക്സഡ് ഡെപ്പോസിറ്റ് രശീതികൾ രജിസ്റ്ററിൽ ചേർത്ത് ലോക്കറിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം II, ആർക്കിൾ 292, 333 എന്നിവ പ്രകാരം സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കപ്പെടുന്ന ഡെപ്പോസിറ്റ് രശീതുകൾ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുണ്ട്.അത്തരം രേഖകളുടെ സ്വീകരണവും ഡിസ്പോസലും മറ്റ് വിവരങ്ങളും മേലധികാരിയുടെ കയ്യൊപ്പോടു കൂടി 'രജിസ്റ്റർ ഓഫ് വാല്യൂബിൾ ഡോക്യുമെന്റ്സിൽ' രേഖപ്പെടുത്തുകയും ചെയ്യണം.

## 3-14 അനുപൂരക പോഷകാഹാര പരിപാടി- ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കുന്നില്ല.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ അങ്കണവാടികൾ ഉൾപ്പെട്ട അർബൻ1 ,അർബൻ 2 എന്നീ ഡിവിഷനുകളിലെ ഐ.സി.ഡി.എസ് നിർവഹണോദ്യോഗസ്ഥർ 'അനുപൂരകപോഷകാഹാരപരിപാടി' എന്ന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ തങ്ങൾക്ക് വകയിരുത്തിയ തുക താഴെ പറയും വിധംചെലവഴിച്ചിട്ടുണ്ട്.

| ഡിവിഷൻ നം | പദ്ധതി | അനുവദിച്ച തുക(കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെ) | ചെലവഴിച്ച തുക (കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെ) | ശതമാനം |
|---|---|---|---|---|
| പുഴക്കൽ അഡീഷണൽ (അർബൻ1) | 176/17 | 60,00,000/- | 43,41,625 | 72% |
| ഒല്ലൂക്കര അഡീഷണൽ (അർബൻ 2 ) | 177/17 | 70,00,000/- | 49,96,446/- | 71% |

5.6.10, 1.2.10 എന്നീ തീയതികളിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്തുകൾ പ്രകാരം സാമൂഹ്യ ക്ഷേമ ഡയറക്ടർ നല്കിയ നിർദ്ദേശമനുസരിച്ച് ശിശുവികസന ഉദ്യോഗസ്ഥർ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണം.തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ട അർബൻ1, അർബൻ 2 എന്നീ ഡിവിഷനുകളിലെ ഐ.സി.ഡി.എസ് നിർവഹണോദ്യോഗസ്ഥർ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

നവജാത ശിശുക്കൾ മുതൽ 6 വയസ്സ വരെയുള്ള കുട്ടികൾ,കൌമാരക്കാരായ പെൺകുട്ടികൾ,മുലയൂട്ടുന്ന അമ്മമാർ,ഗർഭിണികൾ എന്നിവർക്ക് മെച്ചപ്പെട്ട പോഷകാഹാരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിനായി ജനറൽ , കേന്ദ്രാവിഷ്കൃത ഫണ്ടുകളിൽ നിന്നും ലഭിച്ച തുക നല്ല രീതിയിൽ ചെലവഴിച്ചിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല, എന്നിരുന്നാലും സാമൂഹിക പരിഗണനയും കരുതലും എപ്പോഴും ലഭിക്കേണ്ടുന്ന ഈ മേഖലക്കായി തുക ചെലവഴിക്കുമ്പോൾ പാചകം ചെയ്യാനായി വാങ്ങുന്ന പലചരക്ക സാധനങ്ങൾ, പോഷകാഹാരം എന്ന രീതിയിൽ കുടുംബശ്രീ നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നു വാങ്ങുന്ന അമൃതം ന്യൂട്രിമിക്സ് എന്നിവയുടെ ഗുണനിലവാരം ഉറപ്പ വരുത്തേണ്ട ഉത്തരവാദിത്വം നിർവഹണോദ്യോഗസ്ഥർക്കുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

## 3-15 ഐ സി ഡി എസ് സ്റ്റോക്ക് രജിസ്റ്റർ -അപാകതകൾ ഇല്ലാതെ പരിപാലിക്കേണ്ടതാണ്

പുഴക്കൽ അഡീഷണൽ അർബൻ1 ഐ.സി.ഡി.എസ്ഉദ്യോഗസ്ഥ നിർവഹിച്ച വിവിധ പദ്ധതികളിൽ ഓഫീസാവിശ്യങ്ങൾക്കായി കസേര ,അങ്കണവാടികൾക്കായി അലമാര, ബേബിബെഡ്,പ്രഷർ കുക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | ചെലവഴിച്ചതിൻെറ വിവരം | ചെലവഴിച്ച തുക( രൂപ) |
|---|---|---|
| 610/17 | ഓഫിസാവശ്യത്തിന് ഫർണിച്ചർ വാങ്ങിയത് | 89147/- |
| | | |

| | | |
|---|---|---|
| 617/17 | അങ്കണവാടിക്കായി പ്രഷർ കുക്കർ വാങ്ങിയത് | 203224/- |
| 618/17 | അങ്കണവാടികൾക്കായി അലമാരയും ബേബി ബെഡും വാങ്ങിയത് | 248230/- |

ഇവ സ്റ്റോക്കിലെടുത്തപ്പോൾ ബിൽ നമ്പർ,തീയതി,സ്റ്റോക്കിലെടുത്ത തീയതി, ആർക്കൊക്കെ വിതരണം ചെയ്തു മുതലായ വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർത്തിട്ടില്ല.ബേബി ബെഡ്,പ്രഷർ കുക്കർ എന്നിവ സ്വീകരിച്ച അങ്കണവാടികളുടെ പേരു വിവരം ലിസ്റ്റാക്കി ഓഡിറ്റ് അന്വേഷിച്ചതിൻ പ്രകാരം പിന്നീട് ലഭ്യമാക്കുകയുണ്ടായി.ആയത് ഫയലിനൊപ്പം സൂക്ഷിച്ചിരുന്നില്ല. ഓരോ ഇനവും വിതരണം ചെയ്യുമ്പോൾ വാങ്ങിയ ആളുടെ പേരും ഒപ്പും രേഖപ്പെടുത്തി ഇനത്തിന്റെ എണ്ണം കുറവു ചെയ്ത് സ്റ്റോക്കിൽ വ്യക്തത വരുത്തേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥയുടെ ഉത്തരവാദിത്വമാണ്.പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-16 നഗരദാരിദ്ര്യ നിർമ്മാർജന സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ- താഴെപ്പറയുന്നവയിൽ സവിശേഷ ശ്രദ്ധ പതിയേണ്ടതാണ്

1. മുൻ വർഷങ്ങളിൽ തുടങ്ങിയ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതികളിൽ പലതും 2016-17 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ പദ്ധതിയായി തുടരുകയാണ്. വൻ തുകകൾ ചെലവഴിക്കുന്ന ഇത്തരം പദ്ധതികൾ വർഷങ്ങളായി പൂർത്തീകരിക്കാതെയിരിക്കുന്നത് ആശാസ്യകരമല്ല.

2. പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും ഗുണഭോക്തൃലിസ്റ്റിൽ പൂർണമായി എഴുതി സൂക്ഷിക്കണം.എന്നാൽ നിലവിൽ കോർപ്പറേഷനിൽ സൂക്ഷിക്കുന്ന ഗുണഭോക്തൃലിസ്റ്റ് ഇക്കാര്യത്തിൽ പോരായ്മാരഹിതമല്ല.പ്രോജക്ട് ഓഫീസർ മുൻകയ്യെടുത്ത് ഗുണഭോക്താക്കളുടെ ഫോൺ നമ്പരുകൾ സൂക്ഷിക്കുന്നതും പദ്ധതികൾക്കുള്ള തുക അലോട്ട്മെൻറായി ലഭിക്കുമ്പോൾ കൌൺസിലേഴ്സ് മീറ്റിങ്ങ് നടത്തി യോഗ്യരായ ആൾക്കാരുടെ വിവരം കൌൺസിലേഴ്സിനെക്കൂടി അറിയിക്കുന്നതും അഭികാമ്യമായിരിക്കും.പദ്ധതിയുടെ ഓരോ ഘട്ടത്തിലും അറിയിപ്പ് നൽകാനും ഓരോ ഗഡുവും ഗുണഭോക്താക്കൾക്ക് കൃത്യ സമയത്ത് ലഭ്യമാക്കാനും അതു വഴി അവർക്ക് വീട് പണി യഥാസമയം പൂർത്തീകരിക്കാനും കഴിയും. മാത്രമല്ല കൌൺസിലേഴ്സും ഗുണഭോക്താക്കളും പ്രൊജക്ട്ഓഫീസറും തമ്മിലുള്ള ആരോഗ്യകരമായ ഇടപെടലുകൾ ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കിടയിൽ വീടും സ്ഥലവും വിറ്റു പോവുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ

തുടക്കത്തിൽതന്നെ അറിയാനും പലിശ വർധിച്ച് പ്രയാസമുണ്ടാക്കുന്ന ഘട്ടത്തിലെത്തിക്കാതെ അതുവരെ അവർക്ക് അനുവദിച്ച തുക തിരിച്ചീടാക്കിക്കാനും സഹായിക്കും.

3. ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതികളിൽ അതാത് പദ്ധതി പ്രകാരമുള്ള പ്രത്യേക നിബന്ധനകൾ പാലിച്ച ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും നടപടികൾ തുടങ്ങുമ്പോഴും തുടരുമ്പോഴും ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാകുന്ന രേഖകൾ നിലവിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സെക്ഷനിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ഇവയുടെ ഓരോ പകർപ്പുകൾ പ്രൊജക്ട് ഫയലിനൊപ്പം കൂടി സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

# 3-17 അങ്കണവാടികൾക്കനുവദിക്കുന്ന കേന്ദ്രാവിഷ്ക്കൃത ഫണ്ട്-ചെലവഴിക്കാതെ ശേഷിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ 253 അങ്കണവാടികളിൽ വാടകക്ക് പ്രവർത്തിക്കുന്നവയും അല്ലാത്തവയുമായ കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ഡിവിഷൻ | സ്വന്തമായി | വാടകക്ക് | പൊതു കെട്ടിടത്തിൽ |
|---|---|---|---|
| അർബൻ1( പുഴക്കൽ ) | 58 | 68 | 11 |
| അർബൻ 2(ഒല്ലൂക്കര ) | 29 | 78 | 9 |

അനുപൂരക പോഷകാഹാര പരിപാടിക്ക് കേന്ദ്രത്തിൽ നിന്ന് അനുവദിച്ച ഫണ്ട് രണ്ടു ഡിവിഷനിലെയും ഐ.സി.ഡി.എസ് പോജക്ട് ഓഫീസർമാർ താഴെപ്പറയും വിധം ചെലവഴിച്ചിട്ടുണ്ട്.

| ഡിവിഷൻ | കേന്ദ്രാവിഷ്കൃത ഫണ്ട് അനുവദിച്ചത് | കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിച്ചത് | കേന്ദ്രാവിഷ്കൃത ഫണ്ട് ബാക്കി | കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിച്ചതിൻെറ ശതമാനം |
|---|---|---|---|---|
| അർബൻ1 ( പുഴക്കൽ | 10,00,000/- | 8,07,606 | 192394 | 81% |

| | | | | |
|---|---|---|---|---|
| ) | | | | |
| അർബൻ 2 (ഒല്ലൂക്കര ) | 19,94,600/- | 3,03,372/- | 1691228 | 15% |

സ.ഉ.നം.39033/ഡി.സി2/2010ത.സ്വ.ഭ.വ.തീയതി.3.9.10 എന്ന ഉത്തരവിൽ അനുപൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും കുട്ടികൾക്ക് കളിക്കോപ്പുകൾ, അങ്കണവാടികൾക്ക്പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും മുൻഗണന നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 31.3.2017ൽ കേന്ദ്രഫണ്ടിൽ 39,13,619/- അവശേഷിക്കുന്നുണ്ട്.

അങ്കണവാടികൾക്കനുവദിക്കുന്ന കേന്ദ്രാവിഷ്കൃത ഫണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 ആയുർവേദ മരുന്നുകൾ കൃത്യമായി ലഭിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ - ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ഹോസ്പിറ്റൽ,ഒല്ലൂക്കര

പദ്ധതി നമ്പർ - SO 345/17

പദ്ധതി - ആയുർവേദ മരുന്ന് വാങ്ങൽ (ഏകവർഷ പദ്ധതി)

പദ്ധതി തുക - 60,00,000/-

ബിൽ നമ്പർ - 48/16-17 തീയതി.31.01.2017 തുക - 40,00,000/-

59/16-17 തീയതി.23.03.2017 തുക - 20,00,000/-

2016-17 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതി പ്രകാരം 5 ആയുർവേദ ഡിസ്പെൻസറികളിലേക്കായി മരുന്നു വാങ്ങുന്നതിന് വേണ്ടി തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും പദ്ധതിയിനത്തിൽ 60,00,000/- ( 60 ലക്ഷം രൂപ) ലഭ്യമാക്കിയിട്ടുണ്ട്. ടി തുക 10.02.2017 ന് 40,00,000/- രൂപയും 06.04.2017 ന് 20,00,000/- രൂപയും ആയി വിഭജിച്ച് 'ഔഷധി'യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

എന്നാൽ 31,43,454/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ (31.07.2017 വരെ) ലഭ്യമായിട്ടുള്ളൂ. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രോജക്ടുകൾ തയ്യാറാക്കി മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 3-19 പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി അധിക തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ഹോസ്പിറ്റൽ, ഒല്ലൂക്കര

പദ്ധതി നമ്പർ - SO731/17

പദ്ധതി - പാലിയേറ്റീവ് രോഗികൾക്കുള്ള 'സ്നേഹസ്പർശം'പദ്ധതി (ആയുർവേദം)

പദ്ധതി തുക - 25,00,000/-

ബിൽ നമ്പർ - 70/16-17 തീയതി. 31.03.2017

2016-17 സാമ്പത്തിക വർഷത്തിൽ 2017 മാർച്ച് മുതൽ നടപ്പിലാക്കിവരുന്ന 'പെയിൻ & പാലിയേറ്റീവ് കെയർ' ( ആയുർവേദം) പ്രോജക്ടിൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 (G.O (Rt)3217/15, തീയതി. 29/10/15 ന് വിരുദ്ധമായി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1) മാർഗ്ഗരേഖയിൽ വേതനവ്യവസ്ഥയിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനുള്ള അനുമതി ഇല്ല. എന്നാൽ മേൽ പ്രോജക്ട് നടത്തുന്നതിന് മെഡിക്കൽ ഓഫീസറെ നിയമിക്കുകയും ടിയാൾക്ക് 35,559/- രൂപ വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

2) പാലിയേറ്റീവ് കെയർ നഴ്സിന് പരമാവധി 10,000/- രൂപയാണ് പ്രതിമാസ വേതനമായി നൽകാവുന്നത്.എന്നാൽ 20,250/- രൂപ മാർച്ച് മാസം മുതൽ വേതനമായി നൽകിയിട്ടുണ്ട്.

3) മാർഗ്ഗരേഖയിൽ ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കാനുള്ള അനുമതിയാണ് ഉള്ളത്. എന്നാൽ രണ്ട് ആയുർ തെറാപ്പിസ്റ്റിനെ നിയമിക്കുകയും അവർക്ക് 37,800/- (18,900 + 18,900) രൂപ വേതനമായി നൽകുകയും ചെയ്തിട്ടുണ്ട്.

4) ഗൃഹ സന്ദർശനത്തിന് മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ആവശ്യമായി വരുന്ന ഭക്ഷണചെലവ് പ്രതിദിനം 250/- രൂപയാണ് ഉത്തരവ് നമ്പർ. ജി.ഒ (ആർ.ടി)2039/16/തസ്വഭവ, തീയതി.30/06/16 പ്രകാരം അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രതിദിനം 300/- രൂപ ചെലവഴിച്ചതു മൂലം 2017 മാർച്ച് മാസത്തിൽ 996/- രൂപ താഴെപ്പറയുന്ന പ്രകാരം അധികമായി ചെലവഴിച്ചിട്ടുണ്ട്.

| തീയതി | ചെലവഴിക്കാവുന്ന പരമാവധി തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | അധികമായി ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 05.03.2017 | 250 | 300 | 50 |
| 08.03.2017 | 250 | 300 | 50 |
| 09.03.2017 | 250 | 295 | 45 |
| 10.03.2017 | 250 | 300 | 50 |
| 13.03.2017 | 250 | 300 | 50 |
| 14.03.2017 | 250 | 291 | 41 |
| 15.03.2017 | 250 | 300 | 50 |
| 16.03.2017 | 250 | 300 | 50 |
| 17.03.2017 | 250 | 300 | 50 |
| 19.03.2017 | 250 | 295 | 45 |
| 20.03.2017 | 250 | 300 | 50 |
| 21.03.2017 | 250 | 320 | 70 |
| 22.03.2017 | 250 | 300 | 50 |
| 23.03.2017 | 250 | 310 | 60 |
| 24.03.2017 | 250 | 300 | 50 |
| 25.03.2017 | 250 | 290 | 40 |

| | | | |
|---|---|---|---|
| 27.03.2017 | 250 | 300 | 50 |
| 28.03.2017 | 250 | 300 | 50 |
| 29.03.2017 | 250 | 300 | 50 |
| 30.03.2017 | 250 | 295 | 45 |
| **ആകെ** | **5000** | **5996** | **996** |

5) ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് ഓടിക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക 25-34 കിലോമീറ്ററിന് 900/- രൂപയും 35-44 കിലോമീറ്ററിന് 1000/- രൂപയുമാണ്. എന്നാൽ കിലോമീറ്റർ പരിഗണിക്കാതെ ദിനംപ്രതി 1000/- രൂപ വീതം നൽകിയതു മൂലം 1000/- രൂപ താഴെപ്പറയുന്ന പ്രകാരം അധികമായി നൽകിയിട്ടുണ്ട്.

| **തീയതി** | **വാഹനം ഓടിയ ദൂരം (കി.മീ)** | **നൽകാവുന്ന പരമാവധി വാടക (രൂപ)** | **നൽകിയിട്ടുള്ള വാടക(രൂപ)** | **അധികമായി നൽകിയ വാടക (രൂപ)** |
|---|---|---|---|---|
| 08.03.2017 | 25 | 900 | 1000 | 100 |
| 09.03.2017 | 26 | 900 | 1000 | 100 |
| 10.03.2017 | 26 | 900 | 1000 | 100 |
| 13.03.2017 | 28 | 900 | 1000 | 100 |
| 14.03.2017 | 32 | 900 | 1000 | 100 |
| 15.03.2017 | 32 | 900 | 1000 | 100 |
| 17.03.2017 | 30 | 900 | 1000 | 100 |
| 27.03.2017 | 26 | 900 | 1000 | 100 |
| 28.03.2017 | 30 | 900 | 1000 | 100 |
| 29.03.2017 | 26 | 900 | 1000 | 100 |
| **ആകെ** | | **9000** | **10000** | **1000** |

ഓഡിറ്റ് അന്വേഷണം നം.12, തീയതി.24/07/2017 പ്രകാരം മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ഇതുവരെ (19.08.2017) നൽകിയിട്ടില്ല.

മേൽ ഖണ്ഡികകളിൽ പരാമർശിച്ചതു പ്രകാരം തുകകൾ ചെലവഴിച്ചത് ക്രമപരമല്ല. തുകകൾ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 പ്രകാരം ചെലവഴിക്കേണ്ടതാണ്.

2016-17 വർഷത്തിൽ മേൽ പ്രോജക്ട് നടപ്പാക്കിയതിൽ 85,605/- രൂപ (35,559+10,250+37,800+996+1,000) ക്രമവിരുദ്ധമായി ചെലവഴിച്ചത് നിരാകരിക്കുന്നു.

# 3-20 ഓഫീസ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട് - ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങൾ സപ്ലൈ ചെയ്തിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഫീസ് കമ്പ്യൂട്ടർവല്ക്കരണം (പ്രൊജക്ട് നമ്പർ - എസ്.ഒ. 482/17) എന്ന പ്രൊജക്ട് താഴെപ്പറയുംപ്രകാരം നടപ്പാക്കിയിട്ടുണ്ട്.

ആകെ അടങ്കൽ (വികസന ഫണ്ട്) - 15,00,000/-

പുതുക്കിയത് - 25,00,000/-

ചെലവ് - ബിൽ നം. - 32/16-17.

തീയതി - 30.03.2017

രൂപ - 12,74,405/-

ഈ പ്രൊജക്ട് പ്രകാരം 15 ഡെസ്ക് ടോപ്പുകളും 12 ലാപ് ടോപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി പല സെക്ഷനുകൾക്ക് വിതരണം ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1) 2016-17 വർഷത്തിൽ വികസനഫണ്ട് ഉപയോഗിച്ച് ലാപ്ടോപ്പ് വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ല. ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെപ്പറയും പ്രകാരം ഇപ്പോഴും സ്റ്റോക്കിൽ വിതരണം നടത്താതെ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | ഇനം | വാങ്ങിയത് | വിതരണം നടത്താതെ അവശേഷിക്കുന്നത് |
|---|---|---|---|
| 1 | ഡെസ്ക് ടോപ്പ് | 15 | 1 |
| 2 | ലാപ് ടോപ്പ് | 12 | 2 |
| 3 | All in one printer | 5 | 3 |
| 4 | USB wired mouse | 10 | 9 |
| 5 | Network Switch | 5 | 5 |

2) ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ 14,11,700/- രൂപയുടെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിലും ക്യാഷ് ബിൽ പ്രകാരം വില 14,99,300/- രൂപയാണ്. ടെണ്ടർ വിലേയക്കാൾ കൂടുതൽ തുകയുടെ ക്യാഷ് ബിൽ അംഗീകരിക്കാവുന്നതല്ല.

3) ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഡെസ്ക് ടോപ്പും ലാപ് ടോപ്പുമല്ല സപ്ലൈ ചെയ്തിരിക്കുന്നതെന്ന് ഐ.കെ.എം. ടെക്നിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പാർട്ട് ബിൽ തുകയായി 12,74,405/- രൂപ നൽകിയിട്ടുണ്ട്. സ്പെസിഫിക്കേഷനു വിരുദ്ധമായി നൽകിയ

സാധനങ്ങൾ മാറ്റി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുകയോ സ്ഥാപനത്തിനെതിരെ ടെണ്ടർ വ്യവസ്ഥകൾ ലംഘിച്ചതിന് നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/5.7.17 ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

# 3-21 വികസനഫണ്ടും ധനകാര്യകമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് വെള്ളക്കരം അടവാക്കിയത് ക്രമപ്രകാരമല്ല

തൃശ്ശൂർ കോർപ്പറേഷൻ സോണൽ പ്രദേശത്തെ വെള്ളക്കരം അടവാക്കുന്നതിനായി സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി താഴെപ്പറയുംപ്രകാരം അടങ്കലിൽ പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. (പ്രൊ.നം.604/17)

അടങ്കൽ

മെയിന്റനൻസ് ഫണ്ട്(റോഡിതരം)-1,34,08,990

തനത് ഫണ്ട് -60,28,574

വികസനഫണ്ട്(പൊതുവിഭാഗം സാധാരണവിഹിതം)-1,16,00,000

വികസനഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) -17,70,000

ആകെ അടങ്കൽ -3,28,07,564

താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

1)ബിൽ നം.11/16-17 തി.11.1.17-40,00,000/- (മെയിന്റനൻസ് ഫണ്ട്)

2)ബിൽ നം.12/16-17 തി.11.1.17-32,00,000/- (മെയിന്റനൻസ് ഫണ്ട്)

3)ബിൽ നം.22/16-17 തി.25.3.17-45,06,485/- (മെയിന്റനൻസ് ഫണ്ട്)

4)ബിൽ നം.23/16-17 തി.25.3.17-17,02,505/- (മെയിന്റനൻസ് ഫണ്ട്)

5)ബിൽ നം.27/16-17 തി.29.3.17-17,70,000/-(വികസന ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്)

6)ബിൽ നം.28/16-17 തി.29.3.17-49,00,000/-(വികസന ഫണ്ട്)

7)ബിൽ നം.29/16-17 തി.29.3.17-18,00,000/-(വികസന ഫണ്ട്)

8)ബിൽ നം.30/16-17 തി.29.3.17-49,00,000/-(വികസന ഫണ്ട്)

----------------------

2,67,78,990/-

-------------------

ഇതിൽ 1,34,08,990/-രൂപ മെയിന്റനൻസ് ഗ്രാന്റിനത്തിലും 1,16,00,000/-രൂപ വികസനഫണ്ടിനത്തിലും 17,70,000/-രൂപ ധനകാര്യകമ്മീഷൻഗ്രാന്റിനത്തിലുമാണ്

ചെലവഴിച്ചിട്ടുള്ളത്.

വെള്ളക്കരം അടവാക്കുന്നതിനായി വികസനഫണ്ടും ധനകാര്യകമ്മീഷൻ ഗ്രാന്റും ഉപയോഗിച്ചതിന് സർക്കാരിന്റെ അനുമതി ഇല്ല.കൂടാതെ വെള്ളക്കരം അടവാക്കുവാൻ റോഡിതര മെയിന്റനൻസ്ഗ്രാന്റിന്റെ 10%ആണ് അനുവദിക്കാവുന്നത്.(ജി.ഒ.എം.എസ്.330/2004/തസ്വഭവ തി.09.12.04).2016-17 സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ്ഗ്രാന്റായി ലഭിച്ചിട്ടുള്ളത് 5,97,84,990/-രൂപയാണ്. ആയതിനാൽ വെള്ളക്കരം അടവാക്കുന്നതിനായി ഉപയോഗിക്കാവുന്ന പരമാവധി തുക 59,78,499/-രൂപയാണ്. എന്നാൽ 1,34,08,990/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.ഇപ്രകാരം അധികമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതും വികസനഫണ്ടും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതും ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-22 പെയിൻ&പാലിയേറ്റീവ് പ്രൊജക്ട്-മുൻകൂർ തുക നൽകി-മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, സി എച്ച് സി ഒല്ലൂർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പ്രൊജക്റ്റിന്റെ ഭാഗമായി (നം.199/17) ബിൽ നം.11/16-17 തി.15.2.17ആയി 39,44,131/-രൂപ മാറിയതിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി മുൻകൂറായി 20,00,000/-രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ.

1)പ്രൊഫോർമ ഇൻവോയ്സ് നം.PRF1687 തി.19.1.17-6,50,000/-

2)പ്രൊഫോർമ ഇൻവോയ്സ് നം.PRF1688 തി.19.1.17-3,50,000/-

3)പ്രൊഫോർമ ഇൻവോയ്സ് നം.PRF1690 തി.19.1.1-7,00,000/-

4)പ്രൊഫോർമ ഇൻവോയ്സ് നം.PRF1693 തി.19.1.17-3,00,000/-

മേൽപറഞ്ഞ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല.മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 രാജീവ് ആവാസ് യോജന പദ്ധതി-ഭവനനവീകരണത്തിന്റെ ഡി പി ആറിലെ അപാകത-ഗുണഭോക്താക്കൾക്ക് മുഴുവൻ വിഹിതവും നൽകിയിട്ടില്ല

അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്തെ നഗരങ്ങൾ ചേരിരഹിതമാക്കുക എന്ന ലക്ഷ്യത്തോടെ 2009ൽ ആരംഭിച്ച പദ്ധതിയാണ് രാജീവ് ആവാസ് യോജന (റേ).തൃശ്ശൂർ കോർപ്പറേഷനിൽ ഈ പ്രൊജക്ടിന്റെ പ്രാഥമിക നടപടികൾക്ക് തുടക്കം കുറിച്ചെങ്കിലും 2016-17വർഷത്തിലാണ് പ്രൊജക്ടിനുവേണ്ടി തുക ചെലവഴിച്ചിട്ടുള്ളത്.നെല്ലങ്കര പ്രദേശത്ത് 11ഗുണഭോക്താക്കൾക്ക് ഭവനനവീകരണത്തിന് കരാർ ചമച്ച് ആദ്യഗഡു തുക നൽകിയിട്ടുണ്ട്.

ഡിപിആറിൽ നിന്നും വ്യത്യസ്തമായാണ് ഗുണഭോക്താക്കൾ ഭവനനവീകരണം നടത്തിയിട്ടുള്ളത്.വോയന്റ്സ് സൊല്യൂഷൻസ് എന്ന ഏജൻസി തയ്യാറാക്കിയ ഡിപി ആറിൽ പ്രധാനമായും നിലവിലുള്ള വീടിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും പ്ലംബിങ് പണികൾ ചെയ്യുന്നതിനുംഫ്ളോറിംഗ് കോൺക്രീറ്റ് ചെയ്യുന്നതിനും ആണ് അനുവദിച്ചിട്ടുള്ളത്.എന്നാൽ 11 ഗുണഭോക്താക്കളും ബാത്റൂം നിർമ്മാണം ,മറ്റു നവീകരണപ്രവർത്തനങ്ങൾ എന്നിവയാണ് നടത്തിയിട്ടുള്ളത്.ആയതിനാൽ തുടർന്നുള്ള ഗഡുക്കൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.31.3.17ൽ പ്രൊജക്ടിന്റെ കാലാവധി അവസാനിച്ചതിനാൽ തുടർന്നുള്ള ഗഡുക്കൾവിതരണം ചെയ്യുന്നതിന് ഈ ഫണ്ടിൽനിന്നും സാധിക്കുകയില്ല.21.7.14ലെKS/RAY/33702/13 നമ്പർ കത്തുപ്രകാരം ഡി പി ആറിലെ അപാകതകൾ സംബന്ധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും വോയന്റ്സ് സൊല്യൂഷൻസിനും കത്ത് നൽകിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് ഗുണഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ചല്ല എന്നത് സൂചിപ്പിച്ചിട്ടില്ല.13.2.2014ലെ കത്ത് പ്രകാരമുള്ള അണ്ടർടേകിംഗിൽ എസ്റ്റിമേറ്റ് തൃപ്തികരമാണെന്ന് അറിയിച്ചിട്ടുണ്ട്.ഇപ്രകാരം ഡിപിആറിലെ അപാകതകൾ പരിഹരിക്കാതെയിരുന്നതിന് ഉത്തരവാദിയായവർക്കെതിരെ നടപടിയെടുക്കേണ്ടതാണ്. ഒരു ഗഡു മാത്രം നൽകിയ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും ലഭ്യമാക്കുവാനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ചെക്ക് നം.,തിയതി | തുക(രൂപ) |
|---|---|---|---|
| 1 | അനിത.പി.കെ.പുത്തൻമഠത്തിൽ നെട്ടിശ്ശേരി | 169071 4.3.17 | 47,111 |
| 2 | കൃഷ്ണൻ, ചാംബ്ളി വീട് നെട്ടിശ്ശേരി | 169068 4.3.17 | 30,946 |
| 3 | പഴനി സ്വാമി, പാലിശ്ശേരി നെട്ടിശ്ശേരി | 169081 30.3.17 | 49,232 |
| 4 | മണി.വി.എൻ., ചെമ്പൂക്കാരൻ നെട്ടിശ്ശേരി | 169065 4.3.17 | 36,145 |
| 5 | തങ്കശങ്കരൻ, പൊറാടൻ നെട്ടിശ്ശേരി | 169070 4.3.17 | 58,387 |
| 6 | ഭാനുമതി കുട്ടപ്പൻ, കരുവന്നൂർ, നെല്ലങ്കര | 169073 4.3.17 | 62,529 |
| 7 | കൊച്ചുപാറു, ആറാട്ടുപുഴ മാടക്കത്തറ | 169067 4.3.17 | 56,331 |
| 8 | മോഹനൻ.എ.കെ. അരങ്ങത്ത്, നെട്ടിശ്ശേരി | 169072 4.3.17 | 61,149 |
| 9 | നന്ദനൻ.എം.വി. മാണാട്ടുകര, നെല്ലങ്കര | 169066 4.3.17 | 54,675 |
| 10 | മണി, വാര്യാടൻ, നെട്ടിശ്ശേരി | 169080 | 58,248 |

| | | | |
|---|---|---|---|
| | | 18.3.17 | |
| 11 | കുഞ്ഞിക്കാളി, ഊരത്ത്, നെട്ടിശ്ശേരി | 169069<br>4.3.17 | 57,349 |

# 3-24 അമൃത് പദ്ധതി--ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

2015മുതൽ 5 വർഷത്തേക്ക് നഗരങ്ങളുടെ അടിസ്ഥാന സൌകര്യവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് (അടൽമിഷൻ ഫോർ റിജൂവിനേഷൻ& അർബൻ ട്രാൻസ്പോർട്ടേഷൻ ) പ്രൊജക്റ്റിന്റെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ(SAAP) പ്രകാരം 2015-16,2016-17 വർഷങ്ങളിൽ താഴെപ്പറയുംപ്രകാരം പ്രൊജക്റ്റുകൾ അംഗീകരിച്ചിട്ടുണ്ട്.

| വർഷം | അംഗീകരിച്ചിട്ടുള്ള പ്രൊജക്റ്റുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 2015-16 | 13 | 71.03 |
| 2016-17 | 9 | 88 |

2015-16വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും 29.3.2016 തിയതിയിലെ 21505945,21505944,21505942 എന്നീ വൌച്ചറുകളിലായി 1,47,09,413/- രൂപ തൃശ്ശൂർ കോർപ്പറേഷന്റെ വിഹിതമായി അമൃതിനു വേണ്ടി തുടങ്ങിയ യൂണിയൻ ബാങ്ക് അക്കൌണ്ടിൽ(നം.338902010025262) നിക്ഷേപിച്ചിട്ടുണ്ട്.കൂടാതെ 2015-16ലെ കേന്ദ്രവിഹിതമായി 40,00,000/-രൂപയും ലഭിച്ചിട്ടുണ്ട്.എന്നാൽ 2015-16,2016-17വർഷങ്ങളിൽ ഒരു പ്രൊജക്റ്റ് പോലും നടപ്പാക്കിയിട്ടില്ല.2017 മെയ് മാസത്തിൽ ഒരു പ്രൊജക്റ്റിന്റെ ഭാഗമായി വൌച്ചർ നം.21700485 തി.10.5.2017പ്രകാരം 65,000/- രൂപ മാത്രമാണ് ഈ പ്രൊജക്റ്റിനുവേണ്ടി ഇതുവരെ ചെലവഴിച്ചിട്ടുള്ളത്.ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-25 ഐ.എച്ച്.എസ്.ഡി.പി.പദ്ധതി-കാലാവധി കഴിഞ്ഞെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല

2009 ൽ തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിലുള്ള മാറ്റാംപുറം എന്ന സ്ഥലത്ത് 246 ഗുണഭോക്താക്കൾക്ക് ഫ്ളാറ്റും അനുബന്ധസൌകര്യങ്ങളും നിർമ്മിച്ചുനൽകുന്നതിന് 4.86 കോടി രൂപ അടങ്കലായി അംഗീകരിച്ചിട്ടുള്ള പ്രൊജക്റ്റാണ് ഐ.എച്ച്.എസ്.ഡി.പി. പദ്ധതി. താഴെപ്പറയും പ്രകാരമാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്.

| | |
|---|---|
| കേന്ദ്രവിഹിതം | 314.27(ലക്ഷം) |
| സംസ്ഥാനവിഹിതം | 35.22 |
| നഗരസഭാവിഹിതം | 99.59 |
| ഗുണഭോക്തൃവിഹിതം | 37.35 |
| ആകെ | 486.44 |

കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ 2011ൽ മാത്രമാണ് ലഭിച്ചത് എന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ്പ്രകാരം അടങ്കൽ 9,53,80,959/- രൂപയായി.അധികമായി വരുന്ന തുക പ്ളാൻ ഫണ്ടിൽ നിന്നും വകയിരുത്തുകയാണ് ചെയ്തത്. ആദ്യഘട്ടമായി 120 ഫ്ളാറ്റുകളുടെയും അനുബന്ധ സൌകര്യങ്ങളുടെയും നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡിനെ ഏല്പിക്കുകയും ചെയ്തു.

ഇതുവരെ പൂർത്തിയായ ഫ്ളാറ്റുകൾ--120

താക്കോൽ കൈമാറിയത്(ഗു.വി.അടച്ചത്)--57

കരാർ പ്രകാരം കോസ്റ്റ് ഫോർഡിന് നൽകേണ്ട തുക-4,44,65,624

കോസ്റ്റ് ഫോർഡിന് നൽകിയ തുക-4,00,19,062

കേന്ദ്ര സംസ്ഥാന വിഹിതമായി 1,74,74,500/- രൂപയും നഗരസഭാവിഹിതമായി 99,59,000/-രൂപയും അധികവിഹിതമായി പ്ളാൻ ഫണ്ടിൽനിന്നും2,05,63,361/-രൂപയും (ഇതിൽ എസ്.സി.പി. വിഹിതം 75,17,731/-രൂപ,ജനറൽ-1,30,45,630/-രൂപ)ഈ പ്രൊജക്ടിനായി തുടങ്ങിയ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2017 മാർച്ച് 31ന് പദ്ധതി കാലാവധി പൂർത്തിയായി. ഇതിനുവേണ്ടി തുടങ്ങിയ ബാങ്ക് അക്കൌണ്ടിൽ 31.3.2017ൽ 1,37,92,994/-രൂപ നീക്കിയിരിപ്പുണ്ട്.

ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

1) നഗരസഭ തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ടുപ്രകാരം ഹൌസിംഗ്, വാട്ടർ സപ്ലൈ, റോഡ്, സാനിട്ടേഷൻ, സോളിഡ് വേസ്റ്റ് ഡിസ്പോസൽ എന്നിവയുൾപ്പെടെ കോസ്റ്റ് ഫോർഡിന് നല്കേണ്ട തുക 4,44,65,624/- രൂപയാണ്. കരാർ പ്രകാരമുള്ള അനുബന്ധ സൌകര്യങ്ങൾ പൂർത്തീകരിക്കാത്തതിനാൽ കോസ്റ്റ് ഫോർഡിന് നല്കാനുള്ള അവസാന ഗഡു തുക (10%) ഇതുവരെ നൽകിയിട്ടില്ല. 6 ഫ്ലാറ്റുകൾ വീതം 20 ബ്ലോക്കുകളിലായി ആകെ 120 ഫ്ലാറ്റുകളുടെ പണി പൂർത്തിയായിട്ടുണ്ട്. നഗരസഭ ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സ്ഥലപരിശോധനാ സമയത്ത് മുകളിലത്തെ നിലയിൽ ചോർച്ചയുള്ളതായി താമസക്കാർ പരാതിപ്പെട്ടു. കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി കെട്ടിടം എന്നിവ ഭാഗികമായി മാത്രമെ പൂർത്തിയായിട്ടുള്ളൂ. 120 ഫ്ലാറ്റുകളിൽ 57 പേർ മാത്രമേ ഗുണഭോക്തൃ വിഹിതം അടച്ച് താക്കോൽ കൈപ്പറ്റിയിട്ടുള്ളൂ. ഇതിൽതന്നെ 33 ഫ്ളാറ്റുകളിൽ മാത്രമേ താമസം തുടങ്ങിയിട്ടുള്ളൂ. കോർപ്പറേഷന് പുറത്ത് ഏതാണ്ട് 10 കി. മീറ്റർ അകലെ വാഹനസൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥലത്താണ് ഫ്ലാറ്റുകൾ പണിതിട്ടുള്ളത്. കുടിവെള്ളമില്ലാത്തതിനാൽ ദുരിതപൂർണ്ണമായ അവസ്ഥയിലാണ് താമസക്കാർ. സ്ഥലത്തേയ്ക്കുള്ള റോഡ് ആകെ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ഏറ്റവും അടിസ്ഥാനപരമായ അനുബന്ധ സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ഫ്ലാറ്റിൽ താമസിക്കാൻ ഗുണഭോക്താക്കൾ തയ്യാറാകുന്നില്ല. മാടക്കത്തറ പഞ്ചായത്തിൽ നിന്നും ഇതുവരെ കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് ഉടമസ്ഥാവകാശപത്രം നൽകിയിട്ടുമില്ല. അടിയന്തിരമായി കോസ്റ്റ് ഫോർഡുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങളിൽ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഇക്കാര്യങ്ങളിൽ ക്ഷണിക്കുന്നു.



മാറ്റാംപുറത്തെ ഫ്ലാറ്റുകളുടെ ഇന്നത്തെ ദയനീയാവസ്ഥ



പണി പൂർത്തിയാകാത്ത കമ്മ്യൂണിറ്റി ഹാൾ



ജനൽ ചില്ലുകൾ തകർക്കപ്പെട്ട നിലയിൽ



ഗാർഹിക ഉപയോഗത്തിനുള്ള ജലസംഭരണികൾ



*നിർമ്മാണം പാതിവഴിയിൽ നിർത്തിയ അംഗൻവാടി കെട്ടിടം*

2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നം. 6066/എ/2011/കെ.എസ്.എച്ച്.ഒ. തീയതി, 27.03.2017 പ്രകാരം ഐ.എച്ച്.എസ്.ഡി.പി. പദ്ധതികൾ 2017 മാർച്ച് 31ന് മുമ്പായി അവസാനിപ്പിച്ച് ഏപ്രിൽ 5 ന് മുമ്പായി ബാക്കി തുക കുടുംബശ്രീയുടെ സ്റ്റേറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പൂർത്തിയാക്കാത്ത പദ്ധതികൾ നഗരസഭയുടെ തനത് ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കേണ്ടതുമാണ്. 31.03.2017ൽ അക്കൗണ്ടിൽ 1,37,92,994/- രൂപ നീക്കിയിരിപ്പുള്ളപ്പോൾ ബാക്കി പണികൾ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നടത്തേണ്ട അവസ്ഥയുണ്ട്.

3)ഒരു യൂണിറ്റിന് താഴെപ്പറയുംപ്രകാരമാണ് ഡി പി ആറിൽ തുക അനുവദിച്ചിട്ടുള്ളത്.

| | GOI | GOK | ULB | Beneficiary | Total |
|---|---|---|---|---|---|
| SC/ST/PH | 80000 | 5000 | 32000 | 13000 | 130000 |
| General | 80000 | 4000 | 30400 | 15600 | 13000 |

33 എസ്.സി. ഗുണഭോക്താക്കളുടെ വിഹിതം പ്ളാൻ ഫണ്ടിൽ നിന്നും അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ 120 ഗുണഭോക്താക്കളിൽ 18 പേർ മാത്രമാണ് എസ്.സി വിഭാഗത്തിലുള്ളത്.ആകെ ചെലവായ തുകയിൽ അതാത് വിഹിതങ്ങളുടെ proportion അനുസരിച്ച് ബാക്കിയുള്ള തുക അതേ ഫണ്ടിൽ തന്നെ തിരിച്ചടയ്ക്കേണ്ടതാണ്.

# 3-26 ഇ.എം.എസ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

2009-10 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിയ ഇ.എം.എസ് ഭവനപദ്ധതിയിൽ ആകെയുള്ള 636 ഗുണഭോക്താക്കളിൽ 301പേർ മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കിയുള്ള

335പേരും പല സ്റ്റേജുകളിലായി പണി നിർത്തിവെച്ചിരിക്കുകയാണ്. ഇതു മൂലം ഇവർക്ക് നൽകിയ ₹2,06,55,000 ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഈ അക്കൗണ്ടിൽ 31-03-2017ൽ ₹1,21,77,481 ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇപ്രകാരം പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരിച്ചുപിടിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 3-27 പട്ടാളകുന്ന് കമ്മ്യൂണിറ്റി ഹാൾ- ഉപയോഗയോഗ്യമല്ല.

തൃശ്ശൂർ നഗരസഭയുടെ ഡിവിഷൻ 18ൽ പട്ടാളകുന്ന് കോളനിയിൽ, പൂർണ്ണമായും പട്ടികജാതിക്കാർക്ക് ഗുണഫലം കിട്ടത്തക്ക രീതിയിലാണ് മേൽപറഞ്ഞ സംരംഭം വിഭാവനം ചെയ്ത് പ്രാവർത്തികമാക്കിയിട്ടുള്ളത്. നാല് ഘട്ടമായാണ് ഹാളിൻെറ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 2009-10സാമ്പത്തിക വർഷത്തിലാണ് പണി ആരംഭിച്ചിട്ടുള്ളത്. വിശദമായി താഴെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം. | ചെലവ് തുക | ഫയൽ നം. |
|---|---|---|---|
| 2009-10 | so/269/10 | 6,00,000/- | PW1-25903/09<br>( നിർമ്മിതി കേന്ദ്ര<br>പണി പൂർത്തീകരിച്ചില്ല.) |
| 2014-15 | 572/15 | 8,25,340/- | PW2-23921/14 |
| 2015-16 | 581/15-16 | 8,70,757/- | PW2-26865/15 |
| 2016-17 | 390/17 | 3,13,525/- | PW2-27232/16 |
| | | --------------- | |
| | ആകെ | **2,60,96,22/-** | |









**<u>നിർമ്മിതികേന്ദ്ര പണി പൂർത്തീകരിച്ചില്ല, നഷ്ടം - 11,36,114/-രൂപ</u>**

2009-10 സാമ്പത്തിക വർഷത്തിലാണ് കമ്മ്യൂണിറ്റി ഹാളിൻെറ നിർമ്മാണം ആരംഭിച്ചത്. 29.9.2010 ന് ഒപ്പിട്ട കരാർ പ്രകാരം നിർമ്മിതി കേന്ദ്രയാണ് പ്രവൃത്തി ഏറ്റെടുത്തത്.19,25,000/- രൂപയായിരുന്ന അടങ്കൽ 6,00,000/- രൂപ നിർമ്മിതിക്ക് നിക്ഷേപ തുകയായി 30.4.10ന മുൻപായി കൊടുത്തിരുന്നു. 31.3.11ന് നിർമ്മാണം പൂർത്തിയാക്കണമെന്നായിരുന്ന കരാറെങ്കിലും പല കാരണങ്ങൾ അറിയിച്ച് സ്ഥാപനം ടി പ്രവൃത്തി മുഴുവനായും പൂർത്തീകരിച്ചില്ല.പ്രവൃത്തി തുടങ്ങും മുൻപു തന്നെ പ്രവൃത്തിക്ക തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി കമ്പിയുടെ വിവരം കോർപ്പറേഷനെ അറിയിച്ചില്ലെന്നും കരാർ കാലാവധിയും കഴിഞ്ഞ് 19.6.12നാണ് തടസ്സങ്ങളുടെ വിവരം നഗരസഭയെ അറിയിച്ചിട്ടുള്ളതെന്നും ആയതിനാൽ തന്നെ അടങ്കൽ തുകയ്ക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ട ചുമതല സ്ഥാപനത്തിനുണ്ടായിരുന്നുവെന്നും നഗരസഭ അറിയിച്ചിരുന്നുവെങ്കിലും നിർമ്മിതികേന്ദ്ര പ്രവൃത്തിയിൽ നിന്നും പിൻമാറുകയാണുണ്ടായത്. മൊത്തം 6,36,114/-രൂപയുടെ പ്രവൃത്തി സ്ഥാപനം ചെയ്തിട്ടുണ്ടെന്നും,തുടർന്ന് പണി പൂർത്തിയാക്കുവാൻ പുതുക്കിയ കണക്കനുസരിച്ച് 24,25,000/-രൂപ വേണ്ടി വരുമെന്നും ആയതിനാൽ തന്നെ, നിർമ്മിതി കേന്ദ്ര പണി പൂർത്തിയാക്കാതിരുന്നതിനാൽ 11,36,114/-രൂപ- നഷ്ടം വന്നിട്ടുള്ളതായും നഗരസഭ കണക്കാക്കിയിട്ടുണ്ട്. ടി തുക നിർമ്മിതികേന്ദ്രയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. (ഓ.എൻക്വയറിനം.55/22.9.17).

കരാർ പ്രകാരം അടങ്കൽ - 19,25,000/-

പൂർത്തിയാക്കിയ പ്രവൃത്തിയുടെ ചെലവ് - 6,36,114/-

---------------

ബാക്കി തുക - 12,88,886/-

പുതുക്കിയ നിരക്കിൽ ബാക്കി വേണ്ട തുക – 24,25,000/-

--------------

കണക്കാക്കിയ നഷ്ടം - **11,36,114/-**

കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട ബാധ്യത നിർമ്മിതി കേന്ദ്രയുടേതായിരുന്നു.

പകരം, വർഷങ്ങൾക്കു ശേഷം മേൽ പ്രവൃത്തി മറ്റൊരു കരാറുകാരനെ ഏൽപ്പിക്കേണ്ടി വന്നതിനാൽ നഗരസഭയ്ക്ക് നേരിട്ട സാമ്പത്തിക നഷ്ടത്തിന് ടി സ്ഥാപനം കൂടി ഉത്തരവാദിയാകുന്നു. 30.9.14ലെ 20ാം നമ്പർ തീരുമാന പ്രകാരം ടി പ്രവൃത്തിയിൽ നിന്നും നിർമ്മിതി കേന്ദ്ര സ്വമേധയാ പിൻമാറിയതു മൂലം സ്പിൽ ഓവർ പ്രൊജക്ട് റദ്ദ് ചെയ്യുന്നതിനും ബിൽ തുക ടി സ്ഥാപനത്തിനു നൽകേണ്ടതില്ലെന്നും പ്രവൃത്തി പൂർത്തീകരിക്കാത്തതു മൂലമുണ്ടായ 11,36,114/-രൂപയുടെ നഷ്ടം നിർമ്മിതി കേന്ദ്രയിൽ നിന്നും ഈടാക്കുവാനും നഗരസഭ തീരുമാനിച്ചു.എന്നാൽ ടി തുക നാളിതു വരെ സ്ഥാപനം അടവാക്കിയിട്ടില്ല.

2014-15സാമ്പത്തിക വർഷത്തിൽ ഹാളിൻെറ നിർമ്മാണം പുതിയ കരാറുകാരെ ഏൽപ്പിക്കുകയും, 2014-15, 2015-16,2016-17എന്നീ മൂന്നു വർഷങ്ങളിലായി ടി കെട്ടിട നിർമ്മാണത്തിനായി വീണ്ടും 20,09,622/-രൂപ ചെലവിടുകയുമുണ്ടായി.

ഫയലിലെ രേഖകൾ പ്രകാരം 31.3.17 ന് പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, ഉദ്ഘാടനത്തിന് ശേഷം 11.6.17, 5.9.17(2എണ്ണം)എന്നീ തീയതികളിലായി ആകെ 3 പരിപാടികളാണ് അവിടെ വച്ച് നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച രജിസ്റ്റർ, വാടക രജിസ്റ്റർ,എന്നിവ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. കൌൺസിൽ തീരുമാനം 16/14.3.17 പ്രകാരം ഹാളിൻെറ വാടക നിരക്ക് നിശ്ചയിച്ചത് താഴെ ചേർക്കുന്നു.

ഹാൾ വാടക - 2000

സേവന നികുതി - 500

വൈദ്യുതി ചാർജ്ജ് - 500

സെക്യൂരിറ്റി ഡെപ്പോസിറ്റ് - 1000

--------

ആകെ - **4500**

**<u>വാടക ഈടാക്കിയതിൽ കുറവ്.</u>**

മൂന്നു തവണ ഹാൾ വാടകയ്ക്കു നൽകിയതിൽ രണ്ട് തവണയും പ്രത്യേക പരിഗണനയിൽ സൌജന്യമായാണ് ഹാൾ അനുവദിച്ചു നൽകിയിട്ടുള്ളത്.6.9.17ന് മഹാദേവ ഭക്തപരിപാലന സമിതിയിൽ നിന്നും സേവന നികുതിയായി 18% GST360/- രൂപയും വൈദ്യുതി ചാർജ്ജ് 700/- രൂപയും സഹിതം ആകെ 4060/- രൂപയാണ് വാടക പിരിച്ചത്.നിശ്ചയിച്ചതിനേക്കാൾ **440/-**രൂപ കുറവ്.വാടക രജിസ്റ്ററിൽ, സേവനനികുതി നിരക്ക്,വൈദ്യുതി നിരക്ക് എന്നിവ തിരുത്തിയെഴുതിയിട്ടുണ്ടെങ്കിലും വാടക നിരക്ക് വ്യത്യാസം വരുത്തിയതിന്റെ കൌൺസിൽ തീരുമാനം ഫയലിൽ ലഭ്യമല്ല.

**<u>ഹാൾ ഉപയോഗം-പ്രായോഗിക ബുദ്ധിമുട്ടുകൾ.</u>**

1. ഓഡിറ്റ് ടീം, കമ്മ്യൂണിറ്റി ഹാൾ നേരിൽ സന്ദർശിച്ചപ്പോൾ,നിലവിൽ ഹാളിൻെറ ഉപയോഗത്തിന് പ്രായോഗിക

ബുദ്ധിമുട്ടുകൾ ഉള്ളതായി കണ്ടു. രണ്ടു നിലകളിലായി പണിത കെട്ടിടത്തിൽ രണ്ടു ശൌചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ ഹാളിനോടു ചേർന്ന് അടുക്കളയിൽ ഒരു സിങ്ക്, ടാപ്പ് എന്നിവ

ഘടിപ്പിക്കുകയും മറ്റ് പ്ലംബിംഗ് പ്രവൃത്തികൾ എല്ലാം ചെയ്തിട്ടുമുണ്ട്. ജലം സംഭരിച്ച വയ്ക്കുന്നതിന് 1000ml വ്യാപ്തിയുള്ള സംഭരണിയും വാങ്ങി വച്ചിട്ടുണ്ട്. എന്നാൽ, ജലം ലഭ്യമല്ല. ചുറ്റമതിലിനകത്ത് സ്ഥലലഭ്യത കുറവായതിനാൽ ഇനിയൊരു കിണർ കുഴിക്കുവാനും നിർവ്വാഹമില്ല. ഹാളിൽ പ്രാഥമികാവശ്യത്തിനോ ദാഹം തീർക്കുവാനോ ജലം ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്.

2. മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള സൌകര്യം ഇല്ലാത്തതാണ് മറ്റൊരു പോരായ്മയായി ചൂണ്ടികാണിക്കാനുള്ളത്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ മാലിന്യ സംസ്കരണത്തിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കാതെയും ജലലഭ്യതയ്ക്കുള്ള സംവിധാനങ്ങൾ ഒരുക്കാതെയും ഹാളിൻെറ പൂർണ്ണമായ ഉപയോഗം ഉറപ്പാക്കുവാൻ കഴിയില്ല.അതു കൊണ്ടു തന്നെ തൊട്ടടുത്തുള്ള നഗരസഭയുടെ തന്നെ പോപ്പ് നഗർ ഹാൾ(6000/-),പുളിപ്പറമ്പ് ഹാൾ(7500/-) എന്നിവയെക്കാളും കുറവ് വാടകയാണ് ഈ ഹാളിന് നിശ്ചയിക്കാനായത്.

ഹാളിൻെറ നിർമ്മാണത്തിനായി ആകെ 26,09,622/-രൂപ ചെലവാക്കിയെങ്കിലും പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് അന്വേഷണ വിധേയമാക്കേണ്ടതാണ്.

നിർമ്മിതി കേന്ദ്രയെ പ്രവൃത്തി ഏൽപ്പിച്ചത് പൂർത്തിയാക്കാഞ്ഞതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നതിന് കൂടുതൽ അന്വേഷണം ആവശ്യമാണ്.

## 3-28 പറവട്ടാനി സ്റ്റോർ നിർമ്മാണം അപാകതകൾ

തൃശ്ശൂർ നഗരസഭ ഹെൽത്ത് വിഭാഗത്തിന് വേണ്ടി പ്ലാസ്റ്റിക്ക് മാലിന്യം സൂക്ഷിക്കുന്നതിന് പറവട്ടാനിയിൽ (Div20)ഒരു ഷെഡ് നിർമ്മിക്കുന്നതിനായിരുന്ന മേൽപറഞ്ഞ സംരംഭം. ടെണ്ടർ നിരക്കിനേക്കാൾ 0.045% കുറവിനാണ് കരാറുകാരൻ ടെണ്ടർ സ്വീകരിച്ചത്.

1.12.15ന് സെലക്ഷൻ മെമ്മോ അയക്കുകയും 9.12.15ന് ആയത് കരാറുകാരൻ കൈപറ്റുകയും ചെയ്തിട്ടുണ്ട്. മെമ്മോ കൈപറ്റി മൂന്ന ദിവസത്തിനകം 200രൂപ മുദ്ര പത്രത്തിൽ കരാർ ചമയ്ക്കുവാനും ജാമ്യ തുക അടവാക്കുവാനും മെമ്മോയിൽ ആവശ്യപ്പെട്ടിരുന്ന വെങ്കിലും കരാർ വച്ചിട്ടുള്ളത് 30.12.15ന് മാത്രമാണ്.

13.1.16ന് ടിയാന് വർക്ക് ഓർഡർ നൽകി. 20.1.16ന് ആയത് കൈപറ്റിയതായി ഫയലിൽ രേഖപ്പെടുത്തലുകളുണ്ട്.എന്നാൽ,PW2-15436/13/19.2.16 നമ്പറായുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കത്തിൽ നിന്നും, വർക്ക് ഓർഡർ നൽകി ഒരു മാസം പിന്നിട്ടിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നു മനസ്സിലാകുന്നു. വർക്ക് ഓർഡർ കൈപറ്റിയിട്ടും പ്രവൃത്തി തുടങ്ങാത്തതിനാൽ കരാറുകാരന് 25.2.16ന് കത്ത് അയച്ചതായി ഫയലിൽ രേഖയുണ്ട്.

കൌൺസിൽ തീരുമാനം 116/2/22.5.15 പ്രകാരമാണ് പ്രവൃത്തിക്കായി എടുത്തത്. നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആവശ്യമായ സ്ഥലപരിശോധന നടത്തിയതിന് ശേഷമാണ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നേടിയിട്ടുള്ളത്. (P/TSR/70 /15-16/20.8.15). എന്നാൽ, പിന്നീട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം പ്ലാനിൽ മാറ്റം വരുത്തുകയും,പ്രവൃത്തിയുടെ അടങ്കൽ തുക 26,20,000 പുതുക്കി നിശ്ചയിക്കുകയും (5.3.17)ചെയ്തു.

ആദ്യം നിശ്ചയിച്ച പ്രകാരമുള്ള പ്ലാനിലെ 6ഇനങ്ങളിൽ 25% ഉയർന്ന നിരക്കിൽ തുക മാറ്റിയതിനാൽ ടെണ്ടറിൽ വ്യതിയാനം സംഭവിക്കുകയും പണി പൂർത്തീകരിക്കുമ്പോഴേക്കും 26,36,869/-രൂപ അന്തിമ ബില്ലിൽ ചെലവ് .(Mbno.999/14/,96-A/15-16/25.3.17). അതായത് 6,36,869/-രൂപ അധികം. 5.3.17 ലെ മേയറുടെ ഉത്തരവിൽ, ടി സംരംഭത്തിന് നീക്കി വച്ച അടങ്കൽ തുകയായ 20,00,000/-രൂപയിൽ നിന്നും ചെലവ് അധികരിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിരുന്നു.



മാലിന്യ സംസ്കരണ യൂണിറ്റ്

ഒരിക്കൽ സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ പ്ലാനിൽ വീണ്ടും മാറ്റം വരുത്തി കരാർ പുതുക്കുകയാണ് ചെയ്തിട്ടുള്ളത്.പ്ലാനിലും അടങ്കൽ തുകയിലും വ്യതിയാനം വന്നെങ്കിലും പുതുക്കിയ പ്ലാനിന് പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമാക്കിയിട്ടില്ല.

പുതുക്കിയ പ്ലാൻ അനുസരിച്ച് പണി പൂർത്തിയാക്കിയതായ സർട്ടിഫിക്കറ്റ് 18.3.17ന് നൽകിയിട്ടുണ്ട്. അന്തിമ ബിൽ 25.3.17ന് സമർപ്പിച്ചതിന് ശേഷം 29.3.17നാണ് ഭരണാനുമതിക്കും സാങ്കേതികാ നുമതി നേടുന്നതിനുമായി ഫയൽ സമർപ്പിച്ച് കാണുന്നത്.(RTS-P/TSR/70/15-16/29.3.17).സപ്ലിമെന്ററി കരാർ ചമച്ച് ഒപ്പു വച്ചിട്ടുള്ളത് അന്തിമബിൽ നൽകിയതിന് ശേഷം,30.3.17നാണ്.വൌച്ചർനം.21606036/30.3.17 പ്രകാരം ആദ്യ കരാർ പ്രകാരമുള്ള മുഴുവൻ തുകയും 20,00,000/-രൂപ കരാറുകാരന് നൽകി കഴിഞ്ഞു. 0.0145%കുറവിനാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. എങ്കിലും മുഴുവൻ തുകയാണ് നൽകിയിട്ടുള്ളത്.

വർക്ക് ഓർഡർ നൽകിയിട്ടും യഥാസമയം പ്രവൃത്തി ആരംഭിക്കാത്തതിൽ കരാറുകാരനിൽ നിന്നും വിശദീകരണമൊന്നും തേടിയിട്ടില്ല.പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം സപ്ലിമെന്ററി കരാർ ചമച്ചതിലെ ഔചിത്യം എന്തെന്ന് വിശദീകരിക്കപ്പെടേണ്ടതാണ്.

20.8.15ന് 20,00,000/- രൂപയ്ക്ക് സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തി 18.3.17ന് 26,36,869/- രൂപയ്ക്കാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഏകവർഷമായി തുടങ്ങിയ പ്രസ്തുത സംരംഭം സ്പിൽ ഓവർ സംരംഭമായി മാറിയതിന് വിശദീകരണം നൽകേണ്ടതാണ്..(SO 108/17).

20.8.15ന് 20,00,000/-രൂപ അടങ്കൽ നിശ്ചയിച്ച പ്രവൃത്തി 25.2.16വരെ ആരംഭിക്കാതെ, 5.3.17 ന് കരാർ പുതുക്കി നിശ്ചയിച്ച് 26,20,000/-രൂപ അടങ്കൽ തുക ഉയർത്തി നിശ്ചയിച്ച് അധികം താമസിയാതെ 18.3.17ന്(ഒരു മാസത്തിനകം) 26,36,869/-രൂപ ചെല വിൽ പൂർത്തിയാക്കി കഴിഞ്ഞു.

# 3-29 പൂത്തോൾ റെയിൽവെ മേൽപ്പാലം നിർമ്മാണം-നിശ്ചലം

ഫയൽ Dw6-26562/13

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ, ദിവാൻജി മൂല വികസിപ്പിക്കുന്നതിൻെറ ഭാഗമായി പൂത്തോൾ ജംഗ്ഷൻ വരെ വീതി കൂട്ടുന്നതിനും ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും വേണ്ടിയാണ് റെയിൽവെ മേൽപാലം(ROB No.77A/32.426Km.) വീതികൂട്ടി പുതുക്കി പണിയാൻ തീരുമാനമെടുത്തത്.

കോർപ്പറേഷൻ കൌൺസിലിൻെറ 29/1/29.8.14 നം. തീരുമാന പ്രകാരമാണ് മേൽപാലം നിർമ്മിക്കുവാൻ ദക്ഷിണ റെയിൽവെക്ക് 7.12കോടി രൂപ സെന്റേജ് അടവാക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.

ഇഉ പ്രകാരം,സെൻേറജ് ചാർജ്ജ് ഇനത്തിൽ **6,33,53,108/-രൂപ** വൈദ്യുതി വിഭാഗത്തിൽ നിന്നും ദക്ഷിണ റെയിൽവേ അധികൃതർക്ക് നൽകിയിട്ടുണ്ട്.

| വൌച്ചർ നം. | തുക(രൂപ) |
|---|---|
| 101/27.11.14 | 14,24,000/- |
| 5/1.6.15 | 6,19,29,108/- |
| | ------------------ |
| ആകെ | **6,33,53,108/-** |

2015ൽ തുക നൽകിയെങ്കിലും പ്രവൃത്തി ആരംഭിയ്ക്കാത്ത സാഹചര്യത്തിൽ 22.4.16ന് മേയറുടെ സാന്നിധ്യത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ 2016 മേയ് പകുതിയോടെ പണി ആരംഭിക്കാമെന്നാണ് റെയിൽവെ അധികൃതർ അറിയിച്ചിട്ടുള്ളത്. ഇത് പ്രകാരം 20.8.16 ന് പണി ആരംഭിച്ചിട്ടുണ്ട് എന്ന് മേയറുടെ DW6-26562/13/28.4.17 നമ്പറായുള്ള റെയിൽവെ മന്ത്രാലയത്തിലേക്കുള്ള കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.








ദിവാൻജിമൂല റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനത്തിന്റെ അറിയിപ്പും നിർമ്മാണം പൂർത്തിയാകാത്ത മേൽപ്പാലവും

മേൽപാലത്തിലേക്കുള്ള അപ്രോച്ച് റോഡുകളുടെ പ്രവൃത്തി ആരംഭിക്കുവാൻ നഗരസഭ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നും പറയുന്നു.

മേൽ പ്രവൃത്തിയിലേക്ക് സെന്റേജ് ചാർജ്ജായി **14,24,000/-രൂപയും(DD-No.256603/3.12.14-SBT-Main),**നിർമ്മാണ ചെലവിലേയ്ക്കായി **6,19,29,108/-രൂപയും(DDNo.256603/1.6.15-SBT-Main)** നഗരസഭ അടവാക്കി കഴിഞ്ഞിട്ടുണ്ട്. (Lr.W.193/I/CN/ERS/ Poothole/3.6.15).**(ആകെ 6,33,53,108/-).**

മേൽപാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോഴും മന്ദഗതിയിൽ തന്നെ തുടരുകയാണ്. അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-30 മണിനാടൻ കോൾപടവ് പമ്പ് സെറ്റ് സ്ഥാപിക്കൽ - പദ്ധതി നടപ്പിലാക്കിയില്ല.

ഫയൽ - പിഡബ്ലിയു -25165/14,

പ്രൊജക്ട് നം.-559/15

ജനകീയാസൂത്രണ പദ്ധതി പ്രകാരം, മണിനാടൻ കോൾപടവിൽ 50എച്ച്പി മോട്ടോർ സ്ഥാപിക്കുന്നതിന് ഗുണഭോക്തൃവിഹിതമുൾപ്പെടെ 500000/-രൂപയുടെ അടങ്കൽ തുക നിശ്ചയിച്ചയിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു.

ടി പ്രവൃത്തി നിർവ്വഹിക്കുവാൻ മണിനാടൻ കോൾ കർഷക സമിതിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പ്രവൃത്തി പൂർത്തിയാക്കുവാനായി കൊട്ടേഷൻ ക്ഷണിച്ചതിൽ മൂന്നു പേർ കൊട്ടേഷൻ സമർപ്പിച്ചതായി കാണുന്നുണ്ട്. പിന്നീട്, 16.9.14, 3.3.15, 18.12.14, 8.5.17 എന്നീ തീയതികളിൽ പാടശേഖര കൺവീനർ മോട്ടോറും പമ്പു സെറ്റും അനുവദിക്കുന്നതിനു നടപടികളെടുക്കുവാൻ അപേക്ഷിച്ചു കൊണ്ട് നഗരസഭയ്ക്ക് കത്തും നൽകി കാണുന്നുണ്ട്.

എന്നാൽ, മോട്ടോർ വാങ്ങി സ്ഥാപിച്ചതിൻെറയോ മറ്റ് തുടർനടപടികളോ ഗുണഭോക്തൃവിഹിതം അടവാക്കിയതിൻെറ വിവരമോ ഫയലിൽ നിന്നും ലഭ്യമല്ല.

പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്നും 2014-15 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടതു സംബന്ധിച്ചും വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.(18/28.7.17).

പൊതുജനോപകാരപ്രദങ്ങളായ ഇത്തരം പദ്ധതികൾ കടലാസ്സിൽ മാത്രം ഒതുങ്ങി പോവുന്നത് നിരാശാജനകമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 3-31 കരാർ പ്രവൃത്തികളുടെ ഫോട്ടോ ഹാജരാക്കിയിട്ടില്ല.

**ഫയൽ പിഡബ്ലിയു 2-7309/15**

തൃശ്ശൂർ കോർപ്പറേഷൻ അംഗീകൃത കരാറിൽ നിന്നും നഗരസഭയ്ക്ക് വേണ്ടി വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് ദർഘാസുകൾ ക്ഷണിക്കുമ്പോൾ തന്നെ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അവസാന ബിൽ തുക ലഭിക്കുന്നതിനു വേണ്ട ഉപാധികളും നിഷ്കർഷിച്ചിട്ടുണ്ട്.

പ്രവൃത്തി തുടങ്ങുന്നതിന് മുൻപും പൂർത്തീകരിച്ചതിനു ശേഷവുമുള്ള സൈറ്റിൻെറ ഫോട്ടോ സഹിതം ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമേ അന്തിമതുക അനുവദിക്കുകയുള്ളൂ എന്ന് ദർഘാസ് പരസ്യത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ, ഓഡിറ്റിന് ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ യാതൊന്നിലും പ്രവൃത്തി സംബന്ധിച്ച ഫോട്ടോകൾ കാണുകയുണ്ടായില്ല.ബിൽ(ഫോട്ടോയുടേത് ഉൾപ്പെ ടാതെ) അന്തിമതുക അനുവദിച്ചു നൽകിയിട്ടുമുണ്ട്. ഇത് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

2016-17 കാലയളവിൽ നടത്തിയ പ്രവൃത്തികളുടെ ഫോട്ടോകൾ പ്രത്യേക ഫയലായി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് അന്വേഷണ കുറിപ്പ് നൽകിയതിന് മറുപടി ലഭിച്ചില്ല.(ഓഡിറ്റ് അന്വേഷണം നം. /8.8.17).

കരാറുകാരെ വച്ച് നടത്തപ്പെടുന്ന പ്രവൃത്തികൾ, കാനവൃത്തിയാക്കൽ, കുളം വൃത്തിയാക്കൽ തുടങ്ങിയവ പ്രത്യേകിച്ചും, പണി പൂർത്തീകരിച്ച് കരാറുകാരന് പണം പാസ്സാക്കി നൽകിയ ശേഷം,പ്രസ്തുത വൌച്ചറുകൾ ഓഡിറ്റിൻെറ പരിശോധനയ്ക്ക് എത്തുമ്പോഴേക്കും ചെയ്ത പ്രവൃത്തികളുടെ യഥാർത്ഥ ചിത്രം എന്തെന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കാതെ വരുന്നു. ഇക്കാരണം കൊണ്ടു കൂടിയാണ്

ദർഘാസ് പരസ്യങ്ങളിൽ,പ്രവൃത്തിയുടെ ഫോട്ടോ ഉൾപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്ന വ്യവസ്ഥക്ക് പ്രസക്തിയേറുന്നത്.

ദർഘാസിലെ വ്യവസ്ഥകൾ പാലിക്കാതെ അന്തിമ തുക നൽകുന്നത് ഉചിതമായ നടപടിക്രമമല്ല.

# 3-32 ടാർ വാങ്ങിയതിനാൽ നഗരസഭയ്ക്ക് അധിക ബാധ്യത

പ്രൊജക്റ്റ് നം. 262/17-ഡിവിഷൻ 49-ലെ അമ്പാടി കുളം റോഡ് ബൈലൈൻ സീതാറാം ക്വാർട്ടേഴ്സ് ബൈലൈൻ, എസ്.എം. ലൈൻസ് ബൈലൈൻ റീ-ടാറിംഗ്.

**ഫയൽ നം. - പി.ഡബ്ല്യൂ.4-28715/16**

**എം.ബുക്ക് - 342(എ) 16-17**

20 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഈ പ്രവൃത്തി 14.519% കുറഞ്ഞ നിരക്കിൽ ടെണ്ടർ ക്വാട്ട് ചെയ്ത ശ്രീ. എം. രാമചന്ദ്രന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടാർ ഡിപ്പാർട്ട്മെന്റലായാണ് സപ്ലൈ ചെയ്തിരിക്കുന്നത്.

ഈ പ്രവൃത്തിയ്ക്ക് ഉപയോഗിച്ച ടാറിന്റെ യഥാർത്ഥ വില

S-65ന് 34869.70/MT + Con. 1150 രൂപയും

RS1 ന് 36660.78/MT + Con. 1150 രൂപയും (1897.14 രൂപ കുറവ് ) ആണ്.

എം.ബുക്ക് പ്രകാരം ടാറിന് ചെലവായ തുകയുടെ വിവരം

S-65ന് 32972.56/MT യും

RS1 ന് 34456.84/MT യും മാത്രമാണ് കുറവ് ചെയ്തിരിക്കുന്നത്.

S-65ന് 1897.14 രൂപ കുറവും RS1 ന് 2203.94 രൂപ കുറവുമാണ് കോൺട്രാക്ടറുടെ കൈയിൽ നിന്നും വാങ്ങിയിരിക്കുന്നത്.

(1897.14 x 1878.09/1000 = 3562.99

2203.94 x 17958.60/1000 = 39579.68

------------------

= 43142.67

===========

മുനിസിപ്പൽ കോർപ്പറേഷൻ ടാർ വാങ്ങി നൽകുന്നതിന്റെ അധിക വില നൽകുന്നതിന് പ്രൊജക്റ്റ് വച്ചതായി കാണുന്നില്ല. ഈ ഒരു പ്രവൃത്തിയ്ക്കുമാത്രം ടാർ വാങ്ങി നൽകിയതു വഴി ഈ ഇനത്തിൽ മുനിസിപ്പൽ കോമൺ ഫണ്ടിൽ നിന്നും 43,142.67 രൂപ അധിക ചെലവ് വന്നിട്ടുണ്ട്. പ്ലാൻ ഫണ്ടുപയോഗിച്ച് ചെയ്ത എല്ലാ പ്രവൃത്തികൾക്കും ഇത്തരത്തിൽ ടാറിന് അധികം വന്ന വില നഗരസഭ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ മൂലം നഗരസഭയ്ക്ക് അധികബാദ്ധ്യത വരാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-33 ടാറിന് കുറവ് വില ഈടാക്കി

2016-17 സാമ്പത്തികവർഷത്തിൽ നഗരസഭ നടപ്പിലാക്കിയ എല്ലാ ടാറിംഗ് പ്രവൃത്തികൾക്കും ബിറ്റുമിൻ ഡിപ്പാർട്ടുമെന്റലായാണ് സപ്ലൈ നടത്തിയിരിക്കുന്നത്. ടാറിംഗ് പ്രവൃത്തികൾക്കെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSOR-14 പ്രകാരമാണ്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കോൺട്രാക്ടേഴ്സ് പ്രൊഫിറ്റ് 10%, ഓവർഹെഡ്സ് ചാർജ്ജസ് 10%, കോസ്റ്റ് ഇൻഡക്സ് 36.19% കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിറ്റുമിൻ ഡിപ്പാർട്ടുമെന്റൽ സപ്ലൈ ആയതിനാൽ ബിറ്റുമിന്റെ വില കോൺട്രാക്ടറിൽ നിന്നും ഈടാക്കുമ്പോൾ CP, OH Charge, Cost Index എന്നിവ കൂടി ഉൾപ്പെടുത്തിയ തുക (DSOR -14 പ്രകാരമുള്ള ബിറ്റുമിന്റെ വില + 56.19%) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ടാറിംഗ് പ്രവൃത്തികൾക്കെല്ലാം ബിറ്റുമിൻ വില മാത്രമാണ് ഈടാക്കിയിരിക്കുന്നത്.

ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

**ഫയൽ നം. - PW4-29743/2016**

**പ്രൊജക്റ്റ് നം. - 344/17**

**എം. ബുക്ക് - 342/16-17**

ചങ്ങരംഗത്ത് റോഡ് കണ്ണപുരം അമ്പലം റോഡ് കരിമ്പനത്താഴം റോഡ്, തരകത്ത് റോഡും ബൈലൈനുകളും, ചേറ്റുപുഴ അരണാട്ടുകര റോഡും ബൈലൈനുകളും, കണ്ണപുരം പ്രിയദർശിനി റോഡും ബൈലൈനുകളും, മനപ്പള്ളി മന റോഡും ബൈലൈനുകളും റീടാറിംഗ്.

എം.ബുക്ക് പ്രകാരം പ്രവൃത്തിയ്ക്ക് ഉപയോഗിച്ച ടാർ S-65

8977.77 @ 39896.80 /MT = 358184.29

T.S. No. 49591/2016-17. dated, 22.12.2016 പ്രകാരം ഈ പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ട SOR-DSOR -14 ആണ്.

DSOR പ്രകാരം S-65 ടാറിന്റെ വില - 39,283.00

+ 10% CP - 3,928.30

+ 10% OH Charge - 3,928.30

+ 36.19% Cost Index - 14,216.52

Total - 61,356.12

========

ഈ പ്രവൃത്തിയ്ക്കായി ടാറിന് ഈടാക്കേണ്ട തുക

8977.77 Kg. X ₹ 61356.12/MT = ₹ 5,50,841.13

ടാറിന്റെ വില ഈടാക്കിയതിലെ വ്യത്യാസം - 550841.13 – 358184.29

= ₹ 1,92,656.84

==========

ഇതുസംബന്ധിച്ച് 26.08.2017ന് ഓഡിറ്റ് എൻക്വയറി നം. 43 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2016-17 സാമ്പത്തിക വർഷം കോർപ്പറേഷൻ നടപ്പിലാക്കിയ എല്ലാ ടാറിംഗ് പ്രവൃത്തികൾക്കും ടാറിന്റെ വില കുറച്ച് കണക്കാക്കി കോൺട്രാക്ടർമാർക്ക് അധികം തുക നൽകിയിട്ടുണ്ട്.

ആയതിന് സമഗ്ര അന്വേഷണം നടപ്പാക്കേണ്ടതും കോൺട്രാക്ടർമാർക്ക് അധികമായി നൽകിയ തുക തിരിച്ചടച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിന് അറിയിക്കേണ്ടതുമാണ്.

## 3-34 ടാർ - സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.

ഫയൽ നം. പി.ഡബ്ല്യു. 5-31610/2016 പ്രകാരം 2016-17 സാമ്പത്തികവർഷത്തിൽ 3,82,97,926/- രൂപ ടാർ വാങ്ങുന്നതിനായി HPCL & HINCOL സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ എത്ര തുകയുടെ ടാർ നഗരസഭയിൽ ലഭിച്ചു എന്നതിന് രേഖകളില്ല. ഫയൽപ്രകാരം സ്റ്റോക്ക്, ഇൻവോയ്സ് എന്നിവ ഹാജരാക്കുവാൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ആയവ ഹാജരാക്കേണ്ടതാണ് എന്ന് കോർപ്പറേഷൻ എഞ്ചിനീയർ 13.03.2017ന് സ്റ്റോർ ഇൻ-ചാർജ്ജായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കുറിപ്പ് നൽകിയിട്ടുണ്ട്. ആയതിന് മാർച്ച് 2017ന് സ്റ്റോക്ക് ക്ലിയർ ചെയ്ത് നൽകുന്നതാണെന്ന് 20.03.2017ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 22.08.2017ന് നം. 42 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തത് സംബന്ധിച്ച് 2015-16 റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ടാർ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് വാല്യൂ ഉൾപ്പെടെ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത്തരം രേഖപ്പെടുത്തലുകൾ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. പരാമർശിത അപാകതകൾ പരിഹരിക്കുന്നതിലേയ്ക്ക് ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

ചെലവ് സംബന്ധിച്ച കൃത്യമായ കണക്കുകൾ/രേഖകൾ ഹാജരാക്കുന്നതുവരെ 3,82,97,926/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-35 എൽ.ഐ.സി. മുതലായ ഇൻഷുറൻസ് സ്ഥാപനങ്ങളിലേയ്ക്കും,ബാങ്കിങ്ങ് സ്ഥാപനങ്ങളിലേയ്ക്കും, എംപ്ളോയീസ് സഹകരണ സംഘങ്ങളിലേയ്ക്കും, മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലേയ്ക്കും കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത് അടയ്ക്കുന്ന പ്രീമിയം,ലോൺ അപാകതകൾ:-

ഫയൽ നമ്പർ PH6-1127/11

എൽ.ഐ.സി. മുതലായ ഇൻഷുറൻസ് സ്ഥാപനങ്ങളിലേയ്ക്കും,ബാങ്കിങ്ങ് സ്ഥാപനങ്ങളിലേയ്ക്കും,

എംപ്ളോയീസ് സഹകരണ സംഘങ്ങളിലേയ്ക്കും, മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലേയ്ക്കും 2016-17 വർഷത്തിൽ താഴെ കാണുന്ന രീതിയിൽ കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത് അടവ് ചെയ്തിട്ടുണ്ട്.

| മാസം | ചെക്ക് നമ്പർ | വൗച്ചർ നമ്പർ | തീയ്യതി | തുക (രൂപ) |
|---|---|---|---|---|
| 3/16 | 224938 to 224957 | 21600114 to 21600131 | 07/4/2016 | 6,59,912 |
| 4/16 | 225209 to 225229 | 21600541 to 21600561 | 09/05/2016 | 6,67,846 |
| 5/16 | 225456 to 225477 | 21600886 to 21600952 | 06/06/16 | 6,62,968 |
| | 225596 | 21601056 | 20/06/2016 | 10,995 |
| 6/16 | 468952 to 468971 | 21601300 to 21601319 | 07/07/2016 | 6,47,341 |
| 7/16 | 469247 to 469266 | 21601740 to 21601759 | 09/08/2016 | 6,53,591 |
| 8/16 | 469493 to 469512 | 21602117 to 21602136 | 09/09/2016 | 6,92,339 |
| 9/16 | 469657 to 469676 | 21602375 to 21602394 | 04/10/2016 | 6,79,172 |
| | 469820 | 21602615 | 25/10/2016 | 3,000 |
| 10/16 | 469892 to 469910 | 21602755 to 21602773 | 03/11/2016 | 6,73,921 |
| 11/16 | 730094 to 730116 | 21603307 to 21603327 | 07/12/2016 | 7,42,663 |
| | 74704 | 21603571 | 28/12/2016 | 64,400 |
| 12/16 | 819976 to 819995 | 21603798 to 21603817 | 09/01/2017 | 6,79,644 |
| 01/17 | 820297 to 820315 | 21604427 to 21604430 4436,4439, 4448,4449, 51,59,63, | 14/02/2017 | 6,59,144 |

| | | | | |
|---|---|---|---|---|
| | | 68,73 | | |
| 02/17 | 277083 to 277098 | 21605424, 5428,5430, 5434,5437, 38,43,46, 48,49 to 54 | 23/03/2017 | 6,44,551 |
| ആകെ | | | | 81,41,487 |

എന്നാൽ പ്രസ്തുത തുകകൾ അതാത് സ്ഥാപനങ്ങളിൽ ലഭിച്ചതിൻെറ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല.ആയത് ശേഖരിക്കേണ്ടതും ഫയലിൽ ചേർക്കണ്ടതുമാണ്.

# 3-36 എൽ.ഐ.സി. മുതലായ ഇൻഷുറൻസ് സ്ഥാപനങ്ങളിലേയ്ക്കും, ബാങ്കിങ്ങ് സ്ഥാപനങ്ങളിലേയ്ക്കും,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കും, എംപ്ളോയീസ് സഹകരണ സംഘങ്ങളിലേയ്ക്കും റഗുലർ ജീവനക്കാരുടെശമ്പളത്തിൽ നിന്നുംറിക്കവറി ചെയ്ത് അടയ്ക്കുന്ന പ്രീമിയം,ലോൺ .അപാകതകൾ:-

ഫയൽ നമ്പർ A6-20974/16

| മാസം | ചെക്ക് നമ്പർ | വൗച്ചർനമ്പർ | തീയ്യതി | തുക(രൂപ) |
|---|---|---|---|---|
| 3/16 | 224886 to 224905 | 21600045 to 2160064 | 02/4/16 | 6,95,752 |
| 4/16 | 2251112 to 2251192 | 21600472 to 21600504 | 06/05/16 | 7,17,854 |
| 5/16 | 225425 to 225446 | 21600841 to 21600864 | 04/6/16 | 676,687 |
| 6/16 | 225722 to 225741 | 21601235 to 21601256 | 04/7/16 | 727,630 |
| 7/16 | 469221 to 469241 | 21601690 to 21601717 | 5/8/16 | 725,144 |
| 8/16 | 469439 to 469459 | 21602026 to 21602053 | 05/9/16 | 678,094 |
| 9/16 | 469699 to | 21602408 to | 05/10/16 | 742,031 |

| | | | | |
|---|---|---|---|---|
| | 469725 | 21602434 | | |
| 10/16 | 469922 to 469939 | 21602788 to 21602813 | 04/11/16 | 736,926 |
| 11/16 | 730063 to 730080 | 21603260 to 21603274,3290 | 05/12/16 | 739,807 |
| 12/16 | 819928 to 819955 | 21603742 to 21603766 | 06/1/17 | 730,763 |
| 01/17 | 820196 to 820213 | 21604195 to 21604221 | 03/2/17 | 727,584 |
| 02/17 | 820485 to 820503 | 21604908 to 21604935 | 03/3/17 | 766,986 |
| | 249818 | 21605037 to 21605038 | 07/3/17 | 6,000 |
| ആകെ | | | | 86,71,258 |

എന്നാൽ പ്രസ്തുത തുകകൾ അതാത് സ്ഥാപനങ്ങളിൽ ലഭിച്ചതിൻെറ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല.ആയത് ശേഖരിക്കേണ്ടതും ഫയലിൽ ചേർക്കേണ്ടതുമാണ്.

## 3-37 പ്രൊവിഡന്റ് ഫണ്ട് വിഹിതം അടവ്- അപാകതകൾ :-

ഫയൽ നമ്പർ - A3-221/13

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രൊവിഡൻറ് വിഹിതം താഴെ കാണുന്ന രീതിയിൽ റിക്കവറി ചെയ്ത് നഗരകാര്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരത്തിന് അയച്ചു കാണുന്നു.

| മാസം | ചെക്ക് നമ്പർ | വൗച്ചർ നമ്പർ | തീയ്യതി | തുക(രൂപ) |
|---|---|---|---|---|
| 3/16 | 224880 | 21600040 | 02/4/16 | 15,10,650 |
| 4/16 | 225130 | 21600422 | 02/5/16 | 15,17,612 |
| 5/16 | 225391 | 21600794 | 02/6/16 | 15,28,293 |
| 6/16 | 225675 | 21601189 | 02/7/16 | 15,48,193 |
| 7/16 | 469190 | 21601655 | 03/8/16 | 15,59,743 |
| 8/16 | 469409 | 21601993 | 01/9/16 | 15,92,050 |
| 9/16 | 469647 | 21602352 | 03/10/16 | 16,40,335 |
| 10/16 | 469885 | 21602745 | 02/11/16 | 16,02,488 |
| 11/16 | 730051 | 21603246 | 03/12/16 | 15,92,366 |
| 12/16 | 819909 | 21603709 | 04/01/16 | 15,77,345 |

| | | | | |
|---|---|---|---|---|
| 01/17 | 820185 | 21604188 | 01/02/17 | 16,63,015 |
| 02/17 | 820479 | 21604902 | 03/3/17 | 17,24,820 |

ആകെ 1,90,56,910

എന്നാൽ പ്രസ്തുത തുകകൾ നഗരകാര്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരത്തിന് ലഭിച്ചതിൻെറ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല.ആയത് ശേഖരിക്കേണ്ടതും ഫയലിൽ ചേർക്കണ്ടതുമാണ്.

# 3-38 റോഡ് ബോണ്ട് മിക്സ് വാങ്ങൽ സംബന്ധിച്ച് - അപാകതകൾ

വൗച്ചർ നമ്പർ 21601569 പ്രകാരം ചെക്ക് നമ്പർ 469148 അനുസരിച്ച് 608,785/- രൂപ ( ഡി.ഡി.നം:949324 , എസ്.ബി.ടി.,
തൃശ്ശൂർ. തീ:26/7/16)1500 ബാഗ് (37500KG) ടാർ വാങ്ങുന്നതിന് കൊച്ചി HPCL ന് നൽകുന്നതിനായി ചെലവഴിച്ച കാണുന്നു.

ആയതിന്റെ ഫയലിൽ (PW5-17616/16) വാങ്ങിച്ചത് ബിറ്റുമിൻ എന്നും,ഹിൻകോൾ റോഡ് ബോണ്ട് പോട്ട്ഹോൾ ഫില്ലിംഗ് റെഡിമിക്സ് എന്നും മാറി മാറി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് സംബന്ധിച്ച് ഓഡിററ് എൻക്വയറി (എൻക്വയറി നമ്പർ 25 തീയ്യതി 05/8/17 )നൽകിയതിന് തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയറുടെ 27/09/2017 ലെ(ഓഫീസിൽ ലഭിച്ചത് 06/10/2017) മറുപടിയിൽ ,വാങ്ങിച്ചത് ഹിൻകോൾ റോഡ് ബോണ്ട് മിക്സ് ആണെന്ന് വ്യക്തമാക്കുകയും, ഹിന്ദുസ്ഥാൻ കോളാസ് ലിമിറ്റഡ് (A joint venture of Hindustan Petroleum Copn Ltd with COLAS SA, France Regd Office D-500,TTC Ind Area ,MIDC ,Turbhe, Navi Mumbai -400705) ൽ നിന്നും വാങ്ങിച്ചതിന്റെ ഇൻവോയ്സ് താഴെപ്പറയുന്ന രീതിയിൽ ഹാജരാക്കി.

| ഇൻവോയ്സ് നം. | തീയതി | ഇനവിവരം | നിരക്ക് | തുക |
|---|---|---|---|---|
| COK 0188 (6TH COPY-EXTRA COPYയുടെ PHOTOSTAT ഹാജരാക്കി. | 30/07/16 | HINCOL ROAD BOND 10MT 400BAGS TIN NO: 32070321821 VAT ആകെ | 12,722 14.5% | 127,220/ 18,447 145,667 |
| COK 0196 (6TH COPY-EXTRA COPYയുടെ PHOTOSTAT ഹാജരാക്കി. | 09/8/16 | - DO- ആകെ | 12,722 14.5% | 127,220 18447 145,667 |
| COK 0206 | 03/9/16 | HINCOL ROAD BOND | 12,722 | |

| | | | | |
|---|---|---|---|---|
| INVOICE ന്റെ<br>ORIGINAL COPY(FOR BUYER)ഹാജരാക്കി. | | 8.75MT<br>350 BAGS<br>VAT<br>ആകെ<br>Round to | 14.5% | 111,318<br>16,141<br>127,459<br>127,457 |
| COK 0207<br>INVOICE ന്റെ<br>ORIGINAL COPY(FOR BUYER)ഹാജരാക്കി.<br>COK 0207<br>INVOICE ന്റെ<br>ORIGINAL COPY(FOR BUYER)ഹാജരാക്കി. | 03/9/16 | HINCOL<br>ROAD BOND<br>8.75MT<br>350 BAGS<br>VAT<br>ആകെ | 12,722<br>14.5% | 111,318<br>16,141<br>127,459 |
| ആകെ | | | | 546,250 |

ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ്, (C/O Hindustan Petroleum Corporation Limited ,130/1, Sebastain Street, SD Road , Secundarabad , 500003, Mobile No:9100954590), സൂപ്രണ്ടിംഗ് എഞ്ചിനീയർ, തൃശ്ശൂർ കോർപ്പറേഷന് 19/7/16 ന് അയച്ച കത്തിൽ റോഡ് ബോണ്ട് സപ്ലൈ ഓഫർ ചെയ്യുന്നത് 546,250/- രൂപയും, ആർ.എസ്. 1 -ഇമൽഷൻ ടാക്ക് കോട്ട് 62,535/- രൂപയും ആണ്.

മേൽപ്പറഞ്ഞ വാങ്ങലിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1- ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പക്കൽ നിന്നും മേൽപ്പറഞ്ഞ 546,250/- രൂപയുടെ വാങ്ങൽ സംബന്ധിച്ച ക്യാഷ് ബിൽ, പേയീസ് രസീറ്റ് തുടങ്ങിയവ ലഭിച്ചതായി കാണുന്നില്ല.

2 - മൊത്തം 608,785/- രൂപ ചെലവഴിച്ചതിൽ 62,535/- രൂപ യുടെ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഇപ്പോഴും ഹാജരാക്കിയില്ല.

3- ഹിൻകോൾ റോഡ് ബോണ്ട് മിക്സിന്റെ (Received Qty 1,500 bags) സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കി. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ അവസാനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.(തീയ്യതി രേഖപ്പെടുത്തിയിട്ടില്ല).

ടി രജിസ്റ്ററിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

1 -ഇഷ്യൂകളുടെ നേരെ ആയതിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

2- ഇഷ്യൂകൾ ,റസീപ്റ്റ് കോളത്തിൽ തന്നെ രേഖപ്പെടുത്തി കാണുന്നു.

# 3-39 പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്കുള്ള അടവ്- അപാകതകൾ

ഫയൽ നമ്പർ :A7-29792/13

പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും വിഹിതം നഗരകാര്യ വകുപ്പ് ഡയറക്ടറുടെ SBT A/C No. 67308468893 ലേയ്ക്ക് അടയ്ക്കുന്നതിനു വേണ്ടി താഴെ കാണുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ | വൗച്ചർ നമ്പർ | തീയ്യതി | തുക (രൂപ) |
|---|---|---|---|
| 724696 | 21602964 | 16/11/16 | 14,24,112 |
| 819861 | 21603598 | 29/12/16 | 81,114 |
| 819862 | 21603601 | | 1,04,670 |
| 820250 | 21604283, 21604284 | 08/02/17 | 46,342<br>46,342 |
| ആകെ | | | 17,02,580 |

എന്നാൽ പ്രസ്തുത തുകകൾ നഗരകാര്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരത്തിന് ലഭിച്ചതിൻെറ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല. ആയത് ശേഖരിക്കേണ്ടതും ഫയലിൽ ചേർക്കേണ്ടതുമാണ്.

# 3-40 <u>ലൈബ്രറി സെസ്സ് അടവ്- അപാകതകൾ</u>

ഫയൽ നമ്പർ - R1-22374/15

എക്കൗണ്ട്സ് ഓഫീസർ,സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ,തിരുവനന്തപുരത്തിന് താഴെ കാണുന്ന രീതിയിൽ ലൈബ്രറി സെസ്സ് അടച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ | വൗച്ചർ നമ്പർ | തീയ്യതി | തുക(രൂപ) |
|---|---|---|---|
| 224921 | 21600096 | 06/4/16 | 8,56,625 |
| 469911 | 21602774 | 04/11/16 | 40,97,347 |
| 730059 | 21603256 | 03/12/16 | 4,56,707 |
| 820285 | 21604345 | 10/02/17 | 12,77,130 |
| 277040 | 21605316 | 17/3/17 | 17,36,659 |
| ആകെ | | | 84,24,468 |

എന്നാൽ ആയതിൽ ₹.8,56,625, ₹.17,36,659 എന്നീ അടവുകൾ, എക്കൗണ്ട്സ് ഓഫീസർ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ,തിരുവനന്തപുരത്തിന് ലഭിച്ചതിൻെറ രേഖകൾ ഓഡിററിന്ഹാജരാക്കിയില്ല.ആയത്ശേഖരിക്കേണ്ടതും ഫയലിൽ ചേർക്കേണ്ടതുമാണ്.

# 3-41 <u>തൊഴിൽ രഹിത വേതന വിതരണം -</u>

# അക്വിററൻസ് അപാകതകൾ

ഒല്ലൂർ, ഒല്ലൂക്കര, കൂർക്കഞ്ചേരി, അയ്യന്തോൾ, വിൽവട്ടം എന്നീ സോണൽ ഓഫീസുകളുടെയും തൃശ്ശൂർ മെയ്യിന്റെയും അക്വിറ്റൻസ് ഓഡിററിന് ഹാജരാക്കി.എല്ലാ അക്വിററൻസ് പ്രകാരവും തീയ്യതി രേഖപ്പെടുത്താതെ ഒപ്പിട്ട ഗുണഭോക്താക്കൾക്കും തൊഴിൽ രഹിത വേതന വിതരണം ചെയ്തതായി കാണുന്നു. അയ്യന്തോൾ സോണൽ ഓഫീസിന്റെ അക്വിററൻസ് ഒഴികെ മററു അക്വിറ്റൻസുകളിലൊന്നും തന്നെ ഓഫീസ് മേധാവിയോ,അഥവാ ആയതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

# 3-42 സിനിമ തീയ്യേററററുകളിൽ നിന്നും പിരിച്ചെടുക്കുന്ന സെസ്സ് അടയ്ക്കുന്നതിലെ അപാകതകൾ :-

ഫയൽ നമ്പർ - R1-27181/15

സിനിമ തീയ്യേറററുകളിൽ നിന്നും 25/-രൂപ കവിയുന്ന ടിക്കറ്റിന് 3/- രൂപ വെച്ച് പിരിച്ചെടുക്കുന്ന സെസ്സ് , സെക്രട്ടറി, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം SBT യിലെ A/C No.67209773080 ലേയ്ക്ക് അടയ്ക്കുന്നതിനു വേണ്ടി താഴെ കാണുന്ന രീതിയിൽ ചെലവ് ചെയ്തിട്ടുണ്ട്.

| ചെക്ക്നമ്പർ | വൗച്ചർനമ്പർ | തീയ്യതി | തുക( രൂപ) |
|---|---|---|---|
| 225582 | 21601036 | 17/6/16 | 15,74,238 |
| 469111 | 21601522 | 21/7/16 | 3,67,845 |
| 469403 | 21601949 | 31/8/16 | 5,58,891 |
| 469604 | 21602269 | 28/9/16 | 4,54,768 |
| 469834 | 21602637 | 26/10/16 | 5,95,510 |
| 819910 | 21603710 | 04/01/16 | 11,35,047 |
| 82033 | 21604632 | 15/02/17 | 7,53,933 |
| | | ആകെ | 54,40,232 |

എന്നാൽ പ്രസ്തുത തുകകൾ സെക്രട്ടറി, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്,തിരുവനന്തപുരത്തിന് ലഭിച്ചതിൻെറ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.ആയത് ശേഖരിക്കേണ്ടതും ഫയലിൽ ചേർക്കേണ്ടതുമാണ്.

# 3-43 മുൻകൂറുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് :-

മുൻകൂർ രജിസ്റ്റർ പരിശോധനയിൽ താഴെപ്പറയുന്ന അഡ്വാൻസുകൾ ഇതുവരേയും ക്രമീകരിച്ച കാണുന്നില്ല.

| അഡ്വാൻസ് നൽകിയ | അഡ്വാൻസ് ലഭിച്ച | ഫയൽ നമ്പർ | തുക |
|---|---|---|---|

| തീയതി | ഉദ്യോഗസ്ഥൻ | | |
|---|---|---|---|
| 27/4/16 | മഹേന്ദ്ര PA,AE | PW2-28887/15 | രൂ2,00,000 |
| 06/8/16 | ടി | ടി | രൂ2,00,000 |
| 19/7/16 | ഡിറ്റോ ദാസ് AE | OLR/PW<br>OLR ZONE 20R/2016 | രൂ1,500 |
| 8/9/16 | TD ഫ്രാൻസിസ്<br>PWO I | PW3/21677 | രൂ1,30,000 |
| 10/11/16 | മഹേന്ദ്ര PA,AE | PW4-26847/16 | രൂ50,000 |
| 16/11/16 | ആൽഫ്രഡ് VP,clerk | PH5-26412/16 | രൂ1,00,000 |
| 24/01//17 | താജുദ്ദീൻ,HI,circle 6 | PH6-1324/17 | രൂ1,50,000 |
| 03/03/17 | TK സോമൻ ,Plg.Spd | PC5-27481/16 | രൂ 30,000 |
| 22/03//17 | TM റാഫി മോൻ,JHI | AYL/R4/1628/16 | രൂ6,000 |
| 28/03/17 | സരിത.KH,AE | PW5/29892/16 | രൂ42,900 |

മേൽപ്പറഞ്ഞ അഡ്വാൻസുകൾ ക്രമീകരിക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്.

അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ Adjustment bill സമർപ്പിക്കാത്ത എല്ലാ അഡ്വാൻസുകളും18% പിഴ പലിശ സഹിതവും, Adjustment bill സമർപ്പിച്ച എല്ലാ അഡ്വാൻസുകളുടെയും ചെലവഴിക്കാത്ത തുകയുടെ 18% പിഴ പലിശ സഹിതവും പ്രസ്തുത ഉദ്യോഗസ്ഥൻമാരിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ അടക്കേണ്ടതാണ്

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | തുക നിക്ഷേപിച്ച | തുക (രൂപ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | സ്ഥാപനം | |
| 1 | 204/16-17 | ഡിവിഷൻ 52 – കാനാട്ടുകര ഉയർന്ന പ്രദേശത്ത് കുഴൽ കിണർ കുടിവെള്ള പദ്ധതി | GWD | 3,50,000/- |
| 2 | 219/16-17 | ഡിവിഷൻ 21 – സൗത്ത് പാർക്ക് കുഴൽ കിണർ സ്വാശ്രയ കുടിവെള്ള പദ്ധതി | GWD | 3,50,000/- |
| 3 | 351/16-17 | ഡിവിഷൻ 42-ലെ കണിമംഗലം വലിയാലുക്കൽ അമ്പലം ഭാഗത്ത് കുഴൽ കിണർ കുടിവെള്ള പദ്ധതി | KWA | 11,20,000/- |
| 4 | 407/16-17 | നെല്ലങ്കര, മുക്കാട്ടുകര കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ – ഡിവിഷൻ 10 | KWA | 10,00,000/- |
| 5 | 412/16-17 | ഡിവിഷൻ18ലെ ഇലഞ്ഞിക്കുളം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | KWA | 2,00,000 |
| 6 | 413/16-17 | ഡിവിഷൻ 16-ൽ പനഞ്ചകം ചിറയ്ക്കടുത്ത് ടാങ്ക് നിർമ്മിച്ച് നിലവിലെ കിണറിൽ നിന്ന് കുടിവെള്ള പദ്ധതി | KWA | 6,67,000/- |
| 7 | 470/16-17 | ഡിവിഷൻ 17-ലെ വട്ടക്കല്ല് ഉദയഗിരി കുടിവെള്ള പദ്ധതിക്കുവേണ്ട് പൈപ്പ് ലൈൻ നീട്ടൽ | KWA | 3,50,000/- |
| 8 | 551/16-17 | ഒല്ലൂർ സോൺ – ഐക്യ നഗർ പൊതുകിണർ കുടിവെള്ള പദ്ധതി | GWD | 5,50,000/- |
| 9 | 552/16-17 | ഒല്ലൂർ സോൺ – അഞ്ചേരി വിഷവൈദ്യ റോഡിനടുത്ത് പുറമ്പോക്ക് പ്രദേശത്ത് കുടിവെള്ള പദ്ധതി – ഡിവിഷൻ 26 | GWD | 5,50,000/- |
| 10 | 555/16-17 | ഒല്ലൂർ സോൺ – പാറക്കളം കുഴൽ കിണർ കുടിവെള്ള പദ്ധതി – ഡിവിഷൻ 29 | GWD | 5,50,000/- |

| | | | | |
|---|---|---|---|---|
| 11 | 556/16-17 | ഒല്ലൂർ സോൺ – നയിക്കരക്കുന്ന് കുഴൽകിണർ കുടിവെള്ള പദ്ധതി – ഡിവിഷൻ 29 | GWD | 5,50,000/- |
| 12 | 557/16-17 | ഒല്ലൂർ സോൺ – ഒല്ലൂർ പുത്തൻകുളം കുടിവെള്ള പദ്ധതി – ഡിവിഷൻ 31 | KWA | 18,70,000/- |
| 13 | 563/16-17 | ഇൻഫന്റ് ജീസസ് സ്കൂൾ മുൻവശത്തുള്ള കുടിവെള്ള പദ്ധതി | GWD | 5,55,555/- |
| 14 | 637/16-17 | ഡിവിഷൻ 3 – റോസാ ബസാർ കുടിവെള്ള പദ്ധതി | KWA | 5,56,000/- |
| 15 | 649/16-17 | ഡിവിഷൻ 35 – ഗോസായിക്കുന്ന് കുടിവെള്ള പദ്ധതി | KWA | 5,50,000/- |
| 16 | 652/16-17 | ഡിവിഷൻ 15 – ശ്രേയസ്സ് നഗർ കുടിവെള്ള പദ്ധതി | KWA | 5,50,000/- |
| 17 | 661/16-17 | ഡിവിഷൻ 6 – വില്ലടം -പാട്ടുക്കാട് കുടിവെള്ള പദ്ധതി | KWA | 5,56,000/- |
| 18 | 727/16-17 | ഡിവിഷൻ 4 – റോസാ ബസാർ കോളനി കുഴൽകിണർ കുഴിച്ച് കുടിവെള്ള പദ്ധതി | KWA | 7,00,000/- |
| 19 | 599/16-17 | ഡിവിഷൻ 11- നെല്ലങ്കര – പുത്തൻവെട്ടുവഴി കൈരളി നഗറിലേയ്ക്ക് പുതിയ പൈപ്പ് ലൈൻ | KWA | 2,00,000/- |
| 20 | 469/16-17 | ഡിവിഷൻ 35 – ഗോസായിക്കുന്ന് കുടിവെള്ള പദ്ധതി | KWA | 55,000/- |
| 21 | 740/16-17 | ഡിവിഷൻ 40 – വട്ടക്കര – കൃഷ്ണപിള്ള നഗർ കുടിവെള്ള പദ്ധതി | KWA | 5,50,000/- |
| 22 | 746/16-17 | ഡിവിഷൻ 42 – കണിമംഗലംവലിയാലുക്കൽ അമ്പലം ഭാഗത്ത് കുടിവെള്ള പദ്ധതി | KWA | 11,00,000/- |
| 23 | 607/16-17 | സ്ട്രീറ്റ് ലൈറ്റും അനുബന്ധ സാമഗ്രികളും | KSEB | 97,82,057/- |

| | | | | |
|---|---|---|---|---|
| | | ആകെ | | 2,32,61,607 |

# 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-3 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 19,59,358/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 19,59,358/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പലിശ സഹിതം) | 20,86,244/- |

# 4-4 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-5 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 140,16,17,347/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120,25,94,360/- |
| നീക്കിയിരിപ്പ് | 19,90,22,987/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,78,315/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,82,97,926/- |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 1,92,710/- | ശ്രീ.വി.അച്യുതൻ,സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-19 | | 85,605/- | ഡോ.മിനി എബ്രഹാം, ആയുർവേദ മെഡിക്കൽ ഓഫീസർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക |
|---|---|
| 3-34 | 3,82,97,926/- |

ഡി)കേന്ദ്ര സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

**ഇല്ല.**

ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**ഖണ്ഡിക നം.3-27,3-33**

എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.അച്യുതൻ,സെക്രട്ടറി ഇൻ ചാർജ്ജ് | പി എ ടു സെക്രട്ടറി,ആലപ്പുഴ മുനിസിപ്പാലിറ്റി | നിർമാല്യം,ചെട്ടിയാർ പാടം,കൊടുമ്പ് പി. ഒ,<br>പാലക്കാട് |
| ഡോ.മിനി എബ്രഹാം, ആയുർവേദ മെഡിക്കൽ ഓഫീസർ | റിട്ടയർ ചെയ്തു | പക്കത്ത് ഹൌസ്, പി.ഒ.ഒല്ലൂക്കര,തൃശ്ശൂർ |

# 4-6 <u>തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ്</u>

# റിപ്പോർട്ടുകൾ

| ക്രമ നം. | വർഷം | പുറപ്പെടുവിച്ച നമ്പർ, തീയതി |
|---|---|---|
| 1. | 1991-1992 (വരവു ചെലവ്) | എൽ.എഫ്.ടി.എം. 4-223/2000 തീയതി:15.05.2000/24.07.2000 |
| 2. | 1996-1997 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-556/2006 തീയതി: 03.05.2007/22.05.2007 |
| 3. | 1997-1998 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-555/2006 തീയതി: 03.05.2007/28.05.2007 |
| 4. | 1998-1999 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-578/2007 തീയതി: 11.03.2008/24.04.2008 |
| 5. | 1999-2000 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-428/2008 തീയതി: 24.04.2009/23.05.2009 |
| 6. | 2000-2001 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-439/2008 തീയതി: 25.04.2009/29.05.2009 |
| 7. | 2001-2002 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-450/2008 തീയതി: 23.10.2009/24.11.2009 |
| 8. | 2001-2002 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-227/2005 തീയതി: 23.09.2005/30.11.2005 |
| 9. | 2001-2002 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.ആർ.സി.4-556/2003 തീയതി: 11.12.2003/04.02.2004 |
| 10. | 2002-2003 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-507/2008 തീയതി: 23.10.2009/24.11.2009 |
| 11. | 2003-2004 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-508/2008 തീയതി: 23.10.2009/24.11.2009 |
| 12. | 2003-2004 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-262/2007 തീയതി: 23.10.2007/15.12.2007 |
| 13. | 2004-2005 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-509/2008 തീയതി: 28.10.2009/24.11.2009 |
| 14. | 2004-2005 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-54/A/2008 തീയതി: 31.10.2008/29.12.2008 |
| 15. | 2005-2006 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-442/2008 തീയതി: 28.10.2009/24.11.2009 |
| 16. | 2006-2007 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-564/2009 തീയതി: 19.12.2009/19.01.2010 |
| 17. | 2007-2008 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-174/2010 തീയതി:13.07.2010/19.07.2010 |
| 18. | 2008-2009 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-133/2011 തീയതി: 24.06.2011 |

| | | |
|---|---|---|
| 19. | 2009-2010 (വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-356/2012<br>തീയതി: 20.12.2012 |
| 20. | 2010-2011(വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-314/2014<br>തീയതി: 17.11.2014/22.12.2014 |
| 21. | 2011-2012 (ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-331/2013<br>തീയതി: 19.05.2014/14.07.2014 |
| 22. | 2011-2012 (ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-35/2015<br>തീയതി: 17.09.2015/22.09.2015 |
| 23. | 2012-2013(വരവു ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-58/2015<br>തീയതി: 08.10.2015/27.10.2015 |
| 24. | 2013-2014(വരവു ചെലവ്) | കെ.എസ്.എ.ടി.എസ്.സി4-810/2015<br>തീയതി :01.07./2016 / 19.07.2016 |
| 25 | 2014-2015 (വരവു ചെലവ്) | കെ.എസ്.എ.ടി.എസ്.സി4-810/2015<br>തീയതി : .03.08.2016 |
| 26 | 2015-2016 (വരവു ചെലവ്) | കെ.എസ്.എ.ടി.എസ്.സി 4-740/2016<br>തീയതി : 25.01.2017 |

# 4-7 ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA -TSC4-808/2017

Office of the Senior Deputy Director of
Kerala State Audit Department,
Corporation Audit, Thrissur.

Dtd:30.11.2017
Ph: 0487 2443619
corptsr.ksad@kerala.gov.in.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **GENERAL SECTION** of **THRISSUR CORPORATION** in **THRISSUR** District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Act 1994, Section 295(4) of the Kerala Municipality Act 1194, the rules made there under and the guidelines issue by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

In my Opinion, the Financial Statements of **GENERAL SECTION** of **THRISSUR CORPORATION** for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT.

നം. കെ.എസ്.എ. (ടി.എസ്.സി.) 4-808/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോർപ്പറേഷൻ ഓഡിറ്റ് ഓഫീസ്,
തൃശ്ശൂർ – 680 001

തിയതി: 30.11.2017.

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ നഗരസഭയുടെ ജനറൽ വിഭാഗത്തിൻെറ 31.03.2017ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃശ്ശൂർ നഗരസഭയുടെ 2016-17 വർഷത്തെ ജനറൽ വിഭാഗത്തിൻെറ ധനകാര്യ സ്റ്റേറ്റുമെന്റ് വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ്.**